# Merry Christmas

&

*Blessed New Year*



## തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Dn. Paul Kalarickal (Geofry)
St. Thomas Church, Deepthigiri
26 December 2017, 9.30 am



Dn. Joseph Chakkulathil (Tibin)
St. Jude's Church, Amarakuni
27 December 2017, 9.30 am



Dn. Mathew Karuthedath (Rajeesh)
Holy Cross Forane Church, Nadavayal
28 December 2017, 9.30 am



Dn. Emmanuel Arackaparambil (Manu)
St. sebastian's Church, Chennalode
30 December 2017, 9.30 am



Dn. Joseph Elamkunnel (Tony)
St. Joseph's Church, Narivalamunda
2 January 2018, 9.30 am



Dn. Vincent Oravaranthara (Santhosh)
St. Mary's Church, Pathirippadam
2 January 2018, 2.00 pm

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ഡിസംബർ-2017 ലക്കം 12**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................................ 09
സർക്കുലർ ........................................................................ 13
സർക്കുലർ - സീറോമലബാർ മിഷൻവാരാചരണം ...... 16
പുരോഹിതൻ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകൻ 19
രൂപതാകച്ചേരി വാർത്തകൾ ..................................... 27
*Common Programmes in the year 2018* ............................ 30
വൈദികസമ്മേളനം റിപ്പോർട്ട് .................................. 31
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................... 33
ബൈബിൾ അപ്പോസ്റ്റലേറ്റ് ...................................... 36
മതബോധനരംഗം ....................................................... 37
ചെറുപുഷ്പമിഷൻലീഗ് ............................................... 39
*Department of Youth Ministry* ............................................ 46
കെ.സി.വൈ.എം. ........................................................ 48
കുടുംബപ്രേഷിതത്വം ................................................... 53
സീയോൻ വാർത്തകൾ................................................. 59
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 61
സാമൂഹ്യ സേവനരംഗം (WSSS) .................................... 65
റേഡിയോ മാറ്റൊലി ................................................... 70
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 77
Mary Matha Arts & Science College .................................... 79
*CEADOM* വിദ്യാഭ്യാസമേഖല ...................................... 80
ഡി.എഫ്.സി. ............................................................. 84
കത്തോലിക്കാ കോൺഗ്രസ് ........................................ 86
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 89
*Prison Ministry (Jesus Fraternity)* ..................................... 90
അറിയിപ്പുകൾ ........................................................... 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 92
ബിഷപ്സ് പ്രോഗ്രാം ................................................... 93

# സർക്കുലർ

***Circular Letter No. 06/2017***
***Prot. No. 20320/2017***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ, പ്രിയ യുവജനങ്ങളേ,

2018 ഒക്ടോബർ മാസത്തിൽ റോമിൽവെച്ച് നടക്കുന്ന ആഗോള കത്തോലിയ്ക്കാസഭയിലെ മെത്രാൻ സിനഡിന്റെ ചർച്ചാവിഷയം യുവജനങ്ങളാണ്. കത്തോലിക്കാസഭയുടെ വലിയൊരുഭാഗം യുവജനങ്ങളാണെന്നും അവരുടെ വിശ്വാസജീവിതം സഭയുടെ നിലനിൽപ്പിലും വളർച്ചയിലും ദൗത്യനിർവ്വഹണത്തിലും വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നുമുള്ള ബോധ്യമാണ് ഇപ്രകാരമൊരു വിഷയം തിരഞ്ഞെടുക്കുവാൻ പരി.പിതാവ് ഫ്രാൻസീസ് പാപ്പായെ പ്രേരിപ്പിച്ചത്. ഈ സിനഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ രൂപതയിൽ 2017 ഡിസംബർ 8 മുതൽ 2018 ഡിസംബർ 8 വരെ യുവജനവർഷമായി ആചരിക്കണമെന്നുള്ള രൂപതാ വൈദിക സമൂഹത്തിന്റേയും സന്യസ്ത സമൂഹത്തിന്റേയും പാസ്റ്ററൽ കൗൺസിലിന്റേയും അഭിപ്രായം കണക്കിലെടുത്ത് അപ്രകാരം പ്രഖ്യാപിക്കുകയാണ്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും യുവജനവർഷത്തിന്റെ ആചരണം വിപുലമായി നടത്തേണ്ടതാണ്. ഡിസംബർ 8 പരി.അമ്മയുടെ തിരുനാൾ ദിനത്തിലാണ് നാമിതു തുടങ്ങുന്നതെങ്കിലും ഔദ്യോഗികമായി തുടർന്നുവരുന്ന ഞായറാഴ്ച വി.കുർബാനമദ്ധ്യേ പ്രത്യേകമായി സജ്ജമാക്കിയ തിരിതെളിച്ചുകൊണ്ടു ആരംഭിച്ചാൽ മതിയാകുന്നതാണ്. തദവസരത്തിൽ ഇടവകയിലെ യുവജനങ്ങളുടെ സാന്നിധ്യം പ്രത്യേകമായി ഉണ്ടാകുവാൻ ബഹു. വികാരിയച്ചന്മാരും അസ്തേന്തി അച്ചന്മാരും ശ്രദ്ധിക്കുമല്ലോ.

മുൻകാലങ്ങളെ അപേക്ഷിച്ച് യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഇന്ന് വളരെ കൂടുതലാണ്. അതുപോലെതന്നെ അവയുടെ

രൂക്ഷതയും വൈവിധ്യവും വളരെ ഏറിയിട്ടുണ്ട്. സംസ്കാരങ്ങളുടെ വേഗത്തിലുള്ള മാറ്റവും ദൈവത്തെപ്പറ്റിയും ക്രൈസ്തവ ധാർമ്മികത യെപ്പറ്റിയുമുള്ള അബദ്ധധാരണകളും, വിശുദ്ധിയെക്കുറിച്ചും ക്രൈസ്തവ ജീവിതത്തെക്കുറിച്ചുമുള്ള വികല സങ്കൽപ്പങ്ങളും അവ യിൽ ചിലതു മാത്രം. പലവിധകാരണങ്ങളാൽ ആഗ്രഹിക്കുന്ന ജീവി താന്തസിലേയ്ക്ക് പ്രത്യേകിച്ച് വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശി ക്കുവാൻ കഴിയാത്ത യുവജനങ്ങളും അവരുടെ ജീവിത പ്രശ്നങ്ങളും ഗൗരവമായ വിചിന്തനത്തിന് നമ്മെ ക്ഷണിക്കുന്നു. തൊഴിലിനെക്കുറി ച്ചുള്ള വികല സങ്കൽപ്പങ്ങളും പെട്ടെന്ന് ധനികനാകാനുള്ള ശ്രമങ്ങളും അവരെക്കൊണ്ടെത്തിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല.

എവിടേയും എന്നതുപോലെ നമ്മുടെ രൂപതയിലേയും ബഹുഭൂ രിപക്ഷം യുവജനങ്ങളും പന്ത്രണ്ടാം ക്ലാസിനുശേഷം പഠനത്തിനും ജോലിക്കുമായി നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലങ്ങളിലേയ്ക്ക് പോകുന്നവരാണ്. ഈ അകൽച്ച സഭയിൽ നിന്നും ദൈവത്തിൽ നിന്നു മുള്ള അകൽച്ചയായി രൂപാന്തരപ്പെടാറുണ്ട്. ഇപ്രകാരം ദൂരെയായിരി ക്കുന്നവരെ അടുത്തേയ്ക്ക് കൊണ്ടുവരാനും അടുത്തായിരിക്കുന്നവരെ വിശ്വാസജീവിതത്തിൽ കൂടുതൽ ഊർജ്ജസ്വലരാക്കാനുമുള്ള അവസ രമാണ് യുവജനവർഷം. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും ഒറ്റയ്ക്കും കൂട്ടായും കണ്ടുമുട്ടാനും അവരോടൊപ്പം സഞ്ചരിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനും ഈ അവസരം വിനിയോഗിക്കാം. ബഹു.വൈദികരും സന്യസ്തരും മാതാപിതാക്കളും സംഘടനാ നേതൃ ത്വത്തിലുള്ളവരും മതാദ്ധ്യാപകരും എല്ലാം ഇത്തരത്തിൽ സജീവഭാഗ ഭാഗിത്വം വഹിക്കേണ്ടതാണ്.

സുവിശേഷത്തിന്റെ ആനന്ദത്തിലേയ്ക്ക് യുവജനങ്ങളെ ക്ഷണി ക്കുമ്പോൾ കർക്കശമായ പതിവുശൈലികൾ മാറ്റേണ്ടിവന്നേയ്ക്കാം. കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാൻ നാം പ്രത്യേകം ശ്രദ്ധി ക്കേണ്ടതുണ്ട്. വളരെ പ്രത്യേകിച്ച് പലതരത്തിൽ തകർന്നിരിക്കുന്നവരും പലവിധത്തിലുള്ള അടിമത്വങ്ങൾക്ക് അടിപ്പെട്ടവരുമായ യുവജനങ്ങളോ ടൊപ്പം ആയിരിക്കാൻ കഴിയുക എന്നത് പരിശുദ്ധാത്മാവിന്റെ ഒരു സവി ശേഷദാനമാണ്.

യുവജനവർഷം പ്രത്യേകമായ ഒരു മനോഭാവം എല്ലാവരിലും നിന്ന് ആവശ്യപ്പെടുന്നു. യുവജനങ്ങൾ സമൂഹത്തിന്റേയും സഭയുടേയും

ഭവനങ്ങളുടേയും ഊർജ്ജവും ഭാവിയുമാണ് എന്നുള്ള തിരിച്ചറിവ് ഈ മനോഭാവമാറ്റത്തിൽ നാം ഉൾചേർക്കണം. ആത്മാക്കളുടെ അജപാലകൻ എന്ന നിലയിൽ വൈദികർ, സന്യസ്തർ തുടങ്ങിയവർ കാരുണ്യത്തോടെയും ക്ഷമയോടെയും യുവജന ശുശ്രൂഷയിൽ ഏർപ്പെടേണ്ടതുണ്ട്. അവരുടെ പ്രയത്നങ്ങൾക്ക് താങ്ങായി നിൽക്കേണ്ടത് മാതാപിതാക്കൾ തന്നെയാണ്. തങ്ങളുടെ ഉത്തരവാദിത്വം മറ്റാരേയും ഏൽപ്പിച്ചുകൊടുക്കാൻ അവർ ശ്രമിക്കാതിരിക്കണം.

'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്' എന്ന വി.മത്തായിയുടെ സുവിശേഷത്തിലെ അഞ്ചാം അദ്ധ്യായത്തിലെ 15-ാം വചനഭാഗമാണ് ഈ വർഷത്തിലെ വിചിന്തന വിഷയം. 'യുവജനങ്ങൾ സമൂഹത്തിന്റേയും സഭയുടേയും വിളക്കും വെളിച്ചവും' എന്നാണ് യുവജനവർഷത്തിന്റെ സന്ദേശം. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഈ വചനവും ആശയങ്ങളും ഉൾക്കൊള്ളുന്ന ബാനറുകൾ ദേവാലയത്തിൽ പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും. രൂപതാകേന്ദ്രത്തിൽ നിന്ന് യുവജനവർഷത്തോടനുബന്ധിച്ച് തയ്യാറാക്കിതരുന്ന പ്രാർത്ഥന വി.കുർബാനയ്ക്കുശേഷം ദേവാലയങ്ങളിലും കുടുംബപ്രാർത്ഥനയ്ക്കുശേഷം ഭവനങ്ങളിലും സന്യാസ ഭവനങ്ങളിലും ചൊല്ലേണ്ടതാണ്. യുവജനവർഷത്തിൽ നടത്തപ്പെടേണ്ട കാര്യങ്ങളുടെ വിശദവിവരങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നു നൽകുന്നതാണ്. ഇടവകയിൽ യുവജനങ്ങളുടെ പ്രത്യേകിച്ച് കെ.സി.വൈ.എം. പ്രതിനിധികളുടെയും മറ്റുള്ളവരുടേയും പ്രാതിനിത്യം ഉറപ്പാക്കികൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ നേതൃത്വത്തിലാണ് പരിപാടികൾ ഏകോപിപ്പിക്കേണ്ടത്. യുവജനവർഷത്തിന്റെ പ്രവർത്തനങ്ങൾക്കായി ഒരു തുക പ്രത്യേകമായി ഇടവകയുടെ ഫണ്ടിൽ നിന്ന് മാറ്റി വെയ്ക്കേണ്ടതാണ്. അതുപോലെ യുവജനസംഘടനയായ കെ.സി.വൈ.എമ്മിന്റെ യൂണിറ്റുകൾ എല്ലാ ഇടവകയിലും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. യുവജനങ്ങളെ സംബന്ധിച്ച നടത്താനായി രൂപതാകേന്ദ്രത്തിൽ നിന്ന് തരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഒരു സർവ്വേ നടത്തുകയും യുവജനങ്ങളെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു കൺവെൻഷൻ എല്ലാ ഇടവകയിലും നടത്തപ്പെടുകയും ചെയ്യണം. ഈവിധത്തിലുള്ള ഒരു കൺവെൻഷൻ 2018 ഒക്ടോബർ മാസം 18-21 തീയതികളിലായി രൂപതാ തലത്തിലും വിഭാവനം ചെയ്യുന്നുണ്ട്.

യുവജന വർഷത്തിന്റെ വിജയത്തിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കുകയും സുവിശേഷത്തിന്റെ സന്തോഷത്തിലേയ്ക്ക് എല്ലാ യുവജനങ്ങളും വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാം. നമ്മുടെ അമ്മയായ പരി. കന്യകാമാതാവിനും യുവജനവർഷത്തിന്റെ പ്രത്യേക മധ്യസ്ഥനായ വി.ജോൺപോൾ പാപ്പായ്ക്കും എല്ലാ യുവജനങ്ങളേയും നിങ്ങളെ ഓരോരുത്തരേയും ഭരമേൽപ്പിച്ചിരിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 നവംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഡിസംബർ മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 07/2017***
***Prot. No. 20321/2017***

കർത്താവിൽ സ്നേഹിക്കപ്പെട്ടവരേ,

ക്രൈസ്തവ സഭാ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം കൊടുത്ത് ചെയ്തുപോരുന്ന ഒന്നാണല്ലോ കുടുംബപ്രേഷിതത്വം, അതിന്റെ കാരണം മറ്റൊന്നുമല്ല, കുടുംബമാണ് സഭയുടെയും സമൂഹത്തിന്റെയുമെല്ലാം അടിസ്ഥാന ശില. കുടുംബങ്ങൾ ശിഥിലമായാൽ സഭയും സമൂഹവും ശിഥിലമാകുമെന്നത് നിസംശയമാണ്. പാശ്ചാത്യനാടുകളിൽ ഇത് നാം ഏറെ കാലമായി കാണുന്നതാണ്. ആ സംസ്കാരത്തിന്റെ സ്വാധീനം നമ്മുടെ സമൂഹത്തിലും വേരൂന്നിക്കഴിഞ്ഞിരിക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. അവയുടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ മനസിലാക്കി നാം അടിയന്തിര ശ്രദ്ധ ചെലുത്തി കുടുംബങ്ങൾക്ക് അജപാലന പദ്ധതികളിൽ പ്രാമുഖ്യം കൊടുക്കേണ്ടതാണ്. മാറിവരുന്ന സാഹചര്യങ്ങളിൽ അജപാലന ശൈലികളിലും മാറ്റം വരുത്താൻ തയ്യാറാകേണ്ടതുണ്ട്. അല്ലാതെ വന്നാൽ അവ സ്വീകരിക്കപ്പെടണമെന്നില്ല, ഫലവത്താവുകയുമില്ല.

കുടുംബത്തിന്റെ ഭദ്രതയും കത്തോലിക്കാ ധാർമ്മികതയും പുതുതായി രൂപം കൊള്ളുന്ന കുടുംബങ്ങളിലും വേരുപിടിക്കണം എന്ന ചിന്തയിലാണല്ലോ നമ്മുടെ സഭയിൽ വിവാഹത്തിനൊരുക്കമായിട്ടുള്ള കോഴ്സുകൾ നിർബന്ധമാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ രൂപതയിലും സ്തുത്യർഹമായ രീതിയിൽ അത് നടക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള നിർബന്ധബുദ്ധി ചിലർക്കെങ്കിലും അരോചകമായും അടിച്ചേൽപ്പിക്കലായും തോന്നാവുന്നതാണ് എന്നതും വസ്തുതയാണ്. പക്ഷേ സഭാസംവിധാനങ്ങൾ കേവലം സർക്കാർ രജിസ്ട്രാഫീസുകൾ പോലെ പ്രവർത്തിച്ചാൽ എന്താണോ സഭയിലൂടെ ലക്ഷ്യമാക്കുന്നത് അത് സാധിതമാവുകയില്ലല്ലോ. വിവാഹിതരാകാൻ പോകുന്ന യുവതിയുവാക്കളും മാതാപിതാക്കളും മറ്റും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. എത്ര സമയമില്ലെങ്കിലും വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ നിർബന്ധമായും കൂടിയിരിയ്ക്കും എന്ന് തീരു

മാനിക്കേണ്ടതുണ്ട്. വിവാഹത്തിനൊരുക്കമായിട്ടുള്ള കോഴ്സുകൾ നടത്തുന്നത് രൂപതയുടെ കുടുംബപ്രേഷിത വിഭാഗത്തിന്റെ നേതൃത്വത്തിലാണ്. വൈദികരും സന്യസ്തസഹോദരീസഹോദരന്മാരും അത്മായ വിദഗ്ദരുമെല്ലാം ഇതിൽ സഹകരിക്കുന്നുണ്ട്. എല്ലാവരേയും നന്ദിപൂർവ്വം ഇവിടെ സ്മരിക്കുന്നു.

ഇത്രയുംകാലം ഈ കോഴ്സുകളിൽ പങ്കെടുത്തിരുന്നത് വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾ മാത്രമായിരുന്നു. എന്നാൽ അതുകൊണ്ടുമാത്രം അവരുടെ വിവാഹജീവിതം ശുഭമാകണമെന്നില്ല എന്ന തിരിച്ചറിവും ഇത്രയുംകാലത്തെ അനുഭവത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. മാതാപിതാക്കളും തങ്ങളുടെ മക്കൾ പങ്കെടുക്കുന്ന കോഴ്സുകളിൽ കുറച്ചുസമയത്തേക്കെങ്കിലും പങ്കെടുക്കണമെന്ന ആശയം പല വേദികളിൽ നിന്നും ഈയിടയായി ഉയർന്നുവരാൻ കാരണം ഈ തിരിച്ചറിവുതന്നെയാണ്. മക്കളുടെ ഭാവി ദാമ്പത്യജീവിതം ഭംഗിയാക്കുന്നതിൽ മാതാപിതാക്കൾക്കും വലിയ പങ്കുണ്ടല്ലോ. "ജന്മം നൽകുകയും പാലിക്കുകയും ചെയ്യുക മാത്രമല്ല മക്കളെ സുവിശേഷവത്ക്കരിക്കുക എന്നതും മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. മക്കൾക്ക് പ്രായപൂർത്തിയാകുമ്പോൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട ജോലിയും ജീവിതാവസ്ഥയും തിരഞ്ഞെടുക്കാൻ അവർക്ക് അവകാശമുണ്ട്. അവർ ഈ പുതിയ ഉത്തരവാദിത്വങ്ങൾ മാതാപിതാക്കളോടുള്ള വിശ്വാസപൂർവ്വകമായ ബന്ധത്തിൽ അവരുടെ ഉപദേശവും ആലോചനയും സന്മനസോടെ ചോദിച്ചും സ്വീകരിച്ചും ഏറ്റെടുക്കണം" എന്നതാണ് കത്തോലിയ്ക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC 2230) ഓർമ്മപ്പെടുത്തുന്നത്. അതുപോലെതന്നെ നമ്പർ 2218 ൽ ഇപ്രകാരം പറയുന്നു: ഇതിന് ഇരുകൂട്ടരും ഒരുമിച്ചുള്ള ചർച്ചകളും പഠനങ്ങളും സഹായിക്കും. വിവാഹിതരായ മക്കൾക്ക് നൽകുന്ന സ്ഥാനം, സ്വാതന്ത്ര്യം, അവകാശങ്ങൾ മുതലായവ യഥാവിധി കൃത്യസമയത്ത് നൽകാൻ മാതാപിതാക്കൾ തയ്യാറാകണം. പ്രായപൂർത്തിയായ മക്കൾ മാതാപിതാക്കളുടെ ഉപദേശം സ്വീകരിക്കുകയും വാർദ്ധക്യത്തിലും രോഗാവസ്ഥയിലും ഏകാന്തതകളിലും അസ്വസ്ഥതകളിലും അവർക്ക് തങ്ങളാൽ കഴിയുംവിധം ഭൗതികവും ധാർമ്മികവുമായ സഹായം നൽകുകയും വേണം.


മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ മക്കൾ പങ്കെടുക്കുന്ന വിവാഹഒരുക്ക കോഴ്സുകളിൽ ഏതാനും മണിക്കൂറുകൾ അവരുടെ മാതാപിതാക്കളും പങ്കെടുത്ത് ഒരുങ്ങണമെന്ന് നമ്മുടെ സഭയിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പരിശീലന പദ്ധതികളും തയ്യാറായിക്കഴിഞ്ഞു. ഈ പദ്ധതി നമ്മുടെ രൂപതയിലും 2018 ജനുവരി മുതൽ നടത്തപ്പെ

ടുന്ന കോഴ്സുകളോടൊപ്പം ആരംഭിക്കുകയാണ്. തങ്ങളുടെ മക്കൾ പങ്കെടുക്കുന്ന വിവാഹ ഒരുക്ക കോഴ്സിന്റെ അവസാന ദിവസം അവരുടെ മാതാക്കളും പിതാക്കളും കോഴ്സ് നടക്കുന്ന സ്ഥലത്തെത്തുകയും അവർക്കായുള്ള ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്യണം. അതോടുകൂടിയെ മക്കളുടെ ഒരുക്കകോഴ്സ് പൂർത്തിയാവുകയും വിവാഹത്തിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുകയുള്ളൂ എന്ന് ഓർമ്മപ്പെടുത്തട്ടെ.

എല്ലാവർക്കും ഒരുപോലെ മേൽപ്പറഞ്ഞ കാര്യം എളുപ്പമാകണമെന്നില്ല എങ്കിലും മക്കളുടെ നന്മയെ പ്രതി ഈ സഹനം ഏറ്റെടുക്കാൻ തയ്യാറാകണം എന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. തങ്ങളുടെ മക്കളെ കുടുംബ ജീവിതത്തിനൊരുക്കി അവരോടൊപ്പം ഒരുങ്ങി പ്രാർത്ഥിച്ച് ദൈവകൃപനേടി അനുഗ്രഹീതരാകാനും ലഭിക്കുന്ന അസുലഭ അവസരമായി ഏവർക്കും ഇതിനെ കാണാൻ കഴിയട്ടെ എന്ന് ഞാനാശംസിക്കുന്നു. എല്ലാ മാതാപിതാക്കളുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഡിസംബർ മാസം 17-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

*Prot. No. 1937/2017*

# സീറോ മലബാർ മിഷൻ വാരാചരണം–സർക്കുലർ

## (2018 ജനുവരി 6–12)

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് **കർദിനാൾ ജോർജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഈശോയുടെ ദനഹാതിരുനാളായ ജനുവരി 06 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. 'നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേലചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരമായിട്ടാണ് പ്രേഷിത വാരത്തെ സഭ വീക്ഷിക്കുന്നത്.

'സഭ സ്വഭാവത്താലെ പ്രേഷിതയാണ്' (AG 2) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനത്തോട് ചേർന്നുപോകുന്ന രീതിയിൽ സീറോ മലബാർ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശിഷ്യ, ഭാരതത്തിന്റെ വിവിധ കോണുകളിൽ സുവിശേഷചൈതന്യം നിറയ്ക്കുവാനായി ബദ്ധശ്രദ്ധയാണ്. എന്തെന്നാൽ നമ്മുടെ സഭയുടെ പ്രധാന ദൈവവിളിതന്നെ പ്രേഷിതപ്രവർത്തനമാണെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നു. നമ്മിലുള്ള പ്രേഷിതതീക്ഷ്ണതയുടെ കനലുകൾ ഇനിയും നമ്മൾ ഊതികത്തിക്കേണ്ടിയിരിക്കുന്നു. അതിന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മിലും സഭയിലും കൂടുതലായി വർഷിക്കപ്പെടുവാൻ തുടർന്നും പ്രാർത്ഥിക്കണം.

യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. അവരുടെ ഭാവനാശക്തിയും സർഗ്ഗാത്മകതയും പ്രേഷിതപ്രവർത്തനത്തിനായി പ്രയോ

ജനപ്പെടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. യുവാവായ ഈശോ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. 2018-ൽ റോമിൽവച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയവും യുവജനങ്ങൾതയൊണ് എന്നത് യുവജനങ്ങളിൽ സഭ എത്രമാത്രം പ്രത്യാശയും പ്രതീക്ഷയും അർപ്പിക്കുന്നു എന്നതിനുള്ള തെളിവാണ്. 'യുവജനം: വിശ്വാസവും വിളിയെക്കുറിച്ചുള്ള തിരിച്ചറിയലും 'എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള സിനഡിന്റെ വിജയത്തിനും ഫലദായകത്വത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം'.

എറണാകുളം അതിരൂപതയിൽ പുല്ലുവഴി എന്ന ഗ്രാമത്തിൽ ജനിച്ച സി. റാണിമരിയ പ്രേഷിതപ്രവർത്തനത്തിന്റെ ഉദാത്തമാതൃകയാണ്. 1992 ഫെബ്രുവരി 25-ന് സാമന്തർസിംഗ് എന്ന വാടകകൊലയാളിയാൽ ഇൻഡോറിലെ ഉദയനഗറിൽ രക്തസാക്ഷിത്വം വരിച്ച സിസ്റ്ററിന്റെ വീരോചിതമായ ഉപവിപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാനും അനേകരെ ക്രിസ്തുവിലേക്ക് ആനയിക്കുവാനും ഇടയാക്കി. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹമായിരുന്നു അവളുടെ പ്രേഷിതപ്രവർത്തനത്തനങ്ങളുടെ അന്തഃസത്തയായി പ്രവർത്തിച്ചത്. സിസ്റ്ററിന്റെ പ്രേഷിതതീക്ഷ്ണതയും ആത്മത്യാഗവും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രേഷിതവേലചെയ്യുന്ന സമർപ്പിതർക്ക് ശക്തിയും കരുത്തും പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷത്തിലാണല്ലോ നമ്മൾ. ഈ അവസരത്തിൽ നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനവും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അധികാരം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നുവെന്നത് ഇരട്ടി സന്തോഷത്തിന് കാരണമാണ്. പുതിയതായി ലഭിച്ചിരിക്കുന്ന അജപാലന-സുവിശേഷ പ്രഘോഷണാധികാരം ഭാരതം മുഴുവനും സുവിശേഷം പ്രഘോഷിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ സഭയുടെ വളർച്ചക്കും ഉന്നമനത്തിനുംവേണ്ടി 'ഒന്നായി മുന്നോട്ട്' നീങ്ങുവാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. സഭാമക്കൾ കൂടുതൽ പ്രേഷിതതീക്ഷണയോടെ പ്രവർത്തിക്കുവാനും

കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും മിഷൻചൈതന്യത്തിൽ ജീവിക്കുവാനും നമുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

**NB:** 1. 2017 ഡിസംബർ 31–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. 'ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏൽപിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2018 ഫെബ്രുവരി 28–ന് മുമ്പായി എത്തിക്കേണ്ടതാണ്.

# പുരോഹിതൻ: രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകൻ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: മർക്കോ 14,1–72)**

വി. മർക്കോസിന്റെ സുവിശേഷം 14 ഉം 15 ഉം അദ്ധ്യായങ്ങളാണ് ഈശോയുടെ പീഡാനുഭവവിവരണം നല്കുന്നത്. ഇതിൽ 14–ാം അദ്ധ്യായമാണ് നാമിവിടെ ചിന്താവിഷയമാക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിലെ ഏറ്റവും വലിയ അദ്ധ്യായമാണ് ഇത്. ഈശോയെ വധിക്കാനുള്ള തീരുമാനത്തിൽ യഹൂദനേതൃത്വം എത്തി എന്നും, അതിനുള്ള സമയവും സാഹചര്യവും ഒത്തുകിട്ടാൻ അവർ കാത്തിരിക്കുകയുമായിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത് (14:1–2). ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും മനുഷ്യനോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലിന്റെ നിർണ്ണായകനിമിഷങ്ങളായിരുന്നു. ഈ സ്നേഹത്തിന്റെ ശുശ്രൂഷകരാകുവാനുള്ളവരുടെ വിളിയുടെ വിവിധ വശങ്ങളെ വ്യക്തമാക്കുവാൻ പോരുന്ന വിധത്തിലാണ് ഈ 14–ാം അദ്ധ്യായത്തിലെ സംഭവങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

ബഥാനിയായിലെ തൈലാഭിഷേകം (14:3–9), പെസഹാചരണവും ഉടമ്പടിയും (14:12–26), ഗത്സെമനിയിലെ പ്രാർത്ഥന (14:32–42), യൂദാസിന്റെ ഒറ്റിക്കൊടുക്കൽ (14:43–52), ന്യായാധിപസംഘത്തിന്റെ മുമ്പിലുള്ള വിചാരണയും പത്രോസിന്റെ തള്ളിപ്പറയലും (14:53–72) എന്നീ അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗം നമുക്ക് ധ്യാനവിഷയമാക്കാം.

**1. പരമാവധി സ്നേഹത്തിന്റെ ശുശ്രൂഷകൻ**

"*ഈശോ പറഞ്ഞു: ഇവളെ സ്വൈര്യമായി വിടുക, എന്തിന് ഇവളെ വിഷമിപ്പിക്കുന്നു? ഇവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു. ... ഇവൾക്കു സാധിക്കുന്നത് ഇവൾ ചെയ്തു. എന്റെ സംസ്കാരത്തിനുവേണ്ടി ഇവൾ എന്റെ ശരീരം മുൻകൂട്ടി തൈലം പൂശുകയാണു ചെയ്തത്. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: ലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും*" (14:6. 8–9).

നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവ

മാണ് ബഥാനിയായിലെ തൈലാഭിഷേകം. മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളിൽ ഈ സംഭവം നടന്നത് ബഥാനിയായിലെ കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിലാണ്. ലൂക്കായുടെ സുവിശേഷത്തിൽ ഇത് അരങ്ങേറിയത് ശിമയോൻ എന്നു പേരുള്ള ഒരു ഫരിസേയന്റെ വീട്ടിലാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഈ തൈലാഭിഷേകം നടന്നത് ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനത്തിലായിരുന്നു. അത് സംഭവിച്ചത് ലാസറിനെ ഉയർപ്പിച്ചതിനുശേഷമായിരുന്നുതാനും. ഇതുതന്നെയാകാനാണ് ചരിത്രപരമായി സാദ്ധ്യതയുള്ളത്. ശിരസ്സിൽ തൈലം പൂശുക എന്നത് ആതിഥേയ മര്യാദയുടെ ഒരു പ്രകാശനമായിരുന്നു. തന്റെ സഹോദരനായ ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതിനുള്ള നന്ദിപ്രകാശനമായിവേണം ഈ തൈലാഭിഷേകത്തെ നാം കാണുവാൻ. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പാദങ്ങളാണ് അവൾ തൈലംകൊണ്ടു പൂശുന്നത് (യോഹ 12:3). ഇതു മിശിഹായുടെ മൃതസംസ്കാരത്തോട് ഈ തൈലാഭിഷേകത്തെ ബന്ധിപ്പിക്കുവാനുള്ള ശ്രമമാണ്. അത് ഈശോ എടുത്തുപറയുന്നുമുണ്ട്: "എന്റെ സംസ്കാരത്തിനുവേണ്ടി ഇവൾ എന്റെ ശരീരം മുൻകൂട്ടി തൈലംപൂശുകയാണു ചെയ്തത്" (14:8).

യഹൂദരുടെ പാരമ്പര്യമനുസരിച്ച് മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശിയാണ് സംസ്കരിച്ചിരുന്നത്. എന്നാൽ താൻ മരിക്കുമ്പോൾ തനിക്കത് ലഭിക്കുകയില്ലെന്നാണ് പ്രവചനരൂപത്തിൽ ഈശോ പറയുന്നത്. ഈശോയുടെ മരണത്തെപ്പറ്റിയുള്ള ബോധപൂർവകമല്ലാത്ത ഒരു പ്രവചനമായിരുന്നു അത്. ഈശോയുടെ രക്ഷാകരസ്നേഹമാണല്ലോ അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും വെളിപ്പെടുത്തപ്പെട്ടത്. ദൈവത്തിനു മനുഷ്യനോടുള്ള രക്ഷാകരസ്നേഹം പരമാവധിസ്നേഹമാണ് (maximalism of love). തനിക്ക് ഏറ്റം വിലപ്പെട്ടത്, തന്റെ ഏകപുത്രനെത്തന്നെ, നല്കി ദൈവം മനുഷ്യനെ സ്നേഹിച്ചു (യോഹ 3:16). അതുകൊണ്ട് മനുഷ്യനും അതിന് ആനുപാതികമായി ദൈവത്തെ സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. മുന്നൂറിലധികം ദനാറ വിലയുള്ള തൈലം പാഴാക്കിക്കളഞ്ഞെന്ന പേരിൽ ശിഷ്യർ അവളെ കുറ്റപ്പെടുത്തിയപ്പോൾ ഈശോ അവളെ നീതികരിക്കുന്നത് (14:4-6) മനുഷ്യരിൽനിന്ന് ദൈവം പരമാവധിസ്നേഹം പ്രതീക്ഷിക്കുന്നു എന്നതിന്റെ അടയാളമാണ്. രക്ഷാകരസ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നിടത്തെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും (14:9) എന്ന് ഈശോ പറഞ്ഞ വാക്കുകളും പരമാവധി സ്നേഹത്തിന്റെ ശ്രേഷ്ഠതയെ സൂചിപ്പിക്കുന്നുണ്ട്.

അജപാലനശുശ്രൂഷയിൽ ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ഒരു 'മിനിമ ലിസ'ത്തിൽ കഴിയാനുള്ള പ്രലോഭനമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ആ പ്രലോഭനത്തിന് അടിമപ്പെടാതെ, മിശിഹായുടെ പരമാവധിസ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഓരോ പുരോഹിതനും വിളിക്കപ്പെട്ടിരിക്കുന്നു.

**2. രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകൻ**

"*അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, അവർക്കു നല്കിക്കൊണ്ട് അരുൾച്ചെയ്തു: ഇതു സ്വീകരിക്കുവിൻ; ഇതെന്റെ ശരീരമാണ്. അനന്തരം, പാനപാത്രമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, അവർക്കു നല്കി. എല്ലാവരും അതിൽനിന്നു പാനം ചെയ്തു. അവൻ അവരോട് അരുൾച്ചെയ്തു: ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്*" (14:22-24).

പീഡാനുഭവത്തിലൂടെ പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകരസ്നേഹം തൈലാഭിഷേകത്തിലൂടെ പ്രഖ്യാപിച്ചതിനുശേഷം ആ സ്നേഹത്തിന്റെ നിതാന്തസ്മാരകമായ പരിശുദ്ധ കുർബാനസ്ഥാപന വിവരണമാണ് സുവിശേഷകൻ നല്കുന്നത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിലാണ് പരിശുദ്ധ കുർബാനസ്ഥാപനവിവരണം. പെസഹാഭക്ഷണത്തിനുള്ള ഒരുക്കവും (14:12-16), അതേത്തുടർന്ന്, കുർബാനസ്ഥാപനവും (14:22-26) ആണ് മർക്കോസ് വിവരിക്കുന്നത്. പെസഹാ അത്താഴം കഴിക്കുന്നതിനുള്ള സ്ഥലം ഈശോ ശിഷ്യന്മാരെ വിട്ട് ഒരുക്കുന്നു. മാളികമുറി അഥവാ 'സെനക്കിൾ' എന്നറിയപ്പെടുന്ന ഈ സ്ഥലം പുതിയനിയമത്തിലെ വളരെ പ്രധാനപ്പെട്ട പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. കുർബാനസ്ഥാപനം, ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണം, പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താദിന ആഗമനം, ആദിമക്രൈസ്തവസംഗമങ്ങൾ (നട12:12) തുടങ്ങിയ സംഭവങ്ങൾ അരങ്ങേറിയത് ഇവിടെയായിരുന്നുവെന്നാണ് പരമ്പരാഗതമായി കരുതപ്പെട്ടിട്ടുള്ളത്. ഈ മാളികമുറിക്കു ചുറ്റുമുള്ള സ്ഥലം ജറുസലേമിലെ സിയോൻ ഭാഗത്താണ് സ്ഥിതി ചെയ്തിരുന്നത്. അതായിരുന്നു ശ്ലീഹന്മാരുടെയും ആദിമസഭയുടെയും കേന്ദ്രസ്ഥാനം.

ഈ സെനക്കിളിൽ വച്ചാണ് ഈശോ ബലിയും കൂദാശയുമായി പരിശുദ്ധ കുർബാന സ്ഥാപിച്ചത്. കുരിശിൽ അർപ്പിച്ച ബലിയുടെ മുന്നോടിയായി തന്റെ അത്താഴവിരുന്നിലെ അപ്പവും വീഞ്ഞും തന്റെ ശിഷ്യന്മാർക്കു പങ്കിട്ടുനല്കിക്കൊണ്ട് അതു തന്റെ ശരീരവും രക്തവുമാണെന്നും, അവ അവർ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യണ

മെന്നും കല്പിച്ചുകൊണ്ടാണ് ഇത് ഈശോ നിർവഹിച്ചത് (14:22-24). ജറുസലേം ദൈവാലയത്തിൽ പെസഹാത്തിരുനാളിനോടനുബന്ധിച്ച് പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. അതിന്റെ സ്ഥാനത്താണ് ഈശോ കുരിശാകുന്ന ബലിപീഠത്തിൽ തന്റെ ശരീരവും രക്തവും മനുഷ്യകുലത്തിന്റെ പാപമോചനാർത്ഥം അർപ്പിച്ചത്. ആ ബലിയർപ്പണം ഒരു അനുസ്മരണവും ആഘോഷവുമായി തുടരാൻവേണ്ടിയാണ് തന്റെ ബലിയർപ്പണത്തിന്റെ തലേനാൾ അത് ഒരു കൂദാശയായി ഈശോ സ്ഥാപിച്ചത്. ഈശോയുടെ ജീവിതബലിയർപ്പണം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെയും പ്രവർത്തനത്തിന്റെയും പൂർത്തീകരണമായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാകരസ്നേഹം ഇന്ന് നമ്മുടെ മദ്ധ്യേ സന്നിഹിതമാകുന്ന ഏറ്റം വലിയ വേദിയാണ് പരിശുദ്ധ കുർബാനയർപ്പണം. ഈ സ്നേഹത്തിന്റെ കൂദാശ മനുഷ്യരുടെ മദ്ധ്യേ പരികർമ്മം ചെയ്യുന്ന പുരോഹിതൻ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനായിരിക്കണം.

**3. രക്ഷാകരസ്നേഹശുശ്രൂഷയിൽ നിലനില്ക്കുന്നവൻ**

"*അവൻ അവരോടു പറഞ്ഞു: എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ. അവൻ അല്പനേരം മുന്നോട്ടുചെന്ന്, നിലത്തുവീണ്, സാധ്യമെങ്കിൽ ആ മണിക്കൂർ തന്നെ കടന്നുപോകട്ടെ എന്നു പ്രാർത്ഥിച്ചു. അവൻ പറഞ്ഞു: ആബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം*" (14:34-36).

ഗത്സെമനിയിലെ ഈശോയുടെ പ്രാർത്ഥനയാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഈശോ തന്റെ ജീവിതത്തിൽ നേരിട്ട ഏറ്റവും വലിയ പ്രലോഭനമാണ് ഈ പ്രാർത്ഥനാരംഗം. അവിടുത്തെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മരുഭൂമിയിൽ അവിടുന്ന് പിശാചിനാൽ പരീക്ഷിക്കപ്പെട്ടു (മർക്കോ 1:12-13). പിതാവു പറഞ്ഞ വഴിയല്ലാതെ, പിശാച് ആകർഷണീയമെന്ന് ചൂണ്ടിക്കാണിക്കുന്ന വഴിയെ താൻ പോകുകയില്ലെന്ന് അവിടുന്ന് അന്ന് വ്യക്തമാക്കി. അനുയോജ്യമായ മറ്റൊരു അവസരം വരുന്നതുവരെ പിശാച് ഈശോയെ പരീക്ഷിക്കുന്നതിൽനിന്നും വിട്ടുപോയി എന്നാണ് ലൂക്കാ 4:13 ൽ പറയുന്നത്. ആ പ്രലോഭനത്തിന്റെ സമയമായി ഈ അവസരത്തെ കണക്കാക്കാം. തന്റെ കുരിശുമരണത്തിലൂടെ രക്ഷാകരസ്നേഹം വെളിപ്പെടുത്തുവാനുള്ള പിതാവിന്റെ ഹിതം സ്വീകരിക്കണമോ വേണ്ടയോ എന്നതാണ് പ്രലോഭനം. തനിക്കു തന്നിരിക്കുന്ന മരണവേദനയാകുന്ന പാനപാത്രം

മാറ്റിക്കൊടുക്കാമോ എന്നാണ് ഈശോ പ്രാർത്ഥിക്കുന്നത്. മാറണമെന്ന് ഒരു നിമിഷം തോന്നിയെങ്കിലും ഉടൻതന്നെ താൻ ആഗ്രഹിക്കുന്നതു പോലെയല്ല, മറിച്ച് പിതാവ് ആഗ്രഹിക്കുന്നതുപോലെ സംഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈശോ തന്റെ അവസാനത്തെ പ്രലോഭന ത്തെയും കീഴ്പ്പെടുത്തി (14:36).

ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനെന്ന നില യിൽ ദൈവികമായ സ്നേഹത്തിൽ നിലനില്ക്കുവാനും സ്വന്തമായ താല്പര്യങ്ങൾ ത്യജിച്ച് നിരന്തരം സ്നേഹശുശ്രൂഷയാകുന്ന കുരിശെ ടുക്കുവാനും വിളിക്കപ്പെട്ടവനും നിയോഗിക്കപ്പെട്ടവനുമാണ് പുരോഹി തൻ. ശുശ്രൂഷയ്ക്കായി നിയമിക്കപ്പെടുന്ന സ്ഥലകാലസാഹചര്യങ്ങളിൽ ദൈവഹിതത്തിനനുസൃതമായി ഈ രക്ഷാകരസ്നേഹശുശ്രൂഷ നിർവ ഹിക്കുവാൻ പുരോഹിതനു കഴിയണം. ഇതു പലപ്പോഴും ബുദ്ധി മുട്ടായും ക്ലേശപൂർണമായും അനുഭവപ്പെടാം. അങ്ങനെയുള്ള സന്ദർഭ ങ്ങളിൽ ഈശോയെപ്പോലെ പ്രാർത്ഥനയിലൂടെ ദൈവഹിതം സ്വീക രിച്ച് സ്നേഹശുശ്രൂഷയിൽ മുന്നേറുവാൻ പുരോഹിതനു കഴിയണം. “നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ” (14:34), “പ്രലോഭനത്തിൽ അക പ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ” (14:38) എന്നുള്ള ഈശോയുടെ വാക്കുകൾ എല്ലാ പുരോഹിതർക്കുമുള്ള ഈശോയുടെ മുന്നറിയിപ്പായി കരുതണം. അതുപോലെതന്നെ പ്രാർത്ഥന ദൈവഹിതം അറിയുവാനും സ്വീകരിക്കുവാനുമുള്ള ഒരു അവസരമാക്കി മാറ്റണം. അപ്രകാരം പ്രാർത്ഥനാജീവിതം നയിക്കുന്നവർക്കാണ് രക്ഷാകരസ്നേ ഹശുശ്രൂഷയിൽ നിലനില്ക്കുവാൻ കഴിയുന്നത്.

**4. രക്ഷാകരസ്നേഹത്തിൽ വിശ്വസിക്കുന്നവൻ**

“*അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് അവിടെയെത്തി. അവനോടുകൂടെ പ്രധാന പുരോഹിതന്മാരുടെയും നിയമജ്ഞരുടെയും ജനപ്രമാണികളുടെയും അടുത്തുനിന്നു വാളും വടിയുമായി ഒരു ജനക്കൂട്ടവും വന്നിരുന്നു. ഒറ്റു കാരൻ അവർക്ക് ഒരടയാളം നല്കിയിരുന്നു; ഞാൻ ആരെ ചുംബിക്കു ന്നുവോ അവൻ തന്നെ. അവനെ പിടിച്ച് സുരക്ഷിതമായി കൊണ്ടുപൊ യ്ക്കൊള്ളുക. അവൻ ഈശോയെ സമീപിച്ച്, ഗുരോ! എന്നു വിളിച്ചു കൊണ്ട് അവനെ ഗാഢമായി ചുംബിച്ചു. അപ്പോൾ അവർ അവനെ പിടിച്ചു ബന്ധിച്ചു*” (14:43-46).

യൂദാസ് സ്കറിയോത്താ ഈശോയെ ഒറ്റിക്കൊടുക്കുന്ന സംഭവ മാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. ജനങ്ങളുടെ എതിർപ്പിനും പ്രക്ഷോഭത്തിനും ഇടനല്കാതെ ഈശോയെ പിടിച്ചു ബന്ധിക്കാനുള്ള

സൗകര്യം ഒരുക്കണമെന്നതായിരുന്നു യൂദാസിന്റെ ദൗത്യം. അത് രാത്രിയുടെ നിശ്ചലനിമിഷങ്ങളിൽ ജനവാസമില്ലാത്ത ഒലിവുമലയുടെ താഴ്‌വരയിൽ യൂദാസ് നിർവഹിക്കുകയാണ്. കൂടെ വന്നവർക്ക് ഈശോയെ പരിചയമില്ലാതിരുന്നതുകൊണ്ട് ഈശോയെ തിരിച്ചറിയാൻവേണ്ടി താൻ അവിടുത്തെ ചുംബിക്കുമെന്നും, അപ്പോൾ ഉടനെതന്നെ അവിടുത്തെ പിടിച്ച് സുരക്ഷിതമായി കൊണ്ടുപോകണമെന്നുമായിരുന്നു യൂദാസ് അവരെ പറഞ്ഞേല്പ്പിച്ചിരുന്നത്. സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമായി നല്കിയിരുന്ന ചുംബനമാണ് വഞ്ചനയുടെയും ചതിയുടെയും സ്വാർത്ഥതയുടെയും ദ്രവ്യാഗ്രഹത്തിന്റെയുമെല്ലാം പ്രതീകമായി യൂദാസ് പ്രയോഗിക്കുന്നത്. യൂദാസ് നല്കിയിരുന്ന അടയാളം കണ്ടപ്പോൾത്തന്നെ കൂടെയുണ്ടായിരുന്ന ആയുധധാരികൾ ഈശോയെ പിടിച്ചു ബന്ധിച്ചു.

ഈശോ പ്രത്യേകമായി വിളിച്ച്, തന്റെ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽപ്പെടുത്തുകയും തന്നോടൊപ്പം മൂന്നു വർഷത്തോളം ജീവിത പങ്കാളിത്തം നല്കി അനുഗ്രഹിക്കുകയും ചെയ്ത യൂദാസ് എപ്രകാരം ഇത്തരത്തിലുള്ള വഞ്ചകന്റെ തലത്തിലേക്ക് താഴ്ന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള അധഃപതനത്തിനു കാരണമായത് യൂദാസിന്റെ വിശ്വാസമില്ലായ്മയാണ്. യൂദാസിന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ച് ഈശോ മുൻകൂട്ടി പ്രവചിച്ചിരുന്നല്ലോ: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: എന്നോടൊപ്പം ഭക്ഷണം കഴിക്കുന്ന നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കും" (14:18). യോഹന്നാന്റെ സുവിശേഷത്തിലും ഇപ്രകാരമുള്ള ഒരു പ്രവചനമുണ്ട്: "ഈശോ അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ, നിങ്ങളിലൊരുവൻ പിശാചാണ്. അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ പന്ത്രണ്ടു പേരിലൊരുവനായ അവനാണ് ഈശോയെ ഒറ്റിക്കൊടുക്കാനിരുന്നത്" (യോഹ 6:70-71). യൂദാസ് ഇപ്രകാരം ഒറ്റിക്കൊടുക്കുവാൻ കാരണമായത് അയാളുടെ വിശ്വാസമില്ലായ്മയാണെന്ന് ആ സന്ദർഭത്തിൽ ഈശോതന്നെ പറയുന്നുണ്ട്: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യംമുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6:64). ബാഹ്യമായി ഈശോയുടെ ശിഷ്യത്വത്തിൽ വ്യാപരിക്കുകയും ഹൃദയംകൊണ്ട് ഈശോയെ അനുഗമിക്കാതിരിക്കുകയും ചെയ്തതുകൊണ്ടാണ് യൂദാസ് ഇപ്രകാരം അധഃപതിച്ചത്. ഈശോയിലൂടെ നമുക്കു നല്കപ്പെടുന്ന രക്ഷാകരസ്നേഹത്തിൽ വിശ്വസിച്ചു

കൊണ്ട് പൗരോഹിത്യശുശ്രൂഷ നിർവഹിക്കണമെന്ന് യൂദാസിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

**5. രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെട്ടവൻ**

*"അവൻ വീണ്ടും അതു നിഷേധിച്ചു. അല്പം കഴിഞ്ഞപ്പോൾ, അടുത്തു നിന്നവർ പത്രോസിനോടു പറഞ്ഞു: നിശ്ചയമായും നീ അവരിൽ ഒരുവനാണ്. നീയും ഗലീലിയക്കാരനാണല്ലോ. നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നുപറഞ്ഞ് അവൻ ശപിക്കാനും ആണയിടുവാനും തുടങ്ങി. ഉടൻതന്നെ കോഴി രണ്ടാം പ്രാവശ്യം കൂവി. കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിക്കുമെന്ന് ഈശോ പറഞ്ഞ വാക്ക് അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ ഉള്ളുരുകിക്കരഞ്ഞു"* (14:70–72).

ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഈശോ മരണത്തിനു വിധിക്കപ്പെടുന്നതും പത്രോസ് ഈശോയെ മൂന്നു പ്രാവശ്യം നിഷേധിക്കുന്നതുമായ സംഭവങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. മത്തായിയും മർക്കോസും പത്രോസിന്റെ ഗുരുനിഷേധം അവതരിപ്പിക്കുന്നത് യഹൂദന്യായാധിപസംഘത്തിന്റെ വിധിപ്രസ്താവനയ്ക്കു ശേഷമാണ്. പത്രോസിന്റെ ഗുരുനിഷേധം നാലു സുവിശേഷങ്ങളിലും വിവരിച്ചിട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ടു പ്രാവശ്യം പ്രധാനപുരോഹിതന്റെ പരിചാരികമാരിൽ ഒരാളോടും മൂന്നാം പ്രാവശ്യം അടുത്തുനിന്നവരോടുമാണ് തന്റെ ഗുരുവിനെ അറിയില്ല എന്ന് പത്രോസ് പരസ്യമായി പറഞ്ഞത്. "നിങ്ങൾക്കെല്ലാവർക്കും ഇടർച്ചയുണ്ടാകും" എന്ന് ഈശോ പറഞ്ഞപ്പോൾ, "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" (14:27–29) എന്നു പറഞ്ഞ പത്രോസാണ് ഈശോയെ മൂന്നു പ്രാവശ്യം നിഷേധിച്ചു പറഞ്ഞത്. അപ്രകാരം സംഭവിക്കുമെന്ന് ഈശോ മുന്നറിയിപ്പു നല്കിയതും, "നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ നിഷേധിക്കുകയില്ല" എന്ന് പത്രോസ് പ്രതികരിച്ചതുമാണ് (14:30–31). ശ്ലീഹന്മാരിൽ പ്രഥമനായ പത്രോസ് നിഷേധിക്കുവാൻ ഇടയായതിന്റെ കാരണം, ഈശോയുടെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെട്ടില്ല എന്നതാണ്. പത്രോസ് ഈശോയെ "അല്പം അകലെയായി അനുഗമിച്ചു" (14:54) എന്ന പ്രസ്താവനയിൽ ഈ സൂചനയുണ്ട്.

ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേരുന്നവനെന്ന നിലയിൽ പുരോഹിതൻ ഈശോയെ അടുത്ത് അനുഗമിക്കുകയും അവിടുത്തെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെടേണ്ടവനുമാണ്. എങ്കിലും മാനുഷികബലഹീനതകൾ ഉള്ളവനെന്നനിലയിൽ പത്രോസിനു സംഭവിച്ചതു പോലെയുള്ള വീഴ്ചകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ

പത്രോസ് ഈശോ പറഞ്ഞ വാക്കുകൾ ഓർക്കുകയും ഉള്ളുരുകി കരയുകയും ചെയ്തു (14:72). ലൂക്കായുടെ സുവിശേഷത്തിൽ ഇതേപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "കർത്താവ് പത്രോസിന്റെ നേരെ തിരിഞ്ഞ് അവനെ നോക്കി. ഇന്നു കോഴി കൂവുന്നതിനുമുമ്പു മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും എന്ന് കർത്താവു പറഞ്ഞ വചനം അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ പുറത്തുപോയി മനംനൊന്തു കരഞ്ഞു" (ലൂക്കാ 22:61-62). തന്റെ തെറ്റിനെ ഓർത്തു പശ്ചാത്തപിക്കുവാനും മാനസാന്തരപ്പെടുവാനും പത്രോസിനെ പ്രേരിപ്പിച്ചത് ഈശോയുടെ രക്ഷാകരമായ സ്നേഹത്തോടുകൂടിയ നോട്ടമാണ്. അതുപോലെ വീഴ്ചകളുണ്ടാകുമ്പോൾ കർത്താവിന്റെ രക്ഷാകരസ്നേഹം ഓർക്കുവാനും പശ്ചാത്തപിച്ച് ആ സ്നേഹത്തിലേക്കു തിരിയുവാനും പുരോഹിതനു കഴിയണം. വീഴ്ചകൾ വളർച്ചയുടെ ചവിട്ടുപടികളാണ്. അപ്രകാരം പത്രോസിനെപ്പോലെ കർത്താവിന്റെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെടുവാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. 'മിനിമലിസ'ത്തിൽ കഴിയാതെ പരമാവധി സ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

2. രക്ഷാകരസ്നേഹത്തിന്റെ കൂദാശ പരികർമ്മം ചെയ്യുന്ന എന്റെ ജീവിതം രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷയാക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

3. സഹനങ്ങളുടെ മദ്ധ്യേ പ്രാർത്ഥനാജീവിതത്തിലൂടെ രക്ഷാകരസ്നേഹശുശ്രൂഷയിൽ നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

4. മാനുഷികമായ പരിഗണനകൾക്കതീതമായി രക്ഷാകരസ്നേഹത്തിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

5. ശുശ്രൂഷാജീവിതത്തിലുണ്ടാകുന്ന വീഴ്ചകളെ അതിജീവിച്ച്, ദൈവത്തിന്റെ രക്ഷാകരസ്നേഹാനുഭവത്തിൽ വളരാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**ബൈബിൾ ഞായർ**

ഡിസംബർ 31 ഞായറാഴ്ച ബൈബിൾ ഞായറായി കേരളസഭ ആചരിക്കുകയാണല്ലോ. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്ര ക്കാഴ്ച കെ.സി.ബി.സി. യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തന ങ്ങൾക്കായി അയച്ചുകൊടുക്കുവാനായി രൂപതാകേന്ദ്രത്തിൽ എത്തിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

മൂവാറ്റുപുഴയിൽ വെച്ച് നടന്ന മിഷൻലീഗ് സംസ്ഥാന കലോ ത്സവത്തിൽ മാനന്തവാടി രൂപതാ രണ്ടാംസ്ഥാനം കരസ്ഥമാക്കി. പ്രവർത്തന മികവിനുള്ള ഏറ്റവും നല്ല രൂപതയ്ക്കുള്ള സമ്മാനവും നമ്മുടെ രൂപതയാണ് ഈ വർഷം കരസ്ഥമാക്കിയത്. ഈ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച മിഷൻലീഗിന്റെ രൂപതാഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടത്തിൽ രൂപതാ, മേഖലാ, ശാഖാ ഭാരവാഹി കൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, മിഷൻലീഗ് അംഗങ്ങൾ എന്നിവർക്കെല്ലാം രൂപതയുടെ മുഴുവൻ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 4 വരെ രൂപതാകച്ചേരി അവധി യായിരിക്കും.

**സീറോ മലബാർ മിഷൻവാരാചരണം: ജനുവരി 6-12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോമലബാർ മിഷനെ സഹാ യിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോമലബാർ മിഷൻ വാരാചരണം. 2018 ജനുവരി 6 മുതൽ 12 വരെ യാണ് സീറോ മലബാർ മിഷൻ വാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മിഷൻവാരത്തെ അധികരിച്ച്

നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വേണ്ടത്ര മുൻ ഒരുക്കങ്ങളോടെ വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുകയും മിഷനുവേണ്ടി സമാഹരിച്ച തുക ജനുവരി 30-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## New Appointments

| | | |
|---|---|---|
| 1. Fr. Mathai Venakuzhy | - Asst. Vicar Payyampally | (w.e.f 5/11/2017) |
| 2. Fr. Joseph Peechattu | - Asst. Vicar S.Bathery | (w.e.f 5/11/2017) |
| 3. Fr. Don Bosco Thevarkunnel | - Secretary to the Curia Bishop, Kakkanad | (w.e.f 15/11/2017) |
| 4. Fr. Joseph Pulpayil | - Secretary to the Syncellus, Manimooly-Nilambur Region | (w.e.f 5/11/2017) |

## യുവവൈദികർക്കുള്ള കോഴ്സ്

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2018 ഫെബ്രുവരി 26 തിങ്കളാഴ്ച വൈകുന്നേരം 7 മണിമുതൽ മാർച്ച് 1 വ്യാഴാഴ്ച 1 മണി വരെയായിരിക്കും. 2009 ഏപ്രിൽ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ വൈദികരും ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നവർ ഉൾപ്പെടെ നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴിവ് കഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

| *No.* | *Rev. Fathers* |
|---|---|
| 1 | Alumkal Joseph (Anish) |
| 2 | Chirayilparambil Joseph (Anto) |
| 3 | Chittarackal Varghese (Sanoj) |
| 4 | Elamkunnapuzha Joseph (Sijo) |
| 5 | Iykkarakkanayil Thomas (Shiju) |
| 6 | Kaliyaniyil Kuriakose (Anoop) |
| 7 | Kalambukattu Joseph |
| 8 | Kalliyatt Devassia (Jaison) |
| 9 | Kattath Thomas (Aneesh) |
| 10 | Kattamkottil Thomas (Aneesh) |
| 11 | Kavalakkadan Varghese (Manoj) |
| 12 | Kizhakkanputhupally Varghese (Pratheesh) |

13 Kollamkunnel Varghese (Anoop)
14 Madapallikunnel Antony (Sibi)
15 Madathil Sebastian (Sunil)
16 Palathadathil George (Jinoj)
17 Pakkanikuzhiyil Sebastian
18 Palakkattu Antony (Nidhin)
19 Parackal Varghese (Noble)
20 Peechattu Joseph (Jithin)
21 Pulikuzhiyil Abraham (Shinto)
22 Punnakkapadavil Sebastian (Biju)
23 Puthukattil Mathew (Jainesh)
24 Thattuparambil Varghese (Jinto)
25 Thekkilakkattil Mathew (Jomesh)
26 Vadassery Thomas (Saneesh)
27 Venakuzhiyil Mathai (Shijo)
28 Vettickal John (Prakash)
29 Vattukulathil Mathew (Jibin)

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

| Common Programmes in the year 2018 | | |
|---|---|---|
| **Date** | **Programme** | **Venue** |
| January 22 Monday | New Priests' Reception | Bishop's House |
| January 24 Wednesday | Priest Conference | Pastoral Centre |
| February 4 Sunday | Appointment of New Priests | |
| February 13 Tuesday | Manimooly - Joint Curia Meeting | Manimooly |
| February 14 Wednesday | Consulters' & Finance Council Meeting | Bishop's House |
| February 26 Monday March 1 Thursday | Junior Priests' Meet | Pastoral Centre |
| March 6 Tuesday | Meeting of Office Bearers of Associations | Pastoral Centre |
| March 7 Wednesday | Presbyteral Council | Bishop's House |
| March 10 Saturday | Pastoral Council Meeting | Pastoral Centre |
| March 17 Saturday | Women Religious Meet | Pastoral Centre |
| March 21 Wednesday | Men Religious Meet | Bishop's House |
| March 26 Monday | Minor Orders | MMC |
| April 6 Friday | Death Anniversary of Bishop Emmanuel Pothanamuzhy | Cathedral |
| April 26 Thursday 28 Saturday | Major Seminarians' Gathering | MMC |
| May 5 Saturday | WSSS General Body Meeting | WSSS |
| May 7 Monday | Vestition of Major Seminarians | MMC |
| May 12 Saturday | Transfer of Priests | |
| May 14 Monday | Minor Seminary Interview | Bishop's House |
| May 21Monday | Golden & Silver Jubilee of Priests | Bishop's House |
| August 1 Wednesday | Meeting of Forane Vicars | Bishop's House |
| August 2 Thursday | Manimooly - Joint Curia Meeting | Manimooly |
| September 16 Sunday- | Priests' Retreat | Pastoral Centre |
| 21 Friday | | |
| September 23 Sunday - 28 Friday | Priests' Retreat | Pastoral Centre |
| November 04 Sunday | Benefactors' Day | MMC |
| November 10 Saturday | Pastoral Council | Pastoral Centre |
| November 13Tuesday | Deacons and Parents Meet | Bishop's House |
| November 14 Wednesday | Presbyteral Council | Bishop's House |
| November 22 Thursday | Home Day | MMC |
| December 10 Monday | Consulters' & Finance Council Meeting | Bishop's House |
| December 12 Wednesday | Priests' Conference | Pastoral Centre |

# വൈദിക സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം (Priests' Conference) 2017 നവംബർ 7 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ബഹു. മാത്യു വട്ടുകുളത്തിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ അബ്രാഹം നെല്ലിക്കൽ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സങ്കീർത്തകനോട് ചേർന്ന് വൈദികരുടെ സാഹോദര്യകൂട്ടായ്മയുടെ പ്രാധാന്യം എടുത്ത് പറയുകയും അച്ചൻ യോഗത്തിന്റെ അജണ്ട വിശദീകരിക്കുകയും ചെയ്തു. രൂപതയിലേയ്ക്ക് സേവനം ചെയ്യുവാനായി കടന്നുവന്ന വിവിധ സന്യാസ സമൂഹങ്ങളിലെ വൈദികർക്ക് അഭിവന്ദ്യ പിതാവ് പുഷ്പങ്ങൾ നൽകി വൈദിക കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്തു.

പിന്നീട് താമരശ്ശേരി രൂപതാംഗമായ ബഹു. സായി പാറൻകുളങ്ങര അച്ചൻ കുടുംബകൂട്ടായ്മയെപ്പറ്റി സംസാരിച്ചു. കുടുംബ കൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്നീ മേഖലകളെപ്പറ്റി വിശദമായി സംസാരിച്ചു. ക്രൈസ്തവ ജീവിതം കൂട്ടായ്മയിലേയ്ക്കുള്ള വിളിയാണ്. ആദിമസഭയിലെ കൂട്ടായ്മ നിലനിന്നത് പ്രാർത്ഥന, പ്രബോധനം, അപ്പം മുറിക്കൽ എന്നീ ത്രിവിധ ലക്ഷ്യത്തിലായിരുന്നുവെന്നും ഇതേ കൂട്ടായ്മ നമ്മുടെ സമുദായ വളർച്ചയ്ക്ക് ആവശ്യമാണെന്നും വിശദീകരിച്ചു. വളരെ ഭംഗിയായും മനസ്സിലാകത്തക്ക രീതിയിലും സായി അച്ചൻ കാര്യങ്ങൾ അവതരിപ്പിച്ചു.

തുടർന്ന് രൂപതാ കുടുംബ കൂട്ടായ്മ ഡയറക്ടർ ബഹു. പോൾ വാഴപ്പിള്ളി അച്ചൻ നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനം എങ്ങനെ ആയിരിക്കുമെന്ന് വിശദീകരിക്കുകയും സംശയങ്ങൾക്ക് ഉത്തരങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം കൊടുത്തു. നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മയുടെ ഔദ്യോഗിക ഉദ്ഘാടനം 2018 ജനുവരി മാസത്തിലായിരിക്കുമെന്നറിയിക്കുകയും, 2018 ൽ റോമിൽ വെച്ച് നടക്കുന്ന സിനഡിൽ യുവജനങ്ങളെപ്പറ്റി കൂടുതൽ ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ നമ്മുടെ രൂപതയിൽ ഈ വർഷം ഡിസംബർ 8 മുതൽ 2018 ഡിസംബർ 8 വരെ യുവജനവർഷമായി ആചരിക്കാൻ തീരുമാനിക്കുകയും ചെയ്ത കാര്യവും പിതാവ് എല്ലാവരേയും അറിയിച്ചു. യുവജന

ങ്ങളെ  ഒന്നിച്ചുകൂട്ടുവാൻ തക്കവിധത്തിൽ ഇടവക, ഫൊറോന, രൂപത എന്നീ  തലങ്ങളിൽ യുവജന കൺവെൻഷനുകൾ നടത്തുവാനുള്ള ചർച്ചകളും ഉണ്ടായി.

രൂപത പുതിയതായി ആരംഭിക്കുന്ന ഒരു മുഖപത്രത്തെപ്പറ്റി പിതാവ് സൂചിപ്പിച്ചു. വർഷത്തിൽ 4 എണ്ണം എന്ന രീതിയിൽ തുടങ്ങാനും പിന്നീട് ഉചിതംപോലെ കൂട്ടുവാനുമുള്ള സാദ്ധ്യതയെപ്പറ്റി പറഞ്ഞു. ഒരു ഓൺലൈൻ ന്യൂസ് പേപ്പർ ആരംഭിച്ചതും രൂപത നടത്തുന്ന മാര്യേജ് പ്രിപറേഷൻ കോഴ്സിനോടനുബന്ധിച്ച് Parents' Meet സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, സെമിനാരി വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുന്ന പെൻഷനേഴ്സ് ഗിൽഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പിതാവ് വിശദീകരിച്ചു.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ രൂപതയിലെ ചിൽഡ്രൻസ് ഹോമുകളുടെ പ്രവർത്തനം നിർത്തിവെയ്ക്കുവാനും പുതിയ രീതിയിലും ഭാവത്തിലും മുന്നോട്ടു പോകുവാനും തീരുമാനിച്ചു. പുതിയ നിയമങ്ങളുടെ പശ്ചാത്തലത്തിൽ വളരെ സൂഷ്മതയോടെ ചിൽഡ്രൻസ് ഹോമുകൾ മുന്നോട്ടു കൊണ്ടുപോകണമെന്നും യോഗം അഭിപ്രായപ്പെട്ടു. തീരുമാനങ്ങളെ പ്രാവർത്തികമാക്കുവാനുള്ള ആഹ്വാനത്തോടെ എല്ലാവരുടേയും സജീവ പങ്കാളിത്വത്തിന് അഭിവന്ദ്യ പിതാവ് നന്ദി പറഞ്ഞു. രൂപതാഗാനത്തോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസിലർ

# പാസ്റ്ററൽ കൗൺസിൽ-റിപ്പോർട്ട്

2017 നവംബർ 11 ശനിയാഴ്ച രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ചേർന്നു. എസ്.കെ.ഡി. മദർ ജനറാൾ റവ.സി. ആലീസ് നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ യോഗനടപടികൾ ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ സ്വാഗതമാശംസിച്ചു കൊണ്ട് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് 'കുടുംബകൂട്ടായ്മ പ്രാധാന്യവും ആവശ്യകതയും' എന്ന വിഷയത്തിൽ ദീപിക കോഴിക്കോട് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങരയും, 'കുടുംബകൂട്ടായ്മ മാനന്തവാടി രൂപതയിൽ' എന്ന വിഷയത്തിൽ ഡയറക്ടർ ഫാ. പോൾ വാഴപ്പിള്ളിയും വിഷയാവതരണങ്ങൾ നടത്തി. തുടർന്ന് നടന്ന ചർച്ചകൾ അഭിവന്ദ്യപിതാവ് മോഡറേറ്റ് ചെയ്തു. കുടുംബകൂട്ടായ്മകൾ സഭാകുടുംബങ്ങളും ഇടവകയും രൂപതയും ഒന്നായ് മാറുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കലാണെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ഈ വർഷം തന്നെ കുടുംബകൂട്ടായ്മകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

തുടർന്ന് പൊതുചർച്ചാ വിഷയങ്ങൾ അതരിപ്പിക്കപ്പെട്ടു. യുവജനവർഷാചരണത്തെക്കുറിച്ച് യൂത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ, ആരോഗ്യ ഇൻഷുറൻസിനെക്കുറിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ അവതരണങ്ങൾ നടത്തി. രൂപതയിൽ നടപ്പാക്കേണ്ട ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് അഭിവന്ദ്യപിതാവും സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ മരിയ പൗളിൻ ടീച്ചർ, ബേബി ജോസഫ് ചക്കാലയ്ക്കൽ, എം.സി. സെബാസ്റ്റ്യൻ, സി. ആലീസ് എസ്.കെ.ഡി, അഡ്വ. ജോർജ് ജോസഫ്, ശ്രീമതി മേഴ്സി ആര്യപ്പള്ളിയിൽ, ജിൽസ് മേക്കൽ, ബിജു അരീകാട്ട്, സാലു മേച്ചേരിയിൽ, ജോസ് പള്ളത്ത്, ഫാ. പോൾ മുണ്ടോളിക്കൽ, ഫാ. ബിജു കറുകപ്പള്ളി, ബെന്നി വെട്ടിക്കൽ, ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. പൊതുചർച്ചയിൽ നിന്ന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉണ്ടായി.

**യോഗം അംഗീകരിച്ച നിർദ്ദേശങ്ങൾ/ തീരുമാനങ്ങൾ**

- കുടുംബ കൂട്ടായ്മകൾ ഈ വർഷംതന്നെ പ്രാബല്യത്തിൽ വരുത്തുക.
- കുടുംബയൂണിറ്റ്, പാരിഷ് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റി, ഫൊറോനാസമിതി എന്നിവ കരട് പദ്ധതിയിൽ അവതരിപ്പിച്ചവിധം തന്നെ നടപ്പാക്കുക.
- പ്രാർത്ഥന, പഠനം, എന്നിവയ്ക്കു പുറമെ ജനങ്ങൾക്ക് പ്രയോജനപ്രദമായ സാമൂഹിക, സാമ്പത്തിക കാര്യങ്ങളും കുടുംബകൂട്ടായ്മകൾ ചർച്ചചെയ്യുകയും പദ്ധതികൾ രൂപീകരിക്കുകയും വേണം.
- രൂപതാതലത്തിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കും രൂപം നൽകി നടപ്പിലാക്കണം.
- 2017 ഡിസംബർ 8 മുതൽ 2018 ഡിസംബർ 8 വരെ യുവജനവർഷമായി ആചരിക്കുക.
- കുടുംബകൂട്ടായ്മ രൂപീകരണത്തിൽ ഇടവക കമ്മിറ്റിയിലേക്ക് വരേണ്ട കമ്മിറ്റി അംഗങ്ങളുടെ എണ്ണം വലിയ ഇടവകകളിൽ ക്രമാതീതമാകാതെ നോക്കണം.
- ഭവനനിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുക. ഇതിനായി വീടില്ലാത്തവരെ കണ്ടെത്തുന്നതിനായി ഇടവകാടിസ്ഥാനത്തിൽ സർവ്വേ നടത്തുക.
- രൂപതയുടെ അമ്പതാം വാർഷികത്തോടെ "ഭവനരഹിതർ ഇല്ലാത്ത രൂപതയെന്ന്" ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുക.
- സുരക്ഷിതകുടുംബം എന്ന ആശയത്തിൽ നിന്നുകൊണ്ട് കുടുംബത്തിനൊന്നാകെയുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.
- ഭവനപദ്ധതി, ആരോഗ്യസുരക്ഷാപദ്ധതി എന്നിവ ജീവകാരുണ്യ മേഖലയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ പരിശ്രമിക്കുക.
- രൂപതാദിനാചരണം പുനരാരംഭിക്കുക. ആവർത്തനവിരസത ഉണ്ടാകാത്തവിധം യോഗസ്ഥലങ്ങൾ, പങ്കെടുക്കേണ്ടവർ, നടപടിക്രമങ്ങൾ എന്നിവയിൽ ക്രമീകരണങ്ങൾ വരുത്തുക.
- പാസ്റ്ററൽ കൗൺസിൽ യോഗങ്ങളുടെ എണ്ണം രണ്ടിൽ ഒതുക്കാതിരിക്കുന്നത് നല്ലതായിരിക്കും.
- പാസ്റ്ററൽ കൗൺസിൽ ഏകദിനമായി മാറ്റണം.
- കുടുംബകൂട്ടായ്മ രൂപീകരണത്തെക്കുറിച്ച് അഭിപ്രായങ്ങൾ എഴുതി നൽകാൻ അവസരങ്ങൾ നൽകുക.

- കുടുംബകൂട്ടായ്മ രൂപീകരണവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

ചർച്ചയെ ക്രോഡീകരിച്ച് അഭിവന്ദ്യപിതാവ് സംസാരിച്ചു. രൂപത ഒരു കുടുംബമെന്നവിധം ഒരുമയോടെ പ്രവർത്തിക്കണമെന്നും, നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ പ്രവൃത്തിയിൽ വരുത്താൻ എല്ലാവരും മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്നും പിതാവ് നിർദ്ദേശിച്ചു. ദ്വാരക ഫൊറോനപ്രതിനിധി റ്റി.ജോസ് സത്യപ്രതിജ്ഞ ചെയ്തു. രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാഗാനം ആലപിച്ചു. അഭിവന്ദ്യപിതാവിന്റെ സമാപന ആശീർവാദത്തോടെ യോഗം അവസാനിച്ചു.

**ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**ലോഗോസ് 2017 – സംസ്ഥാനതല പരീക്ഷ**

ലോഗോസ് 17 സംസ്ഥാനതല പരീക്ഷയുടെ ആദ്യഘട്ടം നവംബർ 12 –ന് കോഴിക്കോട് വച്ച് നടന്നു. ഡി ഗ്രൂപ്പിൽ നിന്നും പാലേമാട് ഇടവകാംഗമായ തോമസ് പുതുമനമൂഴി പി.ഒ.സി –യിൽ നടക്കുന്ന അവസാന ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തോമസ് പുതുമനമൂഴിക്ക് അഭിനന്ദനങ്ങൾ.

**ലോഗോസ് 2017 സമ്മാന വിതരണം**

ലോഗോസ് 2017 പരീക്ഷയിൽ രൂപതാ തലത്തിൽ 1,2,3 സ്ഥാനങ്ങൾ നേടിയ എല്ലാ വിഭാഗങ്ങൾക്കും, ഫമിലിയ ക്വിസ്സിൽ 1,2,3 സമ്മാനങ്ങൾ നേടിയവർക്കുമുള്ള സമ്മാന വിതരണം ഈ മാസം 16 –ന് 12.30 –ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ. സമ്മാനാർഹരായവർ അന്നേ ദിവസം ദ്വാരകയിൽ എത്തേണ്ടതാണ്.

**ബൈബിൾ ഞായർ**

ഈ വർഷം ബൈബിൾ ഞായർ ഡിസംബർ 31–ാം തീയതിയാണെണ കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അന്നത്തെ സ്തോത്രകാഴ്ച്ച KCBC ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെയുംപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുപകരിക്കുമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

### ലൂമിന 2017- അഭിനന്ദനങ്ങളും നന്ദിയും

നവംബർ 12-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ലൂമിന 2017-ൽ (പ്ലസ് വൺ വിദ്യാർത്ഥി സംഗമം) രൂപതയിലെ 2350 വിദ്യാർത്ഥികൾ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ 9.30 ന് വി. കുർബ്ബാനയാരംഭിച്ചു. തുടർന്ന് 11.15 മുതലുള്ള ക്ലാസ്സുകൾക്ക് ഡോ. മാരിയോ ജോസഫും, മിസിസ് ജിജി മാരിയോയും നേതൃത്വം നൽകി. 2.45 മുതൽ 3.45 വരെയുള്ള ചോദ്യോത്തരവേളയിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. അഭിവന്ദ്യ പിതാവും ഡോ. മാരിയോ ജോസഫും ചോദ്യങ്ങൾക്ക് ഉത്തരം നൽകി. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും അഭിനന്ദിക്കുന്നു. കുട്ടികളുടെകൂടെ എത്തിയ അദ്ധ്യാപകർക്കും കൺവൻഷൻ ദിവസം സഹായിക്കാനുണ്ടായിരുന്ന മാനന്തവാടി മൈനർ സെമിനാരിയിലെ ബ്രദേഴ്സിനും, പാസ്റ്ററൽ സെന്ററിലെ എല്ലാ വൈദികർക്കും എല്ലാം മുൻകൂട്ടി ക്രമീകരിച്ച രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

### HM, PP കോൺഫ്രൻസ് ഡിസംബർ 9-ന്

ഈ അദ്ധ്യയന വർഷത്തെ രണ്ടാമത്തെ HM, PP കോൺഫ്രൻസ് ഡിസംബർ 9-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ വില കൊണ്ടുവരണം. ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV,VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

### HDC കോൺടാക്റ്റ് ക്ലാസ്സ്

HDC രണ്ടാം വർഷക്കാരുടെ ക്ലാസ്സ് (പ്രൊജക്ട് സംശയ നിവാരണം) ഡിസംബർ 2-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ കോൺടാക്ട് ക്ലാസ്സ് മണിമൂളിയിൽ ഡിസംബർ 16-ാം തിയ്യതിയായിരിക്കും. നവംബർ 25-ൽ നിന്നും ഡിസംബർ 16-ലേക്ക് മാറ്റിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**പ്ലസ്ടു വിദ്യാർത്ഥി സംഗമം**

നവംബർ 19-ന് നീലഗിരി റീജിയണിലും നവംബർ 26-ന് കൽപ്പറ്റ ഫൊറോനയിലും പ്ലസ് ടു വിദ്യാർത്ഥി സംഗമങ്ങൾ നടന്നു. സംഗമത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയ നീലഗിരി റീജിയൺ മതബോധന ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചനും കൽപ്പറ്റ ഫൊറോന മതബോധന ഡയറക്ടർ ബഹു. ജിമ്മി ഓലിക്കൽ അച്ചനും ഹൃദയം നിറഞ്ഞ നന്ദി. ഡിസംബർ 10-ന് മണിമൂളി- നിലമ്പൂർ റീജിയണിലും ഡിസംബർ 17-ന് ദ്വാരക ഫൊറോനയിലും പ്ലസ് ടു സംഗമങ്ങൾ നടത്തപ്പെടുന്നതാണ്.

പ്രത്യേകം ശ്രദ്ധിക്കുക, പ്ലസ് ടു സംഗമത്തിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ പങ്കെടുക്കാൻ സാധിക്കാത്തവർ ഉണ്ടെങ്കിൽ ഡിസംബർ 17-ന് ദ്വാരകയിൽ വച്ച് നടക്കുന്ന പ്ലസ്ടു സംഗമത്തിൽ പങ്കെടുക്കുക. ഹാജരാകാത്ത വിദ്യാർത്ഥികൾക്കായി മറ്റൊരു സംഗമം ഉണ്ടായിരിക്കുന്നതല്ല.

**XII-ാം ക്ലാസ്സ് പ്രതിഭാസംഗമം**

മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടാം ക്ലാസ്സ് പ്രതിഭകളുടെ രൂപതാ പ്രതിഭാസംഗമം ഡിസംബർ 9-ാം തിയ്യതി രാവിലെ 10 മണിമുതൽ 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മേഖലാ സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ. ഇവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമായിരിക്കും ഡിസംബർ അവസാനം കാക്കനാട് വച്ച് നടക്കുന്ന സംസ്ഥാനതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുക.

**ഡയറക്ടറച്ചന്റെ സന്ദർശനം**

വടപുറം, ചുങ്കക്കുന്ന്, വാളേരി, കൊളവയൽ, യവനാർകുളം, കല്ലുമുക്ക്, എന്നീ ഇടവകകൾ സന്ദർശിക്കുകയും വി.ബലി അർപ്പിച്ച് മാതാപിതാക്കളോടും മതാധ്യാപകരോടും വിദ്യാർത്ഥികളോടും സംസാരിക്കുകയും ചെയ്തു. എല്ലാം ഭംഗിയായി ക്രമീകരിച്ച ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും മതാധ്യാപകർക്കും സ്നേഹപൂർവ്വം നന്ദി.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പുൽക്കൂടുകളും ക്രിസ്തുമസ് ട്രീകളും നക്ഷത്രങ്ങളും കഥപറയുന്ന ഒരു കാലഘട്ടത്തിലേക്ക് നാം ഒരിക്കൽക്കൂടി പ്രവേശിക്കുകയാണല്ലോ. നക്ഷത്രങ്ങൾ അലങ്കാരങ്ങളാകുമ്പോൾ ക്രിസ്തുമസ് ട്രീയിലെ സമ്മാനങ്ങൾ ഭൗതീക സന്തോഷം പ്രദാനം ചെയ്യുമ്പോൾ നിത്യമായ ആനന്ദത്തിലേക്ക് നയിക്കുന്ന ദിവ്യപൈതലിനെ സ്വീകരിക്കാൻ നമ്മുടെ ഇളംമനസ്സുകളെ ഒരുക്കാം. 'കുളിരാൽ വിറയ്ക്കുന്ന കുഞ്ഞുണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമേ..' എന്ന സുകൃതജപവും ഉരുവിട്ട് പ്രഭാത സവാരികൾ പള്ളിയിലേക്കാകട്ടെ. പൊന്നും കുന്തിരിക്കവും മീറയുമായി രക്ഷകനെ അന്വേഷിച്ചിറങ്ങിയ പൂജരാജാക്കന്മാരെപ്പോലെ ആത്മീയസുകൃതങ്ങളും പുണ്യാഭ്യാസങ്ങളുമായി നമുക്കും യാത്ര ആരംഭിക്കാം. LED നക്ഷത്രങ്ങളും ഇല്ലൂമിനേഷൻ വിളക്കുകളും നഗരങ്ങളെയും വീടുകളെയും അലങ്കരിക്കുമ്പോൾ, പുൽതൊട്ടിയിൽ പിറന്ന ദിവ്യപൈതലിന്റെ വെളിച്ചം നമ്മുടെ ആത്മീയ ധാർമ്മീക പാതകളെ അഴകുള്ളതാക്കട്ടെ. ഉണ്ണി യേശുവിനുവേണ്ടി സുകൃത പുൽക്കൂട് നിർമ്മിക്കുന്ന പഴമയിലേക്ക് നമുക്ക് തിരിച്ച് നടക്കാം. പിറവിതിരുന്നാളിനുവേണ്ടിയുള്ള ഒരുക്കം-രണ്ട് മൈൽ ദൂരം നടക്കുന്ന ആത്മീയതയാകട്ടെ. പരിശുദ്ധ അമ്മയുടെയും വി.യൗസേപ്പിതാവിന്റെയും മാതൃകകൾ ന്യൂജൻ മാതാപിതാക്കൾക്ക് ഉൾക്കരുത്തേകട്ടെ... സ്നേഹ ത്യാഗ സമ്പന്നമായ ഒരു ക്രിസ്തുമസ് ഏവർക്കും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**ഡിസംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

സപ്തതി സുകൃതം-70 പരിശുദ്ധ രാജ്ഞി- എന്നാരംഭിക്കുന്ന ജപം.

**മിഷൻ രൂപത - കല്ല്യാൺരൂപത (തരിയോട് മേഖല)**

ഡിസംബർ മാസത്തിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് കല്ല്യാൺ രൂപതയ്ക്കുവേണ്ടിയാണ്. തരിയോട് മേഖലക്കാർ ശാഖകളിൽ നിന്ന് മാനുവൽ ബുക്കിലെ സുകൃതങ്ങൾ ശേഖരിച്ച് കല്ല്യാൺ രൂപതയ്ക്ക് അയച്ചുകൊടുക്കുമല്ലോ. ശാഖകളിൽ നിന്നും മിഷൻ രൂപതയിലേക്ക് സുകൃതങ്ങൾ അയച്ചുകൊടുത്താൽ നന്നായിരുന്നു.

**കൂട്ട്-സംഗമം-ഡിസംബർ 2**

2016 ഒക്ടോബറിൽ നടത്തിയ 'കൂട്ട്' എന്ന തുടർ പരിശീലന പരിപാടിയുടെ അടുത്ത മീറ്റിംഗ് 2-12-2016 ശനിയാഴ്ച രാവിലെ 9.30 മുതൽ

1 മണിവരെ നടവയൽ ഓസ്സാനാം ഭവനിൽ വച്ച് ചേരുന്നതാണ്. പ്രസ്തുത അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ലഹരിവിരുദ്ധ പദയാത്രയും സംഗമവും - ഡിസംബർ 2**

ചുങ്കക്കുന്ന് മേഖലയിലെ കൊട്ടിയൂരിൽ വച്ച് ഡിസംബർ 2 ന് ലഹരി വിരുദ്ധ പദയാത്രയും സെമിനാറും സംഗമവും നടത്തപ്പെടുന്നു. കൊട്ടിയൂർ ഹൈസ്ക്കൂളിൽ വച്ച് 1.30 ന് സെമിനാർ ആരംഭിക്കുന്നു. തുടർന്ന് കൊട്ടിയൂർ ടൗണിലേക്ക് പദയാത്രയും സംഗമവും നടക്കും.

**അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി- ഡിസംബർ - 3, 3 pm**

ഡിസംബർ 3 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി നടത്തപ്പെടുന്നു എല്ലാ രൂപതാ മേഖലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കുമല്ലോ.

**നവമാലിക ക്വിസ്- ഡിസംബർ 26**

സപ്തതി ആഘോഷങ്ങളുടെ ഭാഗമായി വി. കൊച്ചുത്രേസ്യായുടെ ആത്മകഥയെ ആസ്പദമാക്കി നവമാലിക ടീം ക്വിസ് സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. മത്സര തീയതി ഡിസംബർ 26 രാവിലെ 9 മണി. ഡിസംബർ 10 ന് മുമ്പ് രൂപത ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻഫീസ് 100 രൂപ ആയിരിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

**SMART-റീജിണൽ പ്രതിഭാ സംഗമം ഡിസംബർ 30 ന് ദ്വാരക, ബത്തേരി കേന്ദ്രങ്ങളിൽ**

**ദ്വാരകയിൽ:** (ചുങ്കക്കുന്ന്, മാനന്തവാടി, കല്ലോടി, ദ്വാരക, തരിയോട്, പയ്യമ്പള്ളി, മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ) **ബത്തേരിയിൽ:** (ബത്തേരി, കൽപ്പറ്റ, നീലഗിരി, നടവയൽ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ) പങ്കെടുക്കണം. രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് സമാപിക്കുന്നു. മേഖലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ശാഖാ ജോയിന്റ് ഡയറക്ടറെ അറിയിക്കുന്നതാണ്. രജിസ്ട്രേഷൻ തുക ഒരാൾക്ക് 60 രൂപ ആയിരിക്കും.

**ബൈബിൾ ഞായർ-ഡിസംബർ-31**

ഡിസംബർ 31 ന് ബത്തേരി മേഖലയിലെ അമ്പലവയൽ ശാഖയിൽ വച്ച് ബൈബിൾ ഞായർ ആഘോഷിക്കുന്നു. മേഖലയിലെ എല്ലാ ശാഖകളെയും ഉൾകൊള്ളിച്ചുകൊണ്ട് റാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും.

**മുൻകാലഭാരവാഹികളുടെ സംഗമം, ശാഖ ജോയിന്റ് ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്, വാർഷികം-ജനുവരി 26, ദ്വാരക**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ എല്ലാ ശാഖകളിലെയും ജോയിന്റ് ഡിറക്ടേഴ്സ്, ശാഖ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെയും മുൻകാലഭാരവാഹികളുടെയും സംഗമം ജനുവരി 26 നുള്ള

വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. എല്ലാ ഭാരവാഹികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു ശാഖക്ക് 100 രൂപ. ഒരു ശാഖയിൽ നിന്ന് നിർബന്ധമായും മൂന്ന് പേർ പങ്കെടുത്തിരിക്കണം.

**രൂപതാതല തിരുബാലസഖ്യ മത്സരം - ഫെബ്രുവരി 24**

രൂപതാതല തിരുബാലസഖ്യ മത്സരം ഫെബ്രുവരി 24 ന് ദ്വാരകയിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നു. മത്സര നിബന്ധനകളും ഇനങ്ങളും മാർഗരേഖ പേജ് 52 കാണുക. മത്സരം പ്രായപരിധി അനുസരിച്ചാണ്. മേഖലയിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ.

**വചനതാരം ക്വിസ്സ് - ഏപ്രിൽ 12-13**

ഏപ്രിൽ 12-13 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിന്റെ രജിസ്ട്രേഷൻ ജനുവരി 26 ന് അവസാനിക്കുന്നതാണ്. ശാഖ ജോയിന്റ് ഡിറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. പഴയനിയമത്തിലെ 'സുഭാഷിതങ്ങൾ' ആണ് വചനതാരത്തിന്റെ പഠന വിഷയം. ചോദ്യമാതൃക ജനുവരി മാസത്തെ ബുള്ളറ്റിനിൽ നൽകുന്നതാണ്.

**കലാമത്സര പരിശീലനം**

രൂപത കലാമത്സര വിജയികൾക്കുള്ള പ്രത്യേക പരിശീലനം 2017 നവംബർ 4 ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണി വരെയും, വൈകുന്നേരം 4 മുതൽ 7 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പരിശീലിപ്പിച്ചവർക്കും, നേതൃത്വം കൊടുത്തവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**ഏറ്റവും മികച്ച പ്രവർത്തന രൂപത**

2016-2017 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച പ്രവർത്തന രൂപതയായി മാനന്തവാടി രൂപത തിരഞ്ഞെടുക്കപ്പെട്ടു. രൂപതയുടെ വിജയത്തിനായി പ്രവർത്തിച്ച ശാഖ, മേഖല, രൂപത ഭാരവാഹികളെയും പ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.

**നടവയൽ - മികച്ച മൂന്നാമത്തെ മേഖല**

സംസ്ഥാനത്തെ ഏറ്റവും മികച്ച പ്രവർത്തന മേഖലകളിൽ നടവയൽ മൂന്നാം സ്ഥാനം നേടി. മേഖല ഡയറക്ടർ അച്ചനും, ഭാരവാഹികൾക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**സംസ്ഥാന ബൈബിൾ കലോത്സവം**

മൂവാറ്റുപുഴയിൽ നടന്ന സംസ്ഥാന ബൈബിൾ കലോത്സവത്തിൽ മാനന്തവാടി രൂപത രണ്ടാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്തവർക്കും, വിജയികളായവർക്കും, നേതൃത്വം നൽകിയവർക്കും അഭിനന്ദങ്ങൾ. വിജയികളുടെ സമ്മാനങ്ങൾ രൂപതാ മാനേജിംഗ് കമ്മിറ്റിയിൽവച്ച് മേഖലാ ഭാരവാഹികളുടെ പക്കൽ ഏൽപ്പിക്കുന്ന താണ്.

## സംസ്ഥാനതല കലാമത്സര വിജയികൾ

| പേര്, വീട്ടുപേര് | സ്ഥാനം | ശാഖ | മേഖല |
|---|---|---|---|
| **സബ് ജൂനിയർ ആൺ - ബൈബിൾ വായന** | | | |
| 1 ക്രിസ്ബിൻ കപ്യാരുമലയിൽ | III A | ദ്വാരക | ദ്വാരക |
| 2 മിലൻ മുണ്ടക്കൽ | A | നടവയൽ | നടവയൽ |
| **സബ്ജൂനിയർ പെൺ -ബൈബിൾ വായന** | | | |
| 1 ഏയ്ഞ്ചലീന മുഞ്ഞനാട്ട് | A | നടവയൽ | നടവയൽ |
| 2 അനീന മൂലമറ്റത്തിൽ | A | പയ്യംമ്പള്ളി | പയ്യംമ്പള്ളി |
| **സബ്ജൂനിയർ ആൺ - പ്രസംഗം** | | | |
| 1 ആകാശ് കുഴിമണ്ണിൽ | A | ചെറുകാട്ടൂർ | നടവയൽ |
| 2 ആൽഫിൻ കൊച്ചുവേലിക്കകത്ത് | A | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| **സബ്ജൂനിയർ പെൺ - പ്രസംഗം** | | | |
| 1 അഞ്ജന ആടുകുഴി | A | വാളേരി | കല്ലോടി |
| 2 അനറ്റ് മരിയ ഊരോത്ത് | A | തലഞ്ഞി | മണിമൂളി |
| **ജൂനിയർ ആൺ - പ്രസംഗം** | | | |
| 1 അലൻ ജിയോ കൈതാരം | II A | കണിയാരം | മാനന്തവാടി |
| 2 ജോനാഥ് തടങ്ങഴി | A | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| **ജൂനിയർ പെൺ - പ്രസംഗം** | | | |
| 1 ആൻ ജിസ് മരിയ കൈതാരം | A | കണിയാരം | മാനന്തവാടി |
| 2 മെറീന ക്രിസ്റ്റി കുരീക്കാട്ടിൽ | A | കല്ലോടി | കല്ലോടി |
| **സീനിയർ ആൺ - പ്രസംഗം** | | | |
| 1 അരുൺ ചേറാടിയിൽ | A | പാലാങ്കര | മണിമൂളി |
| 2 ഡോൺ ജോസ് ഞൊണ്ടംമാക്കൽ | A | കബനിഗിരി | മുള്ളൻകൊല്ലി |
| **സീനിയർ പെൺ - പ്രസംഗം** | | | |
| 1 സ്നേഹ പാറേക്കാട്ടിൽ | A | കയ്യൂന്നി | നീലഗിരി |
| 2 ബിജിന കുന്നുംപുറത്ത് | A | കല്ലുവയൽ | നടവയൽ |
| **സൂപ്പർ സീനിയർ ആൺ - പ്രസംഗം** | | | |
| 1 ജെയിംസ് കൊച്ചുവേലിക്കകത്ത് | III A | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 2 സോണിജ് മാറാംകണ്ടത്തിൽ | B | കുഞ്ഞോം | കല്ലോടി |
| **സൂപ്പർ സീനിയർ പെൺ - പ്രസംഗം** | | | |
| 1 ഷീന മുണ്ടാടൻ | A | തവിഞ്ഞാൽ | മാനന്തവാടി |
| 2 രോഷ്നി മുണ്ടൂപറമ്പിൽ | A | പാലാങ്കര | മണിമൂളി |
| **മിഷൻ ക്വിസ്സ് ജൂനിയർ ആൺ** | | | |
| 1 ജോയ്സ് പുതുവേലിൽ | B | ധർമ്മഗിരി | നീലഗിരി |
| 2 ജീവൻ പെരുംമ്പള്ളിൽ | B | കബനിഗിരി | മുള്ളൻകൊല്ലി |
| **ജൂനിയർ പെൺ - മിഷൻ ക്വിസ്സ്** | | | |
| 1 അഞ്ജന ചെറുതറപ്പേൽ | A | കയ്യൂന്നി | നീലഗിരി |
| 2 അലന്റ ഏലംകുന്നേൽ | C | നരിവാലമുണ്ട | മണിമൂളി |

**സീനിയർ ആൺ - മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 അരുൺ ചേറാടിയിൽ | III A | പാലാങ്കര | മണിമൂളി |
| 2 ഫ്രഡറിക് മാവേലിൽ | B | പൂളപ്പാടം | നിലമ്പൂർ |

**സീനിയർ പെൺ - മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 നീനു കുന്നേൽ | A | ധർമ്മഗിരി | നീലഗിരി |
| 2 അമല കളമ്പുകാട്ട് | A | പയ്യമ്പള്ളി | പയ്യമ്പള്ളി |

**സൂപ്പർ സീനിയർ ആൺ - മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 സെബാസ്റ്റ്യൻ കരോട്ട് | II A | ഇരുളം | മുള്ളൻകൊല്ലി |
| 2 ആന്റോ പാണാട്ടിൽ | C | ഭൂദാനം | മണിമൂളി |

**സൂപ്പർസീനിയർ പെൺ - മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 ജാൻസി വെണ്ണായപ്പിള്ളി | I A | നടവയൽ | നടവയൽ |
| 2 ജിസ്ന തുണ്ടത്തിൽ | A | ധർമ്മഗിരി | നീലഗിരി |

**സബ്ജൂനിയർ ആൺ - സംഗീതം**

| | | | |
|---|---|---|---|
| 1 മിലൻ ഏത്തക്കാട്ട് | III A | മണിമൂളി | മണിമൂളി |
| 2 ആഷൽ കപ്യാരുമലയിൽ | B | കാരക്കാമല | ദ്വാരക |

**സബ്ജൂനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 എയ്ഞ്ചൽ പൊയ്കയിൽ | A | കോട്ടത്തറ | തരിയോട് |
| 2 മെറിൻ കാഞ്ഞൂപറമ്പിൽ | B | റിപ്പൺ | കൽപ്പറ്റ |

**ജൂനിയർ ആൺ - സംഗീതം**

| | | | |
|---|---|---|---|
| 1 അലൻ ഏത്തക്കാട്ട് | A | മണിമൂളി | മണിമൂളി |
| 2 ഡെൻസൻ വാളായിൽ | A | കണിയാരം | മാനന്തവാടി |

**ജൂനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 ക്രിസ്റ്റീന വടക്കേക്കര | I A | ഒറ്റപ്ലാവ് | ചുങ്കക്കുന്ന് |
| 2 ഹൃദ്യ പുതിയകുന്നത്ത് | II A | ബത്തേരി | ബത്തേരി |

**സീനിയർ ആൺ - സംഗീതം**

| | | | |
|---|---|---|---|
| 1 റോമൽ മഠത്തിപറമ്പിൽ | A | വാളവയൽ | നടവയൽ |
| 2 ഗോഡ്വിൻ മിറ്റത്തനാനിക്കൽ | A | യവനാർകുളം | മാനന്തവാടി |

**സീനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 ആഷ്ലി നമ്പ്യാപറമ്പിൽ | A | ശിശുമല | മുള്ളൻകൊല്ലി |
| 2 ആൻനിയ കച്ചിറയിൽ | A | കണിയാരം | മാനന്തവാടി |

**സൂപ്പർ സീനിയർ ആൺ - സംഗീതം**

| | | | |
|---|---|---|---|
| 1 വിൻസന്റ് പുത്തൻപുര | A | പുതിയിടംകുന്ന് | കല്ലോടി |
| 2 മണി കൊടുംന്തറ | B | തൃശ്ശിലേരി | പയ്യംപള്ളി |

**സൂപ്പർ സീനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 മരിയ കണിയാംകുന്നേൽ | A | പാലാങ്കര | മണിമൂളി |
| 2 റിഞ്ചു കരിമാലിൽ | A | നെടുംമ്പാല | കൽപ്പറ്റ |

**സൂപ്പർ സീനിയർ ആൺ ഉപന്യാസം**

| പേര്, വീട്ടുപേര് | സ്ഥാനം | മേഖല | ശാഖ |
|---|---|---|---|
| ജിജിൽ കിവക്കരക്കാട്ട് | II A | കല്ലോടി | കുഞ്ഞോം |
| സന്തോഷ് തെങ്ങുംപള്ളി | B | മണിമൂളി | മണിമൂളി |
| **സൂപ്പർ സീനിയർ പെൺ ഉപന്യാസം** | | | |
| അമ്പിളി മുളകുടിയാങ്കൽ | I A | തരിയോട് | ചെലോട് |
| ജിനി പടിയാനിക്കൽ | A | ചുങ്കക്കുന്ന് | അമ്പായത്തോട് |
| **സൂപ്പർ സീനിയർ ആൺ ചെറുകഥ** | | | |
| ഷിനോജ് കൂവക്കൽ | A | തരിയോട് | തരിയോട് |
| അഭിലാഷ് താഴത്ത് | A | ദ്വാരക | മൊതക്കര |
| **സൂപ്പർ സീനിയർ പെൺ ചെറുകഥ** | | | |
| ആൽഫി ലാൽ ഇഞ്ചിക്കാലായിൽ | A | നടവയൽ | നടവയൽ |
| ടീന വട്ടുകുളം | A | തരിയോട് | തരിയോട് |
| **സൂപ്പർ സീനിയർ ആൺ കവിത** | | | |
| ഷിജു വളവി | A | തരിയോട് | മഞ്ഞൂറ |
| ജിജിൽ കിഴക്കരക്കാട്ട് | B | കല്ലോടി | കുഞ്ഞോം |
| **സൂപ്പർ സീനിയർ പെൺ കവിത** | | | |
| അനില നെല്ലൂർ | II A | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| മഞ്ചു ഇഞ്ചപ്ലാക്കൽ | B | കല്ലോടി | പുതിയിടംകുന്ന് |
| **സീനിയർ ആൺ ഉപന്യാസം** | | | |
| ജയിംസ് മുണ്ടൂപറമ്പിൽ | III A | തരിയോട് | മംഗളം |
| അജയ് കൈതാരം | A | മാനന്തവാടി | കണിയാരം |
| **സീനിയർ പെൺ ഉപന്യാസം** | | | |
| അഞ്ജലി മണിക്കുറ്റി | A | മാനന്തവാടി | പോരൂർ |
| ഷേർളി മുത്തോലിക്കൽ | B | ബത്തേരി | ചിത്രഗിരി |
| **സീനിയർ ആൺ ചെറുകഥ** | | | |
| ആകാശ് പ്ലാക്കൽ | II A | കൽപറ്റ | കൽപറ്റ |
| നിഖിൽ മാളിയേക്കൽ | A | കല്ലോടി | കല്ലോടി |
| **സീനിയർ പെൺ ചെറുകഥ** | | | |
| എവലിൻ മരിയ പുത്തൻപുര | A | മുള്ളൻകൊല്ലി | മരകാവ് |
| ആതിര പള്ളിപ്പാട്ട് | A | കല്ലോടി | കല്ലോടി |
| **സീനിയർ ആൺ കവിത** | | | |
| ആമോദ് കല്ലറക്കൽ | I A | പയ്യമ്പള്ളി | ആറാട്ടുതറ |
| അമൻ ജോസ് പള്ളത്ത് | B | കല്ലോടി | കല്ലോടി |
| **സീനിയർ പെൺ കവിത** | | | |
| ക്രിസ്റ്റീന വടക്കേക്കര | I A | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് |

| | | | |
|---|---|---|---|
| അലീന കൂട്ടുങ്കൽ | II A | ചുങ്കക്കുന്ന് | അടക്കാത്തോട് |

**ജൂനിയർ ആൺ ഉപന്യാസം**

| | | | |
|---|---|---|---|
| ലെറ്റീഷ് പീക്കുന്നേൽ | I A | മാനന്തവാടി | പോരൂർ |
| ജീവൻ പെരുമ്പള്ളിയിൽ | B | മുള്ളൻകൊല്ലി | കബിനിഗിരി |

**ജൂനിയർ പെൺ ഉപന്യാസം**

| | | | |
|---|---|---|---|
| അന്നമ്മ നെടുങ്കോട്ടയിൽ | B | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| അഞ്ജന ചെറുതറപ്പേൽ | B | നീലഗിരി | കയ്യൂന്നി |

**ജൂനിയർ ആൺ ചെറുകഥ**

| | | | |
|---|---|---|---|
| ആഷിഷ് കണ്ടത്തിക്കുടിയിൽ | A | മുള്ളൻകൊല്ലി | അമരക്കുനി |
| ആദർശ് പാറ്റാനി | A | കൽപ്പറ്റ | കൽപ്പറ്റ |

**ജൂനിയർ പെൺ ചെറുകഥ**

| | | | |
|---|---|---|---|
| ജസ്റ്റീന കുമ്പളക്കുഴി | A | നടവയൽ | വിളമ്പുകണ്ടം |
| അബിയ പച്ചാനയിൽ | A | മുള്ളൻകൊല്ലി | ഇരുളം |

**ജൂനിയർ ആൺ കവിത**

| | | | |
|---|---|---|---|
| അമൽജോസ് വടക്കേക്കണ്ടത്തിൽ | II A | തരിയോട് | തരിയോട് |
| ട്രെബിൻ പൈനുങ്കൽ | C | കൽപ്പറ്റ | തെനേരി |

**ജൂനിയർ പെൺ കവിത**

| | | | |
|---|---|---|---|
| സ്നേഹ പൂച്ചാലിക്കളത്തിൽ | B | മുള്ളൻകൊല്ലി | ഇരുളം |
| അഞ്ജന ചെറുതറപ്പേൽ | C | കയ്യൂന്നി | നീലഗിരി |

**മേഖലാ വാർത്തകൾ**

*ബത്തേരി*: ദൈവവിളി പ്രാർത്ഥനാദിനം ആചരിക്കുകയും ദൈവവിളിക്കായി ആരാധന നടത്തുകയും ചെയ്തു. മിഷൻ രൂപതയ്ക്കും ഗ്രാമത്തിനുമായി പ്രാർത്ഥിക്കുകയും സുകൃതങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ നെഞ്ചിലേറ്റി മേഖല പ്രവർത്തനങ്ങൾക്ക് ജീവൻ നൽകി പ്രസ്ഥാനത്തെ മുൻ വർഷങ്ങളിൽ നയിച്ച പ്രിയപ്പെട്ട ഡയറക്ടേഴ്സിനും ജോ.ഡയറക്ടേഴസിനും രൂപതയുടെ നന്ദി സ്നേഹപൂർവ്വം നേരുന്നു.

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

## Department of Youth Ministry

**ടീം മീറ്റിംഗ്**

ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ മീറ്റിംഗ് നവംബർ പത്താം തീയതി ശനിയാഴ്ച രാവിലെ പത്ത് മണി മുതൽ വൈകുന്നേരം മൂന്ന് മണിവരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. വി.കുർബാനക്കുശേഷം നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്ന് നടത്തേണ്ട കർമ്മപദ്ധതികൾ ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ടീം അംഗങ്ങളായ സി.ആൻസി സി.എം.സി, സി.ആനി പോൾ എസ്.എച്ച്, സി.ലിൻസി എസ്.സി.വി, എന്നിവർ പങ്കെടുത്തു.

**ലൈഫ് ട്രയിനിംഗ് 2016-2017 ബാച്ച്**

ലൈഫ് ട്രയിനിംഗ് 2016-2017 ബാച്ചിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം നവംബർ പത്താം തീയതി വൈകുന്നേരം ആരംഭിച്ചു. 49 വിദ്യാർത്ഥികൾ ഈ മീറ്റിംഗിൽ പങ്കെടുത്തു. വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച പ്രോഗ്രാമിന് ഫാ.ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നല്കി. തുടർന്ന് നടന്ന ഷെയറിംഗിലൂടെ അവരുടെ പഠന നിലവാരത്തെ വിലയിരുത്തുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. ഒക്ടോബർ-നവംബർ മാസങ്ങളിൽ പിറന്നാൾ ആഘോഷിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളറിയിക്കുകയും ചെയ്തു. K.C.B.C Commission for Education നടത്തുന്ന IAS Mock exam ലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഫാ.വിനോദ് നൽകുകയും ഈ പരീക്ഷയിൽ കുട്ടികൾ പങ്കെടുക്കേണ്ട തിന്റെ ആവശ്യകതയും അതിനോടനുബന്ധിച്ചുള്ള പരിശീലനത്തെ ക്കുറിച്ചും അച്ചൻ വിദ്യാർത്ഥികളുമായി സംസാരിച്ചു. പതിനൊന്നാം തീയതി രാവിലെ പത്ത് മണിമുതൽ വൈകുന്നേരം നാല് മണിവരെ ശ്രീമതി റോഷിൻ ടീച്ചർ കണക്ക് വിഷയത്തിൽ വിദ്യാത്ഥികൾക്ക് ക്ലാസ്സുകൾ നൽകി. സി.ആൻസി തോമസ് സി.എം.സി, സി. ആനിപോൾ എസ്.എച്ച്, സി. ലിൻസി എസ്.സി.വി, കുമാരി നീനു എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

**പാരീഷ് യുവജന കൺവെൻഷൻ**

അടുത്തവർഷം രൂപതാതലത്തിൽ നടക്കേണ്ട യുവജന കൺവെൻഷന് മുന്നോടിയായി ഇടവകാ തലത്തിലുള്ള കൺവെൻഷൻ നവംബർ പതിനൊന്ന് വെള്ളിയാഴ്ച്ച വൈകുന്നേരം തലപ്പുഴ കർമ്മല മാതാ ദേവാലയത്തിൽ വെച്ച് നടന്നു. ഇടവക വികാരി ഫാ.റോജി എല്ലാവരേയും സ്വാഗതം ചെയ്തു. ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് ക്ലാസ്, കുമ്പസാരം, വി.കുർബാന, ആരാധന, സ്പിരിചൽ ഷെയറിംഗ് എന്നിവ സംഘടിപ്പിച്ചു. 55 യുവജനങ്ങൾ പങ്കെടുത്തു. സി. ആൻസി തോമസ് സി.എം.സി, സി.ലിൻസി എസ്.സി.വി, എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി. പ്രോഗ്രാമിന് സൗകര്യമൊരുക്കി തന്ന ഇടവക വികാരി ഫാ.റോജി അച്ചനോടൊപ്പം സഹകരിച്ച കൈക്കാരൻമ്മാരേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും നന്ദി അർപ്പിക്കുന്നു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ഡിസംബർ 2 ശനി:- കെ.സി.വൈ.എം. വാർഷികം-സാംസ്കാരിക സദസ്സ് പൊതുസമ്മേളനം**

വിഷയം:- 'ചാവറയച്ചൻ സാക്ഷരതയുടെ പിതാവ്, നവോത്ഥാന കേരളത്തിന്റെ വിപ്ലവനായകൻ'

നമ്മുടെ നാട്ടിലെ ഭരണകർത്താക്കളുടെ പ്രസംഗങ്ങളിലും സാംസ്ക്കാരിക പ്രവർത്തകരുടെ പരാമർശങ്ങളിലും സ്കൂൾ ടെക്സ്റ്റ് പുസ്തകങ്ങളിലും നിന്ന് ചാവറയച്ചനെപ്പറ്റിയുള്ള വിവരങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. നവോത്ഥാന നായകരായും വിദ്യാഭ്യാസ വിചക്ഷകരായും അവതരിക്കപ്പെടുന്നത് അയ്യൻകാളി, ചട്ടമ്പിസ്വാമി, ശ്രീനാരായണഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങിയവർ മാത്രം. നമ്മളെങ്കിലും സി.എം.ഐ. എന്ന് ബ്രാൻഡ് ചെയ്യാതെ ചാവറയച്ചനെ പൊതുസമൂഹത്തിൽ അവതരിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിനുള്ള എളിയ ശ്രമമാണ് ഈ വർഷത്തെ കെ.സി.വൈ.എം. വാർഷിക ആഘോഷം. പതിമൂന്ന് മേഖലകളിൽ നിന്നായി ചാവറയച്ചന്റെ ഛായാചിത്രം വഹിച്ചുകൊണ്ട് വാഹനപ്രചരണ ജാഥയായി വാർഷികം നടക്കുന്ന കണിയാരത്തേയ്ക്ക് 9.30 ന് എത്തിചേരുന്നു. തുടർന്ന് സാംസ്ക്കാരിക സദസ്സും വാർഷിക ആഘോഷവും. ഒരു ഇടവകയിൽ നിന്ന് 25 യുവജനങ്ങളെ പ്രതീക്ഷിക്കുന്നു. മേഖലയുടെ നേതൃത്വത്തിൽ ഒരുമിച്ച് വരണം എന്ന് ഓർമ്മിപ്പിക്കുന്നു.

**വാർഷിക സെനറ്റും ഇലക്ഷനും ഡിസംബർ 16 ശനി**

ഡിസംബർ 16 ന് രൂപതാ വാർഷിക സെനറ്റും ഇലക്ഷനും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9 ന് രജിട്രേഷനോടുകൂടി ആരംഭിച്ച് 2.00 മണിക്ക് അവസാനിക്കുന്നതാണ്. രൂപതാ സെനറ്റംഗങ്ങളെല്ലാവരും വാർഷിക സെനറ്റിൽ നിർബന്ധമായും പങ്കെടുക്കണം. പങ്കെടുക്കേണ്ടവർ - മേഖലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, കോഡിനേറ്റർ, സെനറ്റ് മെംമ്പേഴ്സ് (3), 2016 വർഷത്തെ പ്രസിഡണ്ട്, വൈസ്സ് പ്രസിഡണ്ട്, സെക്രട്ടറി (ആകെ 13 പേർ). മേഖലാ സെനറ്റിൽ അതരിപ്പിച്ച് പാസ്സാക്കിയ റിപ്പോർട്ട് രൂപതാ സെനറ്റിൽ അവതരിപ്പിക്കേണ്ടതാണ്.

2018 വർഷത്തെ മേഖല, യൂണിറ്റ് ഭാരവാഹികളുടെ പേരുവിവരം ഫോൺ നമ്പർ സഹിതം രണ്ട് കോപ്പികൾ സെനറ്റിനു വരുമ്പോൾ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**ജനജീവൻ ധർണ്ണ നവംബർ 18**

വനവകുപ്പിന്റെ നിരന്തരമായ നിശബ്ദതയ്ക്ക് വയനാടൻ ജനതയുടെ ഓർമ്മപ്പെടുത്തലായിരുന്നു ജനജീവൻ ധർണ്ണ. വയനാട്ടിലെ കൽപ്പറ്റ, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, നെയ്ക്കുപ്പ, മംഗളം എന്നിടങ്ങളിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമാധാനപരവും ജനാധിപത്യപരവുമായ

ധർണ്ണ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തി. വയനാട്ടിൽ അഞ്ചിടങ്ങളിലായി നടന്ന ധർണ്ണയിൽ രൂപതയുടെ വിവിധഭാഗങ്ങളിലെ യുവജനങ്ങൾ പങ്കെടുത്ത്, ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നൽകി.

**നിവേദനത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾ**

1. വന്യമൃഗശല്യത്തിൽ നിന്നും മനുഷ്യനും അവന്റെ സ്വത്തിനും സംരക്ഷണം നൽകുന്ന നിയമങ്ങൾ നിർമ്മിക്കുക.

2. വന്യമൃഗാക്രമണത്തിൽ മനുഷ്യൻ കൊല്ലപ്പെട്ടാൽ കുറഞ്ഞത് 1 കോടി രൂപയെങ്കിലും മരണപ്പെട്ട വ്യക്തിയുടെ കുടുബത്തിന് നഷ്ടപരിഹാരം നൽകുക.

3. വന്യമൃഗങ്ങൾ അക്രമിച്ച മൃഗങ്ങളെയും എടുത്ത് റോഡ് ഉപരോധിച്ച് സംഘർഷം സൃഷ്ടിച്ചാൽ മാത്രം നടപടി എന്നുള്ള രീതി അവസാനിപ്പിക്കുക. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുകയോ വളർത്തുമൃഗങ്ങളെ അക്രമിക്കുകയോ ചെയ്താൽ ഉടനടി ആവശ്യമായ നഷ്ടപരിഹാരം നൽകുക.

4. അന്യായമായി പിടിച്ചെടുത്ത് കൃത്രിമ രേഖകൾ ഉണ്ടാക്കി, കൃഷിക്കാരുടെ ഭൂമി ഫോറസ്റ്റ് ഭൂമി ആക്കുന്ന നടപടി അവസാനിപ്പിക്കുക. ഇപ്രകാരം അടിയന്തരാവസ്ഥക്കാലത്ത് അന്യായമായി പിടിച്ചെടുത്ത ഭൂമി കൃഷിക്കാർക്ക് തിരിച്ചു നൽകുക.

5. അനിയന്ത്രിതമായി പെരുകുന്നതും മനുഷ്യന്റെയും വനത്തിന്റെയും ആവാസ വ്യവസ്ഥയ്ക്ക് ഭീഷണയായി മാറിയിട്ടുള്ളതുമായ വന്യമൃഗങ്ങളുടെ പ്രജനനം നിയന്ത്രിക്കുകയും നിശ്ചിതകാലത്തേയ്ക്ക് അവയെ കൊല്ലുവാനുമുള്ള അനുവാദം നൽകുക.

6. വയനാട്ടിലും കണ്ണൂരിലുമായി നടപ്പിലാക്കാൻ പോകുന്ന ആനത്താര പദ്ധതിമൂലം വയനാട് വന്യജീവികളുടെ വിഹാര കേന്ദ്രമായി മാറുകയും മനുഷ്യ- വന്യജീവി സംഘർഷം വർദ്ധിക്കുകയും ചെയ്യും. ആനത്താര പദ്ധതിക്ക് ലഭ്യമായ തുക വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് നൽകുക.

7. വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങാൻ കാരണമാകുന്ന വനനശീകരണം വനംവകുപ്പ് ഉപേക്ഷിക്കുക. വന്യമൃഗങ്ങൾക്ക് തീറ്റ നഷ്ടപ്പെടുന്നതും, സ്വാഭാവീക വനവൽക്കരണത്തെ നശിപ്പിക്കുന്നതുമായ തേക്കിൻ കാടുകളും, യൂക്കാലി തോട്ടങ്ങളും വെട്ടിമാറ്റി സ്വാഭാവിക മരങ്ങൾ നട്ടുപിടിപ്പിക്കുക.

8. വനം ടൂറിസം പരിപാടികൾ അവസാനിപ്പിക്കുക.

9. വന്യമൃഗങ്ങൾ മനുഷ്യന്റെ ജീവനും സ്വത്തും ആക്രമിക്കാതിരിക്കാൻ റെയിൽ ഫെൻസിങ്ങ്, കൽമതിൽ നിർമ്മാണം, വനാതിർത്തിയിൽ സോളാർ വിളക്കുകൾ, സോളാർ വേലി എന്നിവയുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുക.

മാനന്തവാടി: ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനു മുൻമ്പിൽ നടന്ന ധർണ്ണ, രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി ഉദ്ഘാടനം ചെയ്തു. അസോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിൽ മുഖ്യപ്രഭാഷണം നടത്തി. തോണിച്ചാൽ ഡയറക്ടർ ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, കല്ലോടി മേഖല ഡയറക്ടർ ഫാ. സുനിൽ മഠത്തിൽ, പയ്യമ്പള്ളി ഡയറക്ടർ, ഫാ. ഷിനോ വേനക്കുഴി, പുതിയിടം ഡയറക്ടർ ഫാ. മനോജ് തോട്ടുംങ്കര, ഒണ്ടയ

ങ്ങാടി പ്രസിഡണ്ട് ശ്രീ. ഷിനോജ്, സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര, ദ്വാരക മേഖല പ്രസിഡണ്ട് ബിബിൻ പിലാപ്പള്ളി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**സുൽത്താൻ ബത്തേരി**

ഫോറസ്റ്റ് ഓഫീസിന്റെ മുൻപിൽ നടന്ന ധർണ്ണ, മുൻ എം.എൽ.എ. ശ്രീ. എൻ.ഡി അപ്പച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. ബത്തേരി മേഖലാ ഡയറക്ടർ ഫാ. ഡെന്നീസ്സ് പൂവത്തിങ്കൽ മുഖ്യപ്രഭാഷണം നടത്തി. മേഖലാ സെക്രട്ടറി അൽജോസ് ആമുഖപ്രഭാഷണവും, സി.എം.എൽ. മേഖലാ രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, അൽവേർണ്ണ ആശ്രമത്തിലെ ഫാ. ജോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**കൽപ്പറ്റ**

കൽപ്പറ്റ മേഖലയുടെയും കോട്ടത്തറ യൂണിറ്റിന്റെയും നേതൃത്വത്തിൽ കൽപ്പറ്റ ഫോറസ്റ്റ് ഓഫീസിനു മുൻപിൽ നടന്ന ധർണ്ണ, കൽപ്പറ്റ മേഖലാ ഡയറക്ടർ ഫാ. മാത്യു മലയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ട്രഷറർ ശ്രീ. ജിജോ പൊടിമറ്റം അദ്ധ്യക്ഷപ്രസംഗം നടത്തി. മേഖലാ സെക്രട്ടറി ശ്രീ. അഭിലാഷ് അറയ്ക്കൽ തരിയോട് മേഖലാ സെക്രട്ടറി ശ്രീ. ആൽഫിൻ അമ്പാറയിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**മംഗളം**

ചെന്നലോട്, മംഗളം യൂണിറ്റുകളുടെ നേതൃത്വത്തിൽ കുറ്റിയാംവയൽ ഫോറസ്റ്റ് റേയ്ഞ്ച് ഓഫീസിനുമുൻമ്പിൽ നടന്ന ധർണ്ണ, പടിഞ്ഞാറത്തറ പഞ്ചായത്ത് മെമ്പർ ശ്രീമതി ശാന്തിനി ഷാജി ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ തരിയോട് മേഖലാ പ്രസിഡണ്ട് ശ്രീ. ജോസ് മുണ്ടിയാങ്കൽ അദ്ധ്യക്ഷത വഹിച്ചു. മംഗളം യൂണിറ്റ് ഭാരവാഹികളായ ജോബിൾ, ക്രിസ്റ്റി, ചെന്നലോട് യൂണിറ്റ് ഭാരവാഹികളായ അജിസ, ഷിന്റോ, ആദർശ്, മെൽവിൻ, അരുൺ, അജിത്ത് തുടങ്ങിയവർ സംസാരിച്ചു.

**നടവയൽ**

നടവയൽ മേഖലയുടെ ആതിഥേയത്വത്തിൽ നെയ്ക്കുപ്പ ഫോറസ്റ്റ് ഓഫീസ്സിനു മുൻമ്പിൽ നടത്തിയ ധർണ്ണ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ ഉദ്ഘാടനം ചെയ്തു. സി.എം.എൽ. സംസ്ഥാന പ്രസിഡണ്ട് ബിനു മാങ്കൂട്ടം ആമുഖപ്രഭാഷണം നടത്തി. വന്യമൃഗ ശല്യത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനം മേഖലാ ഡയറക്ടർ റവ. ഫാ. ഷൈജു മുതിരക്കാലായിൽ മേഖലാ പ്രസിഡണ്ട് ദീപക് എന്നിവർ ചേർന്ന് നെയ്ക്കുപ്പ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചു.

**പുൽപ്പള്ളി**

കെ.സി.വൈ.എം. പുൽപ്പള്ളി മേഖലയുടെ നേതൃത്വത്തിൽ പുൽപ്പള്ളി ഫോറസ്റ്റ് ഓഫീസ്സിനു മുൻമ്പിൽ നടത്തിയ ധർണ്ണ മേഖല പ്രസിഡണ്ട് ബിബിൻ മേമാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മുള്ളൻക്കൊല്ലി യൂണിറ്റ് അസിസ്റ്റന്റ് ഫാ. അനീഷ് ആലുങ്കൽ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. ടെസിൻ ആഞ്ചേരി ആശംസകളർപ്പിച്ച് സംസാരിച്ചു.

**ഉത്സവ് 2017- സംസ്ഥാന സാഹിത്യ മത്സരം**

മലബാർ രൂപതകൾക്ക് വേണ്ടിയുള്ള ഉത്സവ് 2017- സംസ്ഥാന

സാഹിത്യമത്സരം നവംബർ 18 ന് ന്യൂമാൻസ് കോളേജ് മാനന്തവാടിയിൽ വച്ച് നടന്നു. തലശ്ശേരി, താമരശ്ശേരി, കണ്ണൂർ, മാനന്തവാടി രൂപതകളിൽ നിന്ന് അറുപതോളം യുവജനങ്ങൾ പങ്കെടുത്തു. സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ ബിബിൻ ചെമ്പക്കര, നീതു ജോസഫ് വെട്ടിക്കുളങ്ങര, സി. സ്മിത എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി.

**സെക്രട്ടറിയേറ്റ് - വിനോദയാത്ര**

സെക്രട്ടറിയേറ്റ് അംഗങ്ങളുടെ ഈ വർഷത്തെ വിനോദയാത്ര പ്രസിഡണ്ട് എബിൻ ഫിലിപ്പിന്റെ നേതൃത്വത്തിൽ മൈസൂരിലേയ്ക്ക് സംഘടിപ്പിച്ചു. ഈ ദിവസം മനോഹരമാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

**സംസ്ഥാന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റ്**

നവംബർ 6, 7 തിയ്യതികളിൽ ബത്തേരി ശ്രേയസ്സിൽ വച്ച് നടന്ന സംസ്ഥാന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റിൽ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. എന്നിവർ പങ്കെടുത്തു.

**അനുശോചനങ്ങൾ**

രൂപതാ സെക്രട്ടറി ശ്രീ. ജിജോ തോമസ്സ് താന്നിവേലിയുടെ പിതാവിന്റെ നിര്യാണത്തിൽ രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

**യൂണിറ്റ് വാർത്തകൾ**

**കാട്ടിക്കുളം**

ഉണർവ്വ് എന്ന പേരിൽ പ്രവർത്തന മാസാചരണം നടത്തി. രോഗീ സന്ദർശനം നടത്തി രോഗികൾക്ക് വേണ്ടി പ്രാർത്ഥിച്ചു. *മാർവെല്ല 2017* എന്ന പേരിൽ chess and carrom ടൂർണമെന്റ് നടത്തി.

**തൃശ്ശിലേരി**

ഇടവകയുടെ ജൂബിലി വർഷത്തിൽ ഇടവക ജനങ്ങളുടെ ആത്മീയ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ സമർപ്പിതരെ ആദരിക്കാൻ കെ.സി.വൈ.എം. യുവജനങ്ങൾ നേതൃത്വം നൽകി. മേഖലാ സാഹിത്യ മത്സരങ്ങളിലും കലാമത്സരങ്ങളിലും പങ്കെടുത്തു.

**പാറത്തോട്ടം**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ നടന്ന ജപമാല പ്രയാണം യൂണിറ്റിൽ നിന്നാരംഭിച്ചു. ജപമാല പ്രയാണത്തിൽ യൂണിറ്റിന്റെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ഇടവകയിൽ നടന്ന പത്തു ദിവസത്തെ ജപമാലയിൽ കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**കയ്യൂന്നി**

'സൈബർ ലോകത്തെ ചതിക്കുഴികൾ' എന്ന വിഷയത്തിൽ 15-10-17 ന് അഡ്വ. ജിജിൽ യുവജന സെമിനാർ നടത്തി. 105 യുവജനങ്ങൾ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം കൂപ്പൺ വിതരണം നടത്തി. റോഡ് ശുദ്ധീകരണ യഞ്ജത്തിൽ ഡയറക്ടറച്ചനോടൊപ്പം യുവജനങ്ങളും സജീവ പങ്കാളികളായി.

**താളിപ്പാടം**

ജപമാല മാസാചരണത്തിൽ സജീവമായി പങ്കെടുക്കുന്നതിന്റെ ഭാഗമായി കെ.സി.വൈ.എം. അംഗങ്ങൾ ഒരുമിച്ച് വലിയ ജപമാല നിർമ്മിച്ച് ദേവാലയ കവാടത്തിൽ പ്രതിഷ്ഠിച്ചു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ

ഒരുദിവസം ജപമാലയ്ക്ക് നേതൃത്വം നൽകി. ഗാന ശുശ്രൂഷയിലും, ആരാധ നക്രമം സജീവമാക്കുന്നതിലും യുവാക്കൾ കാണിച്ച താത്പര്യം ശ്രദ്ധേയ മായിരുന്നു. മാസാവസാനം നടന്ന 24 മണിക്കൂർ അഖണ്ഡ ജപമാലയിൽ സജീവമായി പങ്കെടുത്തു.

**കാവുംമന്ദം**

തുഷാരഗിരിയിൽ വച്ചു നടന്ന സംസ്ഥാന പരിസ്ഥിതി പഠനക്യാമ്പിൽ യൂണിറ്റ് വൈസ്സ് പ്രസിഡണ്ട് കുമാരി അമൃത കൊച്ചുമലയിൽ സംബന്ധിച്ചു. രൂപതാ കലാമത്സരത്തിൽ ദിൽന മുത്തേടം II A നേടി. കലാ-സാഹിത്യ മത്സരങ്ങളിൽ സമ്മാനം നൽകി. ജപമാല മാസാചരണം സജീവമാക്കുവാൻ യുവജനങ്ങൾ സഹകരിച്ചു.

**തൃശ്ശിലേരി യൂണിറ്റ്**

ഒക്ടോബർ 8 ന് നടന്ന മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗിന് യൂണിറ്റ് ആതിഥേയത്വം വഹിച്ചു. കലോത്സവ് 2017 പയ്യമ്പള്ളി മേഖല കലാമത്സര ത്തിൽ രണ്ടാം തവണയും ഒന്നാംസ്ഥാനം കരസ്ഥമാക്കി. രൂപതയുടെ പേൾ കലാമത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി പയ്യമ്പള്ളി മേഖ ലയെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. യുവജന ധ്യാനത്തിൽ പങ്കെടുത്തവർക്കുള്ള പ്രാർത്ഥനാ കൂട്ടായ്മ എല്ലാ ഞായറാഴ്ച്ചയും നടക്കുന്നു.

**കല്ലുവയൽ യൂണിറ്റ്**

ജപമാല മാസാചരണത്തിൽ സജീവമായി പങ്കെടുത്തു. സകലമരിച്ച വരുടെയും തിരുനാളിനോടനുമ്പന്ധിച്ച് സിമിത്തേരി വൃത്തിയാക്കി. ജിൽന കുന്നമാക്കൽ പേൾ രൂപതാ കലോത്സവത്തിൽ പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

ഗാന്ധിജയന്തി ദിനത്തിൽ മിഷൻലീഗിനോട് സഹകരിച്ച് ടൗൺ, പള്ളിപ്പരിസരം എന്നിവ വൃത്തിയാക്കി. ദശദിന ജപമാലയുടെ അവസാനദി വസം കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ മാതാവിന്റെ രൂപം അലങ്കരിക്കുകയും വി. ബലിയിലെ ഗാനശുശ്രൂഷ, വചനവായന എന്നിവയ്ക്ക് നേതൃത്വം നൽകി. ഒക്ടോബർ 29-31 തിയ്യതികളിൽ ഇടവകയിൽ നടന്ന ധ്യാനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം നേടി. അനുരഞ്ജന കൂദാശയിലൂടെ പ്രസാദവരം നേടി.

**കല്ലോടി യൂണിറ്റ്**

മേഖലാ കലാമത്സരത്തിന് യൂണിറ്റ് ആതിഥേയത്വം നൽകി. മേഖല യുടെ കലാമത്സരത്തിൽ ഓവറോൾ ട്രോഫി കരസ്ഥമാക്കി. കെ.സി. വൈ.എം. രൂപതാ കലാമത്സരത്തിൽ മൈമിന് എ ഗ്രേഡും ഒന്നാം സ്ഥാനവും നേടി.

**തലപ്പുഴ യൂണിറ്റ്**

2018 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസി ഡണ്ട് - അമൽ വെളിയത്ത്, വൈസ്സ് പ്രസിഡണ്ട് - അഞ്ചന പഴംപ്പള്ളിൽ, സെക്രട്ടറി- ആൻമേരി പേന്താനത്ത്, ജോയിന്റ് സെക്രട്ടറി- ജിതിൻ മേനാച്ചേരി, ട്രഷറർ - ജോബിറ്റ് പറമ്പിൽ, ആനിമേറ്റർ സി.വിനയ എ.എ സ്.എം.ഐ. ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും പുതിയ പ്രവർത്തന വർഷ ത്തിൽ എല്ലാ മംഗളങ്ങളും നേരുന്നു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**-ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 105 പേരും നവംബർ 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 88 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഡിസംബർ 03 – 06 – പാസ്റ്ററൽ സെന്റർ ദ്വാരക
ഡിസംബർ 08 – 11 – മണിമൂളി പാസ്റ്ററൽ സെന്റർ
ഡിസംബർ 27 – 30 – പാസ്റ്ററൽ സെന്റർ ദ്വാരക

**2018 – ലെ കോഴ്സുകൾ**

| MONTH | DATE | STARTING TIME | CLOSING TIME | VENUE |
|---|---|---|---|---|
| January | 07-10 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 26-29 | 9.00am | 2.00pm | Pastoral Centre Dwaraka |
| February | 09-12 | 9.00am | 2.00pm | Pastoral Centre, Dwaraka |
| March | 18-21 | 9.00am | 2.00pm | Pastoral Centre, Dwaraka |
| April | 08-11 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 20-23 | 9.00am | 2.00pm | Pastoral Centre, Dwaraka |
| May | 06-09 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 20-23 | 9.00am | 2.00pm | Pastoral Centre, Dwaraka |
| June | 10-13 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 15-18 | 4.30pm | 2pm | Manimooly |
| July | 08-11 | 9.00am | 2.00pm | Pastoral Centre, Dwaraka |
| August | 12-15 | 9.00am | 2.00pm | Pastoral Centre, Dwaraka |
| September | 02-05 | 9.00am | 2.00pm | Pastoral Centre, Dwaraka |
| October | 01-04 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 26-29 | 9.00am | 2.00pm | Pastoral Centre, Dwaraka |
| November | 14-17 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 23-26 | 4.30pm | 2pm | Manimooly |
| December | 02-05 | 9.00am | 2.00pm | Pastoral Centre, Dwaraka |
| | 27-30 | 9.00am | 2.00pm | Pastoral Centre, Dwaraka |

**മാതൃവേദി**

മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് നവംബർ 11-ന് ചേർന്നു. ശാഖാ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ മാതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്തി. പൊതുവിൽ നല്ല പ്രവർത്തനങ്ങൾ നടക്കുന്നതായി കണ്ടെത്തി. ചെറുപ്പക്കാരായ അമ്മമാർ സംഘടനയിൽ കുറവാണെന്ന് രൂപതാ ഭാരവാഹികൾ വിലയിരുത്തി.

1) മാതൃവേദി രൂപതാ വാർഷികം ഡിസംബർ 16 ശനി, പാസ്റ്ററൽ സെന്റർ ദ്വാരക, രാവിലെ 9.30 ന് രജിസ്ട്രേഷൻ, 10 മണി: ക്ലാസ്: പേരന്റിംഗ് "handle with care", 12 മണി: പൊതുസമ്മേളനം, സമ്മാനവിതരണം (മാതൃവേദി രചനാ മത്സരങ്ങൾ, ബെസ്റ്റ് ശാഖ, മേഖല, ലോഗോസ് വിജയികൾ). 1.30: സമാപനം, ഉച്ചഭക്ഷണം. പങ്കെടുക്കേണ്ടവർ: ഇടവകയിൽനിന്നും ആനിമേറ്റർ, 5 ഭാരവാഹികൾ, 2 കൗൺസിലർമാർ (ആകെ 8 പേർ), മേഖലാ, രൂപതാ ആനിമേറ്റർ, ഭാരവാഹികൾ. രജി. ഫീസ് ഒരാൾക്ക് 50 രൂപ. എത്ര പേർ പങ്കെടുക്കുമെന്നത് മേഖലാ ഭാരവാഹികൾ വഴി ഡിസംബർ 8-നു മുമ്പായി രൂപതയിൽ അറിയിക്കണം. മാതൃവേദി ആഗോള പ്രവർത്തനങ്ങൾക്കായി സംഘടനയിലെ ഓരോ അംഗവും ഒരു രൂപ വീതം നൽകേണ്ടതുണ്ട്. (ഒരമ്മ ഒരു രൂപ പദ്ധതി). ഇടവകയിൽ സംഘടനയിലെ അമ്മമാരുടെ എണ്ണമനുസരിച്ച് ഒരാൾക്ക് ഒരു രൂപ വീതം അന്നേദിവസം കൊണ്ടുവരണം. രൂപതാ വിഹിതമായ 250 രൂപയും അന്ന് എത്തിക്കേണ്ടതാണ്.

2) സംഭാവനാ കൂപ്പൺ: മാതൃവേദി ശാഖാ, മേഖലാ, രൂപതാ പ്രവർത്തന ഫണ്ട് സ്വരൂപണത്തിനായി മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും സംഭാവനാ കൂപ്പൺ തയ്യാറാക്കുന്നുണ്ട്. വാർഷിക ദിനത്തിൽ അത് ഇടവകയിൽ എത്തിക്കുന്നതാണ്. 3) മലബാറിലെ എല്ലാ രൂപതകളിലുമുള്ള ബധിര മൂക യുവജനങ്ങൾക്കായ് വിവാഹ ഒരുക്ക സെമിനാർ ഡിസംബർ മാസത്തിൽ തലശ്ശേരിയിൽ വച്ചു നടത്തുന്നു. ഇടവകകളിൽ ഈ ഗണത്തിലുള്ള യുവജനങ്ങളുണ്ടെങ്കിൽ കുടുംബപ്രേഷിതത്വം ഓഫീസിൽ എത്രയും വേഗം അറിയിക്കണേ.

4) Parents' Meeting. MPC യിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കളുടെ മീറ്റിംഗ് നമ്മുടെ രൂപതയിൽ 2018 ജനുവരി മുതൽ ആരംഭിക്കുന്നു. സമയം: MPC യുടെ അവസാന ദിവസം രാവിലെ 10.30 മുതൽ 1.30 വരെ.

**സാഹിത്യമത്സര വിജയികൾ**

പരി. പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനം 'സ്നേഹത്തിന്റെ സന്തോഷം' ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായി നടത്തിയ രചനാ മത്സരത്തിൽ മികവുറ്റ പങ്കാളിത്തം ഉണ്ടായിരുന്നു. മത്സരിച്ചവർക്കും അവരെ സഹായിച്ചവർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു. *ഉപന്യാസം:* 1. അനു കരിമ്പടക്കുഴിയിൽ, ഇരുളം, 2. തുഷാര ഓറോപ്ലാക്കൽ, വാഴവറ്റ, 3. സന്ധ്യ മേക്കാട്ട്, പാതിരിപ്പാടം. *ക്വിസ്:* 1. റെജി പയ്യനാട്ട്, കുറുമ്പാലകോട്ട, 2. മേരിക്കുട്ടി കുന്നത്തുകുഴി, കമ്മന, 3. അനു കരിമ്പടക്കുഴിയിൽ, ഇരുളം. *കവിത:* 1. ബീന കുരീക്കാട്ടിൽ, കല്ലോടി, 2. അജിത വർഗ്ഗീസ് ഇടമറ്റത്തിൽ, വാകേരി, 3. സിനി നായത്ത്, പുഴമുടി. *കഥ:* 1. ബീന കുരീക്കാട്ടിൽ, കല്ലോടി, 2. ബിന്ദു താഴുങ്കൽ, റിപ്പൺ, 3. സവിത ഇടപ്പാട്ട്, മഞ്ഞൂറ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**കല്ലോടി മേഖല**

സെപ്റ്റംബർ 6 -ന് എക്സിക്യൂട്ടീവ് യോഗം ചേർന്നു. 11 ശാഖകളിൽ സന്ദർശനം നടത്തി. ജൂഡ്സ്മൗണ്ട്, ദീപ്തിഗിരി, മക്കിയാട് എന്നീ ശാഖകളിൽ മേഖലാ ഡയറക്ടർ ഫാ. ജെയ്സ് പൂതക്കുഴി ക്ലാസെടുത്തു. പുതിയിടംകുന്ന്, കരിമ്പിൽ, നിരവിൽപുഴ എന്നീ ശാഖകളിൽ ആനിമേറ്റർ സി. കൃപ എഫ്.സി.സി ക്ലാസ്സ് എടുത്തു. വാളേരി സെന്റ് അൽഫോൻസ ദേവാലയത്തിൽ വച്ച് ജപമാല റാലി നടത്തി. ബഹു. ഫാ. ജെയ്സ് പൂതക്കുഴി വി. ബലിയർപ്പിച്ചു, ബഹു. ഫാ. ജോസ് കപ്യാരുമലയിൽ വചനസന്ദേശം നൽകി. 11 ഇടവകകളുടെയും നിയോഗാർത്ഥം പ്രാർത്ഥിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയുടെ ആഭിമുഖ്യത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് ജപമാല റാലിയും വിശ്വാസ പ്രഘോഷണവും ഒക്ടോബർ 19-ന് നടന്നു. മേഖലയുടെ എല്ലാ ശാഖകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. കത്തീഡ്രൽപള്ളി വികാരി പോൾ മുണ്ടോളിക്കൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി.

**കൽപ്പറ്റ മേഖല**

നവംമ്പർ 11-ന് തെനേരി ശാഖയിൽ മേഖലാ ജനറൽബോഡി യോഗം ചേർന്നു. ബഹു. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ വി.ബലി അർപ്പിക്കുകയും സ്നേഹത്തിന്റെ ആനന്ദം - വിശദീകരിച്ച് സന്ദേശം നൽകി. തുടർന്ന് സമ്മേളനത്തിൽ ശാഖകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു, സാഹിത്യമത്സര വിജയികൾക്കും ബെസ്റ്റ് ശാഖകൾക്കുമുള്ള സമ്മാനങ്ങൾ നൽകി.

**പയ്യംപള്ളി മേഖല**

മാതൃവേദി പയ്യംപള്ളി മേഖലാസംഗമം മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ്ജ് മൈലാടൂരിന്റെ നേതൃത്വത്തിൽ പയ്യംപള്ളി ഫൊറോന ദേവാലയത്തിൽ നടത്തി. എല്ലാ ഇടവകളിൽ നിന്നുമായി 300 അമ്മമാർ പങ്കെടുത്തു. 'മാതാപിതാക്കളും മക്കളും ഇന്നത്തെ സമൂഹത്തിൽ' എന്ന വിഷയത്തിൽ ശ്രീ. ഷൈജു മഠത്തിൽ ക്ലാസ് എടുത്തു.

**പറളിക്കുന്ന്**

കൊന്തനമസ്കാര ദിനങ്ങളിൽ അമ്മമാർ കാഴ്ച്ചവയ്പ്പു നടത്തി ദേവാലയം അലങ്കരിച്ചു. സമാപനദിനത്തിൽ ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കുചേർന്നു. പുതുക്കിപണിത സൺഡേസ്കൂൾ വെഞ്ചരിപ്പിന് സ്നേഹവിരുന്നിനാവശ്യമായ അപ്പം അമ്മമാർ തയ്യാറാക്കി കൊണ്ടുവന്നു.

**ഒലിവുമല**

ആഗസ്റ്റ് 15-ന് മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും 27-ന് മോനിക്ക പുണ്യവതിയുടെ തിരുനാളും ആഘോഷിച്ചു. പാച്ചോർ നേർച്ചയും കാഴ്ച്ചസമർപ്പണവും നടത്തി. രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**തൃശ്ശിലേരി**

ഒക്ടോബർ 7-ന് അമ്മമാർക്ക് സെമിനാർ നടത്തി. ഒരമ്മ ആര്, അവളുടെ വില, നില, കടമ എന്നിവയെ ആധാരമാക്കി ശ്രീ. ജോണി അമ്പാട്ട് സാർ ക്ലാസ് എടുത്തു.

**കോട്ടത്തറ**

2016-17 വർഷത്തെ ശാഖാ പ്രവർത്തനങ്ങളെ വിലയിരുത്തി കോട്ടത്തറ ശാഖ മേഖലയിലെ രണ്ടാമത്തെ ബെസ്റ്റ് ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. കൊന്ത നമസ്ക്കാരത്തിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ദേവാലയത്തിലെ 10 ദിവസത്തെ കൊന്ത നമസ്ക്കാരത്തിൽ മുടങ്ങാതെ പങ്കെടുത്തവർക്ക് സമ്മാനം നൽകി. 18 -ന് വെണ്ണിയോട് വി. മദർ തെരേസ ദേവാലയത്തിലും 31 -ന് കോട്ടത്തറ ദേവാലയത്തിലും വച്ച് ജപമാല റാലി നടത്തി. 21 -ന് ജയിൽ മിനിസ്ട്രിയുടെ ഭാഗമായി വസ്ത്രങ്ങൾ ശേഖരിച്ച് വൈത്തിരി, മാനന്തവാടി ജയിലുകളിൽ കൊടുക്കുവാൻ ബന്ധപ്പെട്ടവരെ ഏൽപ്പിച്ചു.

**ചെന്നലോട്**

ദേവാലയത്തിൽ വച്ച് നടത്തിയ ജപമാലയിലും, ശനിയാഴ്ച്ചകളിൽ കുരിശടിയിൽ വച്ച് നടത്തിയ ജപമാലയിലും 28-ന് നടത്തിയ ജപമാല റാലിയിലും മാതൃവേദി അംഗങ്ങൾ പങ്കുചേർന്നു. മിഷൻ മാസാചരണത്തോടനുബന്ധിച്ച് പള്ളിയിൽ വച്ച് നടത്തിയ 'ജറീക്കോ' പ്രാർത്ഥനയിലും, 'ഗദ്സെമെൻ' പ്രാർത്ഥനയിലും മാതൃവേദി അംഗങ്ങൾ പങ്കുചേർന്നു.

**വാഴവറ്റ**

മിഷൻ മാസാചരണവും ജപമാല മാസാചരണവും അഖണ്ഡജപമാലയും നടത്തി. ഗാന്ധിജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വിശുദ്ധരുടെ തിരുനാളുകൾ ആചരിച്ചു. ഭവനസന്ദർശനവും ജാഗരണ പ്രാർത്ഥനയും നടത്തി.

**കയ്യൂന്നി**

മാതൃവേദിയിലെ അമ്മമാർ 29 -ന് രോഗീസന്ദർശനം നടത്തുകയും ഒരു കുടുംബത്തിന് 2500 രൂപ സഹായമായി നൽകുകയും ചെയ്തു. റോഡുസൈഡിലുള്ള കാട് വെട്ടിത്തെളിച്ചു. യുവജന സെമിനാറിൽ യുവജനങ്ങൾക്കായി മണൽവയൽ യൂണിറ്റിലെ അമ്മമാർ ഭക്ഷണം നൽകി. പ്രായമായവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ചു.

**കല്ലുവയൽ**

ക്യാൻസർ രോഗത്താൽ ക്ലേശിക്കുന്ന ഒരാൾക്ക് 1000 രൂപ ചികിൽസാസഹായം നൽകി. കിടപ്പുരോഗികളെ സന്ദർശിച്ചു. മരണവീടുകളിൽ പോയി പ്രാർത്ഥിക്കുന്നു. 14-ന് ബഹു. ഫാ. ജെയ്സൺ കുഴികണ്ടം കുടുംബ ജീവിതത്തെക്കുറിച്ച് അമ്മമാർക്ക് ക്ലാസ്സ് എടുത്തു. ജപമാല മാസാചരണത്തിൽ വീടുകളിലും വാർഡുകളിലും, ഇടവകയിലെ പത്തുദിവസത്തെ കൊന്തനമസ്ക്കാരത്തിലും അമ്മമാർ സജീവമായി പങ്കെടുത്തു.

**മഞ്ഞൂറ**

ജപമാലയ്ക്കും, വായനകൾക്കും അമ്മമാർ നേതൃത്വം നൽകി. മധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പിൽ അമ്മമാർ സജിവമായി പങ്കെടുത്തു.

**പൂളപ്പാടം**

ഒക്ടോബർ 1, 31 ദിവസങ്ങളിൽ ജപമാല റാലി നടത്തി. ഇടവകയിൽ നാലാമത്തെ കുഞ്ഞിന് ജൻമം നൽകിയ കുടുംബത്തെ സന്ദർശിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**പൂക്കോട്ടുംപാടം**

1-10-2017 -ന് സെമിനാർ നടത്തി. 'സമൂഹ നിർമ്മിതിയിൽ അമ്മമാർക്കുള്ള പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി. അമലി ജെറി അമ്മമാർക്ക് ക്ലാസ്സെടുത്തു. 14 -ന് ഏലീശ്വ കൂട്ടായ്മ ഇടവകയിൽ നടത്തി. 23 -ന് ശാന്തിസദനം സന്ദർശിച്ച് അമ്മമാർ ശേഖരിച്ച പിടിയരി എത്തിച്ചു കൊടുത്തു. ഉച്ചഭക്ഷണത്തിന്റെ ചെലവിനായി 5000 രൂപ നൽകി. 27-ന് ശാന്തിസദനം സന്ദർശിച്ച് 40 ഷാളുകൾ നൽകി. 29 -ന് ബഹു. ഫാ. ജോഷി പുൽപ്പയിൽ മാതൃത്വ ശാക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസ പുസ്തകം അമ്മമാർക്ക് നൽകി.

**കാരയ്ക്കാമല**

ഒക്ടോബർ 14-ന് സെന്റ് പീറ്റർ വാർഡിലെ കുടുംബങ്ങൾ മാനന്തവാടി ഗവ. ആശുപത്രിയിലെ രോഗികൾക്ക് ഭക്ഷണം നൽകുന്നതിനായി 2000 രൂപ നൽകി. ഇടവക ദേവാലയത്തിലും കാപ്പുംകുന്ന് ഗ്രോട്ടോയിലും അഞ്ചുകുന്ന് കുരിശുപള്ളിയിലും 10 ദിവസങ്ങളിലായി നടന്ന കൊന്തനമസ്ക്കാരത്തിൽ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു. മേഖലയിൽ നടത്തിയ ജപമാല പ്രദക്ഷണത്തിൽ 7 അമ്മമാർ പങ്കെടുത്തു.

**പനംഞ്ചിറ**

അമ്മമാർ മാതൃവേദിയിൽ പ്രവർത്തിക്കേണ്ടതിന്റെ പ്രസക്തിയെ കുറിച്ച് നീലഗിരി റീജനൽ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ ക്ലാസ്സെടുത്തു. 70 അമ്മമാർ പങ്കെടുത്തു. രോഗികളുടെയും, പ്രായമായവരുടെയും ഭവനങ്ങൾ സന്ദർശിച്ച് ജപമാല ചൊല്ലി, സാമ്പത്തിക സഹായം നൽകി പിടിയരി ശേഖരണത്തിലൂടെ പാവപ്പെട്ട ഒരു കുടുമ്പത്തെ സഹായിച്ചു.

**കാവുംമന്ദം**

8 -ന് ജോൺ ദ ബാപ്റ്റിസ്റ്റ് സഭാംഗമായ ബഹു. ബിനു മഠത്തിപറമ്പിൽ അച്ചൻ 'കുട്ടികളുടെ വളർച്ചയിൽ പ്രത്യേകിച്ച് കൗമാര പ്രായത്തിലുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വളർച്ചയിൽ കുടുംബത്തിൽ അമ്മമാർ എങ്ങിനെ അവരെ സഹായിക്കണം' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സെടുത്തു. 29 -ന് ജപമാല റാലിയോടനുബന്ധിച്ച് ബഹു. ജോസ് വാഴക്കാല അച്ചൻ ഇന്നും നമ്മുടെ ജീവിതത്തിലും ലോക സമാധാനത്തിലും പരി. അമ്മയും, ജപമാല പ്രാർത്ഥനയും എത്രമാത്രം പങ്കുവഹിക്കുന്നു എന്നതിനെക്കുറിച്ച് പ്രഭാഷണം നടത്തി. മേഖലയിലെ ബെസ്റ്റ് ശാഖയായി കാവുമന്ദം തിരഞ്ഞെടുത്തു. കൊച്ചുത്രേസ്യായുടെ തിരുനാൾ അമ്മമാരുടെ നേതൃത്വത്തിൽ ആചരിച്ചു. ജപമാലമാസം സമുചിതമായും കൂടുതൽ ജപമാലകൾ ചൊല്ലിയും ആചരിച്ചു. ജപമാല റാലി നടത്തി.

**ചുങ്കക്കുന്ന്**

നേർച്ച സാധനങ്ങൾ പോരൂർ സ്നേഹാലയം, പേരാവൂർ മരിയഭവൻ, 42 -ലെ ബാലഭവൻ എന്നിവിടങ്ങളിലേക്ക് നൽകി. മേഖല ജപമാല റാലി കൊട്ടിയൂരിൽ വച്ച് നടത്തി. ഒറ്റ ദിവസം കൊണ്ട് 1150 വീടുകൾ അമ്മമാർ സന്ദർശിച്ച് യൂദാതദേവൂസിന്റെ തിരുനാളിനു മുന്നോടിയായി നോട്ടീസ് നൽകി പ്രാർത്ഥിച്ചു സംഭാവന സ്വീകരിച്ചു. 63900 രൂപ ലഭിച്ചു. ജപമാല റാലി നടത്തി. ജൈവ പച്ചക്കറികൃഷിയുടെ പ്രോൽസാഹനാർത്ഥം 500 രൂപയുടെ വിത്ത് അമ്മമാർക്ക് നൽകി. 22-ന് റവ.ഫാ. ജോസഫ് ചിറ്റൂർ,

ഡോ. തമ്പാൻ - ശ്രീ. നാരായണ ഗുരുകുലം വർക്കല എന്നിവർ ബോധ വൽക്കരണ സെമിനാർ നടത്തി.

**പുതിയിടംകുന്ന്**

ഒക്ടോബർ 2-ന് ഗാന്ധി ജയന്തി ദിനത്തിൽ പള്ളിപ്പരിസരം വൃത്തി യാക്കി ചെടികൾ നട്ടു പിടിപ്പിച്ചു. കൊന്തനമസ്ക്കാരത്തിന് ഓരോദിവസവും വാർഡുതലത്തിൽ അമ്മമാർ കൊന്തയ്ക്ക് നേതൃത്വം നൽകി, സമാപന ദിവസം ഭക്ഷണം നൽകി. ഡി.സി.എൽ പരീക്ഷയ്ക്ക് അമ്മമാർ കുട്ടികളെ ഒരുക്കി. മേഖലാ ജപമാല റാലിയിൽ 42 അമ്മമാർ പങ്കെടുത്തു. 21-ാം തീയതി സമരിറ്റൻ ഭവൻ ശുശ്രൂഷയ്ക്ക് പോവുകയും അവിടുത്തെ അന്തേവാസികൾക്ക് പലഹാരങ്ങൾ നൽകി.

**വാളേരി**

ജപമാല മാസത്തിൽ ഏഴ് ജപമാല റാലികൾ നടത്തി. കല്ലോടി മേഖല റാലിക്ക് ആതിഥേയത്വം വഹിച്ചു, സംബന്ധിച്ച എല്ലാവർക്കും ഉച്ചഭക്ഷണം നൽകി. യൂണിറ്റിലെ എല്ലാ അമ്മമാരും പങ്കെടുത്തു. 5-ന് മാനന്തവാടി രൂപത യിലെ വൈദികർക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിച്ചു. 19-ന് ജില്ലാ ആശു പത്രിയിൽ ഭക്ഷണം നൽകി. ഒക്ടോബർ 26-ന് സമരിറ്റൻഭവൻ സന്ദർശിച്ച് ശുശ്രൂകൾ നടത്തി. ഒരു വാർഡിൽ നിന്ന് മറ്റൊരു വാർഡിലേക്ക് മരിയൻ യാത്ര എന്ന പേരിൽ ഭവനസന്ദർശനം നടത്തി.

**പാറത്തോട്ടം**

കൊന്തനമസ്ക്കാരം സമുചിതമായി ആഘോഷിച്ചു. മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ കത്തീഡ്രലിൽ വച്ച് നടത്തിയ ജപമാല റാലി യിൽ 68 അമ്മമാർ പങ്കെടുത്തു. മരണം നടന്ന ഒരു ഭവനം സന്ദർശിച്ചു.

**ഇരുളം**

ജപമാല മാസാചരണം സമുചിതമായി ആചരിച്ചു. ഒക്ടോബർ 15-ന് 'കുട്ടികളിലെ മാനസിക വൈകല്യങ്ങളെക്കുറിച്ചും എങ്ങനെ കുട്ടികളെ മാന സിക പക്വതയുള്ളവരായി വളർത്താം' എന്നതിനെക്കുറിച്ച് സി. മേരി ജോർജ്ജ് എസ്.കെ.ഡി ക്ലാസ്സെടുത്തു. 18 -ന് മേഖലാ സെമിനാറിൽ സംബ ന്ധിച്ചവർക്ക് ഭക്ഷണം നൽകിയപ്പോൾ ഇരുളം ഇടവകയിൽ നിന്നും അമ്മ മാർ ഉള്ളിക്കറി സംഭാവന ചെയ്തു. 31 -ന് ജപമാല റാലി നടത്തി. വിവാഹ പ്രായമെത്തിയിട്ടും വിവാഹം നടക്കാത്തവർക്കും, ജോലിതടസ്സം നേരിടുന്ന യുവജനങ്ങൾക്കുംവേണ്ടി അമ്മമാർ പ്രത്യേകമായി ജപമാല ചൊല്ലി പ്രാർത്ഥി ക്കുന്നു.

**ദ്വാരക**

ഒക്ടോബർ 1 മുതൽ 10 വരെ നടത്തിയ കൊന്തനമസ്ക്കാരത്തിൽ അമ്മമാർ പങ്കെടുത്തു. പ്രധാനതിരുനാൾ ദിനത്തിൽ പ്രദക്ഷണത്തിന് മാതാ വിന്റെ സ്വരൂപം അമ്മമാർ വഹിച്ചു. നേർച്ചഭക്ഷണത്തിന് പച്ചക്കറികൾ അമ്മ മാർ വീട്ടിൽ നിന്നും കൊണ്ടുവന്നു. ദ്വാരക മേഖലയുടെ ജപമാല റാലി ബഹു. ജോസ് തേക്കനാടി അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇടവക യിലെ ധാരാളം അമ്മമാർ പങ്കെടുത്തു.

**മരിയൻ സിംഗിൾസ്**

നവംബർ 20-ന് മീറ്റിംഗിൽ 12 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്എച്ച് നേതൃത്വം നൽകി. അടുത്ത മീറ്റിംഗ് ഡിസംബർ 18.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ** - ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (3-11-17)**

നവംബർ മാസത്തിലെ ആദ്യവെള്ളി രാവിലെ 10 മണിക്ക് എൽഡറിംങ്ങ് ആരംഭിച്ചു. തുടർന്ന് കുമ്പസാരം, 12 മണിക്ക് ജപമാല, കുരിശിന്റെ വഴി, 3 മണിയോടെ ടീം മീറ്റിംഗ് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തി. ഒരുക്കശുശ്രൂഷകൾ പൂർത്തിയാക്കി 5 മണിയോടെ ജാഗരണപ്രാർത്ഥന ആരംഭിച്ചു. വട്ടക്കുന്നേൽ ബ്രദർ ജോസഫ് സാർ ക്ഷമിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സ് എടുത്തു. ബഹു. സോണിയച്ചൻ വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള സമയങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥന, സ്തുതി ആരാധന നടത്തുകയും ചെയ്തു. രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (4-11-17)**

രാവിലെ 6 മണിക്ക് കൺവെൻഷനുവേണ്ടിയുള്ള ഒരുക്കശുശ്രൂഷകൾ ആരംഭിച്ചു. ബഹു. സോണിയച്ചനും ടീം അംഗങ്ങളും പരി. അമ്മയുടെ തിരുസന്നിധിയിൽ ത്യാഗത്തോടെ സഹനജപമാല നടത്തി മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. 8.45 ന് കൺവെൻഷൻ ആരംഭിച്ചു. അനുഗ്രഹീത വചനപ്രഘോഷകൻ ബ്രദർ പാപ്പച്ചൻ പള്ളത്ത് വചനപ്രഘോഷണം നടത്തി. 12 മണിക്ക് ദ്വാരക ഫൊറോന വികാരി ബഹു. ജോസ് തേക്കനാടി അച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയ്ക്കു ശേഷം 3.30 ന് ശുശ്രൂഷകൾ സമാപിച്ചു. മരണമടഞ്ഞ ആത്മാക്കളെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥനകൾ നടത്തി.

**തൂവാനീസ (10-11-17)**

രണ്ടാം വെള്ളി സീയോൻ ചാപ്പലിൽ വച്ച് തൂവാനീസ കൂട്ടായ്മ നടന്നു. ജപമാല, കുരിശിന്റെ വഴി എന്നിവ നടത്തി. ഫാ. റോയി വട്ടക്കാട്ട് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മുപ്പതോളം അമ്മമാർ പങ്കെടുത്തു.

**രണ്ടാം ശനി (11-11-17)**

രണ്ടാം വെള്ളി കൗൺസിലേഴ്സ് ഒരുമിച്ചുകൂടി പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച രാവിലെ 9 മണി മുതൽ 3.30 വരെ സ്പിരിച്വൽ ഷെയറിംഗ് നടത്തി. ധാരാളം പേർ ആത്മീയ മാനസിക സൗഖ്യം പ്രാപിച്ച് തിരിച്ചുപോയി.

**മൂന്നാംവെള്ളി ജാഗരണപ്രാർത്ഥന (17-11-17)**

സായാഹ്നം 6 മണി മുതൽ പ്രഭാതം 5 മണി വരെ സീയോൻ ടീമിന്റെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടന്നു. ശുശ്രൂഷകരോടൊപ്പം ധാരാളം വിശ്വാസികൾ പങ്കെടുത്തു.

**ക്രിസ്തീയ ജീവിതദർശന ധ്യാനം (19-23)**

നവംബർ 19 മുതൽ 23 വരെ സീയോനിൽ വെച്ച് ക്രിസ്തീയ ജീവിതദർശന ധ്യാനം നടത്തപ്പെട്ടു. ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം ധ്യാനം നയിച്ചു.

**സീയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| 1 -12-2017 ആദ്യവെള്ളി | - | എൽഡറിംങ്ങ്, ഒരുക്കശുശ്രൂഷ ജാഗരണ പ്രാർത്ഥന |
| 2-12-2017 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 7-12-2017 വ്യാഴം | - | വിധവകളുടെ ഏകദിനം |
| 8-12-2017 രണ്ടാം വെള്ളി | - | തൂവാനീസ |
| 9-12-2017 രണ്ടാം ശനി | - | സ്പിരിച്ച്വൽ ഷെയറിംഗ് |
| 15-10-2017 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 17-12-2017 to 21-12-2017 | - | ഇമ്മാനുവേൽ അനുഭവധ്യാനം |
| 23-12-2017 നാലാം ശനി | - | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

ഒരു ക്രിസ്തുമസ് കൂടി നമ്മെ തേടി എത്തുകയാണ്. ലോകംമുഴുവനും ആഹ്ലാദത്തോടെ ഏററുവാങ്ങുന്ന ആഘോഷമാണല്ലൊ ക്രിസ്തുമസ്. നമ്മളെല്ലാവരും ജീവിതത്തിൽ ഇന്നുവരെ നിരവധി ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കാളികളായിട്ടുണ്ട്. നമ്മുടെയൊക്കെ ചെറുപ്പത്തിൽ മുളങ്കീറുകളുപയോഗിച്ച് നക്ഷത്രങ്ങളുടെ രൂപങ്ങളുണ്ടാക്കി-അവയിൽ വർണ്ണകടലാസുകളൊട്ടിച്ച്-അവയ്ക്കുള്ളിൽ മണ്ണെണ്ണ വിളക്കുകൾ കത്തിച്ചുവച്ച്-വീടിനടുത്തുള്ള ഏറ്റവും ഉയർന്ന മരത്തിൽ കെട്ടി ഉയർത്തുന്ന നക്ഷത്രങ്ങളായിരുന്നു ക്രിസ്തുമസ്സിന്റെ വരവ് വിളിച്ചറിയിച്ചിരുന്നത്. ക്രിസ്തുമസ്സിന് മുന്നൊരുക്കമായി 25നോമ്പും ആചരിച്ചിരുന്നു. ഇന്ന് കാലം മാറി, പഴയ മണ്ണെണ്ണ വിളക്കും, ഇല്ലിക്കമ്പുകൊണ്ടുണ്ടാക്കുന്ന നക്ഷത്രങ്ങളും പോയ് മറഞ്ഞു. പകരം മൾട്ടി നാഷണൽ കമ്പനികളുടെ കടലാസ് നക്ഷത്രങ്ങളും (നക്ഷത്രങ്ങളുടെ സങ്കല്പങ്ങളും മാറി-മുമ്പ് അഞ്ച് ശിഖിരങ്ങൾ ഒരു നക്ഷത്രത്തിനെന്നത് മാറി പകരം എത്രയധികം കതിരുകളാവാമൊ അത്രയധികമായി), വർണ്ണപ്രപഞ്ചം തീർക്കുന്ന വിവിധ തരം വൈദ്യുത വിളക്കുകളുടെയും മായിക ലോകത്തിലാണ് നാമിന്നുള്ളത്. ബാഹ്യമായ മാറ്റങ്ങൾക്കൊപ്പം ആന്തരികമായ മാറ്റങ്ങളുമുണ്ടായി. ഉണ്ണിയേശുവിന്റെ തിരുപ്പിറവിക്കായി 25-നോമ്പിലൂടെ ഹൃദയം ഒരുക്കി, അകതാരിൽ പുൽക്കൂടുകളൊരുക്കുകയായിരുന്നു നമ്മുടെ പൂർവീകർ ചെയ്തിരുന്നത്. ഇന്ന് നോമ്പാചരണം പലപ്പോഴും കുടുംബത്തിലെ പ്രായമായവരുടേത് മാത്രമായി. നോമ്പുകാലത്ത് മത്സ്യ-മാംസാദികൾ ഉപേക്ഷിക്കുക, ക്രിസ്തുമസ്സിനു മുമ്പുള്ള 24 ദിവസവും പള്ളിയിൽ ദിവ്യബലി അർപ്പണത്തിൽ പങ്കുകാരാവുക-എന്നതൊക്കെ പഴങ്കഥകളാവുകയാണ്. നോമ്പ് ആചരിക്കുന്നില്ലെങ്കിലും പേത്തർത്തായും, നോമ്പുവീടലും നാം ആഘോഷമാക്കും. നോമ്പാചരിക്കാത്തവർക്ക് പേത്തർത്തായും (പെത്തൂർത്താ -തിരിഞ്ഞുനോട്ടം), നോമ്പുവീടലും ആചരിക്കുവാൻ അവകാശമുണ്ടോ?

പഴയ മണ്ണെണ്ണ വിളക്കിലേക്കും, മുളന്തണ്ടുകളുടെ നക്ഷത്രങ്ങളിലേക്കും നമുക്ക് ഇനി മടങ്ങി പോകുവാനാവുകയില്ല. പക്ഷെ പഴയകാല നോമ്പാചരണത്തിലെ ദിവ്യബലി അർപ്പണത്തിലും, ത്യാഗങ്ങളിലും നമുക്ക് സജീവമാകുവാൻ കഴിയും. കാലിത്തൊഴുത്തിൽ പിറന്നുവീണ ഉണ്ണിയേശു നാമോരുരുത്തരുടെയും ഹൃദയങ്ങളിൽ പിറന്നു വീഴുവാൻ ഒരുങ്ങാം. ലോകത്തിലെ കോടിക്കണക്കിന് പുൽക്കൂടുകളിൽ ഉണ്ണിയേശു പിറന്നുവീണാലും നമ്മുടെ ഹൃദയങ്ങളിൽ ഉണ്ണിയേശുവിന്റെ തിരുപ്പിറവി ഉണ്ടായില്ലെങ്കിൽ ദിവ്യ

രക്ഷകന്റെ പിറവി നമുക്ക് അർത്ഥരഹിതമാകും. നോമ്പുകാലത്തെ നമ്മുടെ ത്യാഗങ്ങൾ കൂട്ടിവച്ച് നമുക്ക് ചുറ്റുമുള്ള പാവപ്പെട്ടവരെയും പതിതരെയും സഹായിക്കുവാനുള്ള സന്മനസ്സ് ഓരോ വിൻസെൻഷ്യനുമുണ്ടാകട്ടെ. നാം ആഹ്ലാദിക്കുമ്പോൾ നമ്മുടെ സഹോദരൻ വേദനകൊണ്ട്-പട്ടിണികൊണ്ട് കണ്ണീർവാർക്കാതിരിക്കട്ടെ.

**ഓസാനാംഭവൻ ബെനഫാക്ടേഴ്സ് ഡേ ഡിസംബർ 19-ന്**

ഓസാനാംഭവനെ കരുതുന്നവരുടെ ഈ വർഷത്തെ ഒത്തുചേരൽ (ബെനഫാക്ടേഴ്സ് ഡേ) 2017 ഡിസംബർ 19-ന് നടക്കുന്ന വിവരം ഇതിനകം എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും അറിഞ്ഞുകാണുമല്ലൊ. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി.യുടെ ജീവിക്കുന്ന മുഖമാണല്ലൊ ഓസാനാംഭവൻ. നാനാമതസ്ഥരായ നിരവധി സുമനസ്സുകളുടെ കാരുണ്യത്താലാണ് ഓസാനാംഭവന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ സുമനസ്സുകളുടെ ഒത്തുചേരലാണ് ഡിസംബർ 19-ന് നടക്കുന്നത്. ഓരോ കോൺഫ്രൻസുകളുടെയും കീഴിൽ വിൻസെന്റ് ഡിപോൾ സൊസൈറ്റിയെയും ഓസാനാംഭവനെയും സഹായിക്കുന്നവരെ നേരിൽക്കണ്ട് ക്ഷണിക്കേണ്ടത് ഓരോ വിൻസെൻഷ്യന്റെയും കടമയാണ്. അവരെ ഒത്തുചേരൽ ദിനത്തിൽ നടവയലിലെ ഓസാനാംഭവനിൽ എത്തിക്കേണ്ട ചുമതലയും നിങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ പ്രിയപ്പെട്ട വൈദീകരെയും, സന്യസ്ഥരെയും, ബഹു. സിസ്റ്റേഴ്സിനെയും ക്ഷണിച്ച് കൊണ്ടുവരേണ്ട കാര്യം പ്രത്യേകം ഓർക്കുമല്ലൊ. ഇത്തവണത്തെ ബെനഫാക്ടേഴ്സ് ഡെ-യിൽ നമ്മോടൊപ്പം എത്തുന്ന വിശിഷ്ടാതിഥി നമ്മുടെ അതിരൂപതാധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവാണ്. അഭിവന്ദ്യ പിതാവിനൊപ്പം നമ്മുടെ രൂപതയിലെ വിശിഷ്ടരായ വൈദീകരും സന്നിഹിതരാകും. രാവിലെ 10-മണിക്ക് ദിവ്യബലി, 11.30-ന് സുഹൃത്സദസ്സ്, നമ്മെ സഹായിക്കുന്നവരുടെ അനുഭവവിവരണം, 1.15-ന് സ്നേഹവിരുന്ന്-എന്നിങ്ങനെയാണ് കാര്യപരിപാടികൾ. കോൺഫ്രൻസ് പ്രസിഡന്റുമാർ,എ.സി.ഭാരവാഹികൾ, യൂത്ത്, വനിതാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും ഒത്തുചേരലിന് എത്തേണ്ടതാണ്.

**എ.സി.സന്ദർശനം**

സി.സി.ഭാരവാഹികളുടെ നേതൃത്വത്തിൽ എ.സി.സന്ദർശനങ്ങൾ നടന്നുവരികയാണല്ലൊ. എ.സി. സന്ദർശനങ്ങൾ വളരെ ഭംഗിയായി ക്രമീകരിച്ച എ.സി.ഭാരവാഹികളെ നന്ദിയോടെ സ്മരിക്കുന്നു. ഒക്ടോബർ 22-ന് പുൽപ്പള്ളി എ.സി.സന്ദർശനം നടന്നു. മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന പാരിഷ്ഹാളിൽ നടന്ന യോഗത്തിൽ എ.സി. ട്രഷറർ ബ്ര.എ.കെ. ഇമ്മാനുവേൽ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. എ.സി. സെക്രട്ടറി ബ്ര.ബേബി തറയിൽ സ്വാഗതം ആശംസിച്ചു. എ.സി ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു.എ.സി. പ്രസിഡന്റ് ബ്ര.ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. അംഗങ്ങളുടെ പ്രതിജ്ഞ പുതുക്കൽ നടന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി, സി.സി. ട്രഷറർ ബ്ര. എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ഓസാനാംഭവൻ സെക്രട്ടറി

ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ എടുത്തു.

തരിയോട് എ.സി. സന്ദർശനത്തോടനുബന്ധിച്ചുള്ള യോഗം കാവുമന്ദം ലൂർദ്ദ്മാതാ പള്ളി ഹാളിൽ നടന്നു. എ.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.മാർട്ടിൻ പുതുശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. എ.സി.പ്രസിഡൻറ് സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ അധ്യക്ഷത വഹിച്ചു. സി. ത്രേസ്യാമ്മ അമ്പാറയിൽ, സി.ത്രേസ്യാമ്മ കൊച്ചുമലയിൽ, സി. റിയ മഠത്തിൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. ബ്ര.ജോർജ്ജ് കുന്നത്ത് ആശംസകളർപ്പിച്ചു.അംഗങ്ങളുടെ പ്രതിജ്ഞ പുതുക്കൽ നടന്നു. സി.സി.പ്രസിഡൻറ് ബ്ര.ജോർജ്ജ് ആക്കാന്തിരി, സി.സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി.സി. ട്രഷറർ ബ്ര. എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ എടുത്തു. എ.സി. സെക്രട്ടറി ബ്ര.ഫ്രാൻസീസ് എടപ്പാട്ട് സ്വാഗതവും, ബ്ര.ബെന്നി മോളേപ്പറമ്പിൽ നന്ദിയും ആശംസിച്ചു.

വാഴവറ്റ എ.സി. സന്ദർശനത്തോടനുബന്ധിച്ചുള്ള യോഗം വാഴവറ്റ സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഹാളിൽ നടന്നു. എ.സി.പ്രസിഡന്റ് ബ്ര. ബാബു പാലത്തടം അധ്യക്ഷത വഹിച്ചു. എ.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.ജോസ് കൊച്ചറയ്ക്കൽ യോഗം ഉദ്ഘാടനം ചെയ്തു. മുൻ സി. സി.പ്രസിഡന്റ് ബ്ര.തോമസ് മാങ്ങൻ, ബ്ര.ബാബു നെല്ലിനിൽക്കുന്തടം എന്നിവർ ആശംകളർപ്പിച്ചു. അംഗങ്ങളുടെ പ്രതിജ്ഞ പുതുക്കൽ നടന്നു. സി.സി. പ്രസിഡൻറ് ബ്ര.ജോർജ്ജ് ആക്കാന്തിരി, സി.സി.ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ എടുത്തു. തുടർന്ന് നടന്ന എ.സി.പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പുതിയ എ.സി. പ്രസിഡന്റായി ബ്ര.മാത്യു കന്നുകെട്ടിലിനെ തെരഞ്ഞെടുത്തു.

**സി.സി. ബോർഡ് യോഗം**

നവംബർ 11-ന് സി.സി.ബോർഡ് യോഗം ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി.യുടെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ബ്ര. ബാബു നമ്പുടാകം അവതരിപ്പിച്ചു. സി.സി. കണക്ക് ട്രഷറർ ബ്ര.എൻ.യു. ജോൺ, ഓസാനാം ഭവന്റെ പ്രവർത്തനങ്ങൾ സെക്രട്ടറി ബ്ര. വിൻസെൻറ് ജോൺ എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം ഇവ യോഗം അംഗീകരിച്ചു.

**സി.സി.യോഗം**

നവംബർ 11-ന് രാവിലെ 10.30-ന് നടവയൽ ഓസാനാംഭവൻ ഹാളിൽ സി.സി.യോഗം ചേർന്നു. സി.റോസമ്മ അയ്യങ്കുഴയ്ക്കൽ പ്രർത്ഥനയും, ബ്ര.തോമസ് മാങ്ങൻ ജ്ഞാനവായനയും നടത്തി. ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. സി.സി.്രപസിഡൻറ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി.യുടെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ബ്ര. ബാബു നമ്പുടാകം അവതരിപ്പിച്ചു. സി.സി.കണക്ക് ട്രഷറർ

ബ്ര.എൻ.യു.ജോൺ, ഓസാനാംഭവന്റെ പ്രവർത്തനങ്ങൾ സെക്രട്ടറി ബ്ര.വിൻസെൻറ് ജോൺ എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം ഇവ യോഗം അംഗീകരിച്ചു. ഡിസംബർ 19-ന് ആഘോഷിക്കുന്ന ഓസാനാംഭവൻ ബെനഫാക്ടേഴ്സ് ഡെ-യെക്കുറിച്ച് ചർച്ചകൾ നടത്തി. സബ്കമ്മററി അംഗങ്ങളായി ബ്ര.ഫ്രാൻസീസ് പുലിക്കോട്ടിൽ, സി.ബേബി മരിയ, ബ്ര.തങ്കച്ചൻ മേപ്പാടത്ത്, ബ്ര.ജോസ് ചാത്തമല, ബ്ര.സണ്ണി തോമസ് ആലഞ്ചേരി, ബ്ര. എ.സി.ജോണി എന്നിവരെ തെരഞ്ഞെടുത്തു.

ഓസാനാംഭവനിലെ അന്തേവാസികൾക്ക് പുതുവസ്ത്രം സമ്മാനിക്കുന്നതിനായി ഓരോ കോൺഫ്രൻസുകളും ഒരു അന്തേവാസിക്കുള്ള വസ്ത്രത്തിന്റെ വിലയായ 600-വീതമെങ്കിലും നല്കണമെന്ന് സി.സി. തീരുമാനിച്ചു. ഓസാനാംഭവന് സമ്പത്ത് കണ്ടെത്തുന്നതിനായി വ്യാപാരസ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സ്ഥാപിക്കുന്നതിനായി നിർമ്മിച്ച സംഭാവന പെട്ടികൾ എ.സി. പ്രസിഡന്റുമാർ ഏററുവാങ്ങി. ഓരോ കോൺഫ്രൻസുകളും ഒരു ബോക്സ് എങ്കിലും വയ്ക്കണമെന്നും തീരുമാനിച്ചു. ഇവയിലെ പണം ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്തം അതാത് എ.സി. പ്രസിഡന്റുമാരെ ഏല്പ്പിച്ചു.

**അഭിനന്ദനങ്ങൾ**

ഓസാനാംഭവന് ഒരു ദിനം ഒരു രൂപ എന്ന പരിപാടിയുടെ ഭാഗമായി തരിയോട് എ.സി.യിലെ ഇടവകകളിലെ മുഴുവൻ വൈദീകരും ഒരു വർഷത്തേക്കുള്ള വിഹിതം പൂർണ്ണമായി അടച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയോടും ഓസാനാംഭവനോടും ബഹുമാനപ്പെട്ട വൈദീകർ കാണിക്കുന്ന പരിഗണനയ്ക്കും സഹകരണത്തിനും ഒത്തിരി നന്ദി. വിൻസെൻഷ്യൻ പ്രവർത്തകരുടെ പ്രാർത്ഥനകളിൽ നിങ്ങളേവരെയും പ്രത്യേകം സ്മരിക്കുന്നതാണ്. എല്ലാവിധ ദൈവാനുഗ്രഹങ്ങളും നിങ്ങളുടെ ഭാവി പ്രവർത്തനങ്ങളിൽ ഉണ്ടാകട്ടെ.ബഹുമാനപ്പെട്ട വൈദീകർക്ക് ഓസാനാംഭവന്റെ സന്ദേശം എത്തിച്ച് അവരെ ഈ മഹാസംരംഭത്തിൽ പങ്കാളികളാക്കിയ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി തരിയോട് എ.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. മാർട്ടിൻ പുതുശ്ശേരി, എ.സി. പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ എന്നിവരെ അഭിനന്ദിക്കുന്നു. നമ്മുടെ ഈ സംരംഭത്തിൽ രൂപതയിലെ എല്ലാ വൈദീകരെയും പങ്കാളികളാക്കാൻ എല്ലാ കോൺഫ്രൻസ്, എ.സി. പ്രസിഡന്റുമാരും ശ്രമിക്കുമല്ലൊ.

**ഓസാനാംഭവൻ സന്ദർശനം**

ഡിസംബർ 1-മുതൽ 15വരെ മണിമൂളി എ.സി.യിലെ കോൺഫ്രൻ സുകൾ.
ഡിസംബർ 16-മുതൽ 30-വരെ-നിലമ്പൂർ എ.സി.യുടെ കീഴിലെ കോൺഫ്രൻസുകൾ.
2018-ജനുവരി 1-മുതൽ 15-വരെ-കല്ലോടി എ.സി.
ജനുവരി 16-മുതൽ 31-വരെ മാനന്തവാടി എ.സി.

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്,

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**I പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

ബോയ്സ് ടൗണിൽ നടപ്പിലാക്കുന്ന കുരുമുളകു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുന്നു. പാരമ്പര്യ ഇനം കുരുമുളകുകൾ കണ്ടെത്തി നട്ടുവളർത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് സർവ്വേകൾ നടന്നു. പൊട്ടൻതോട്, എടത്തന, ചെന്നിലാല തുടങ്ങിയ സ്ഥലങ്ങളിൽ സർവ്വേകൾ നടത്തി. പറപ്പള്ളി, കരിന്തോളി, കരിക്കോട്ട (ചെറുത്), ചെറുജീരകമുണ്ടി തുടങ്ങിയ ഇനങ്ങൾ കണ്ടെത്തി. ഈ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ശേഖരിക്കുകയും വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

കുരുമുളകു തോട്ടം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള കുളനിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ജാതി, ഗ്രാംമ്പൂ, ഗ്രാഫ്റ്റഡ് കുരുമുളകിനങ്ങൾ തുടങ്ങിയവ കഴിഞ്ഞമാസം തോട്ടത്തിൽ നടുകയും സംരക്ഷിക്കുകയും ചെയ്തു. തോട്ടത്തിൽ ഒരു നടപ്പാത ചെങ്കൽ ഉപയോഗിച്ച് നിർമ്മിച്ചു.

ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുള്ള വൃക്ഷായുർവ്വേദ സെന്ററിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കർഷകർക്കായി ബോയ്സ് ടൗണിൽ ഒരുക്കിയിട്ടുള്ള മണ്ണുപരിശോധനാ കേന്ദ്രത്തിൽ NPK Kit-കൾ ലഭ്യമാക്കുകയും പരിശോധനകൾ നടത്തുവാനും സാധിച്ചു.

പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജർമ്മനിയിൽ നിന്നുമുള്ള സംഘം ഈ മാസം 9, 10 തീയതികളിൽ ബോയ്സ് ടൗൺ സന്ദർശിക്കുകയുണ്ടായി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ജോ. ഡയറക്ടർ ഫാ. ജിനോ എന്നിവർ സംഘത്തിന്റെ സന്ദർശനത്തിന് നേതൃത്വം നൽകി. നിലവിലുള്ള ബൊട്ടാണിക് ഗാർഡന്റെ പ്രവർത്തനം തുടരുന്നു. ഗാർഡനിലേയ്ക്ക് വേണ്ടി ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും നഴ്സറിയിൽ നട്ടുവളർത്തുവാനും ആരംഭിച്ചു. ഇതിനോടകം കുരുമുളകിനങ്ങളുടെ ബുഷ് പൊപ്പർ വികസിപ്പിച്ചെടുക്കുന്നതിനുള്ള നഴ്സറി പ്രവർത്തനങ്ങളും നടത്തി.

**II മോണിറ്ററിംഗ് വിസിറ്റ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ

നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി നബാർഡ് കേരള റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി പി. ഉഷ 2 ദിവസത്തെ സന്ദർശനം നടത്തി. പാലോട്ട്, എടമുണ്ട, കാവിൽപ്പാടം, ധാരോത്ത് തുടങ്ങിയ കോളനികൾ സന്ദർശിച്ച് വിവിധ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുകയും ഗുണഭോക്താക്കളുമായി സംവദിക്കുകയും ചെയ്തു. കൂടാതെ കണക്കുകൾ മറ്റ് നിർവ്വഹണ രേഖകൾ എന്നിവ പരിശോധിക്കുകയും വില്ലേജ് പ്ലാനിംഗ് കമ്മറ്റിയുമായി പദ്ധതിയുടെ ഗുണഫലങ്ങൾ വിലയിരുത്തുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ തീർത്തും മാതൃകാപരമാണെന്ന് നബാർഡ് പ്രതിനിധി അഭിപ്രായപ്പെട്ടു.

### III സൗജന്യ സാങ്കേതിക തൊഴിൽ പരിശീലനം

കേന്ദ്ര ഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശ രാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ ബിപിഓ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. DDU-GKY യിൽ മുൻ വർഷങ്ങളിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് അഡീഷണൽ ആയി 315 പേരെക്കൂടി പഠിപ്പിക്കുവാൻ WSSS ന് അനുവാദം കിട്ടിയിട്ടുണ്ട്. അതിൽ ഫുഡ് പ്രോസസ്സിംഗ് ബാച്ച് 33 പേരോടുകൂടി ആരംഭിച്ചു.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താൽപര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

DDU-GKY/NULM കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു.

**IV എടവക ജലനിധി ഫെഡറേഷൻ പുതിയ നേതൃത്വം**

എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി ഫെഡറേഷൻ 2017-18 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വൈസ്. പ്രസിഡണ്ടായി ശ്രീ. വിനോദ് തോട്ടത്തിൽ, സെക്രട്ടറി ശ്രീ. ജോസ് മോളത്ത്, ജോ. സെക്രട്ടറി ശ്രീ. നാസർ തോപ്പിൽ, ഖജാജി ശ്രീമതി ഗിരിജ കെ.പി. എന്നിവരെയാണ് യോഗം തെരഞ്ഞെടുത്തത്. ഇവരെ കൂടാതെ പി.ഐ.ജോർജ്, മൊയ്തു മൂടമ്പത്ത്, നിഷ കുറുമപ്പാടി, മത്തായി എം.പി, വർഗ്ഗീസ് പൊയ്കയിൽ എന്നിവരെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കും തെരഞ്ഞെടുത്തു. പ്രസിഡണ്ടായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാ വിജയൻ തുടരും.

**V ജനകീയ സംഘാടനം**

**ആശാകിരണം പദ്ധതി**

യൂണിറ്റിൽ വിവിധ സ്ഥലങ്ങളിൽ ക്ലാസ്സുകൾ നടന്നു. പോരൂർ സ്ത്രീകളും വിവിധതരം സംരഭങ്ങളും എന്ന വിഷയത്തിൽ ശ്രീമതി ഗ്രേസി ബെന്നി മംഗലശ്ശേരി ക്ലാസ്സെടുത്തു. കല്ലോടി യൂണിറ്റിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ശ്രീമതി സിസിലി മോനിപ്പള്ളി ക്ലാസ്സെടുത്തു. വിവിധ യൂണിറ്റുകൾ ഗാന്ധിദിനത്തോടനുബന്ധിച്ച് വഴിയോരത്തെ കാട് വെട്ടിവൃത്തിയാക്കി. കണിയാരം, മുതിരേരി, പയ്യമ്പള്ളി, തവിഞ്ഞാൽ യൂണിറ്റിൽ വിവിധ ക്ഷേമനിധികളെ കുറിച്ച് പരിചയപ്പെടുത്തി. അംഗങ്ങളെ ചേർക്കുന്നതിനുള്ള സംവിധാനം ചെയ്തു. ആശാകിരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന വസ്ത്രശേഖരണം ഒരു രൂപയ്ക്ക് ഒരു വസ്ത്രം പദ്ധതി കൃത്യമായി നടന്നുവരുന്നു. എടയൂർക്കുന്നിൽ ക്യാൻസറിനെ കുറിച്ച് സി. ഷാലറ്റ് ക്ലാസ്സെടുത്തു. സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് ശ്രീമതി ആലീസ് ക്ലാസ്സെടുത്തു.

**സോപ്പ് & ഡിറ്റർജന്റ്**

അമ്പലവയൽ, മുള്ളൻകൊല്ലി എന്നീ സ്ഥലങ്ങളിൽ സോപ്പുൽപ്പന്ന നിർമ്മാണ പരിശീലനം നൽകി.

**VI സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. ഇപ്പോൾ 311 കുടുംബങ്ങൾ മാനന്ത

വാടി രൂപതയുടെ കീഴിൽ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

സേവ് എ ഫാമിലി പ്ലാൻ എന്ന പദ്ധതിയിൽ ഭേദഗതികൾ വരുത്തുന്നതിന്റെ ഭാഗമായി നവംബർ 26-ാം തീയതി സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ കാലടി ഐശ്വര്യ ഗ്രാമിൽ നടത്തിയ അവലോകന യോഗത്തിൽ മാനന്തവാടി രൂപതാ സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. പോൾ കൂട്ടാല, WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, സേവ് എ ഫാമിലി പ്ലാൻ കോ-ഓർഡിനേറ്റർ സി. ആനി, ആനിമേറ്റർമാരായ സുജ, ഷൈനി, ഷീന എന്നിവർ പങ്കെടുത്തു.

സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിന്റെ ഭാഗമായി ബാവലി ആദിവാസി കോളനിയിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് സൗജന്യമായി വസ്ത്രങ്ങൾ, അരി തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. മാനന്തവാടി രൂപത സാമൂഹിക പ്രവർത്തനങ്ങളുടെ ഡയറക്ടർ ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. സി. ഷൈബ, ശ്രീമതി ഷീന, ശ്രീ. ഹരി, ശ്രീ. രാഹുൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**VII കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**KLM യൂണിറ്റ് മീറ്റിംഗ്**

തവിഞ്ഞാൽ, മുള്ളൻകൊല്ലി, പുതുശ്ശേരിക്കടവ്, സീതാമൗണ്ട് എന്നീ ഇടവകകളിൽ KLM യൂണിറ്റ് മീറ്റിംഗ് നടന്നു. യൂണിറ്റ് തലത്തിൽ നേതാക്കളെ തെരഞ്ഞെടുത്തു. ക്ഷേമനിധിയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നത്, KLM പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നത് എന്നിവയെക്കുറിച്ച് യൂണിറ്റ് അംഗങ്ങൾ ചർച്ച ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, കോ-ഓർഡിനേറ്റർ മിനി, ഇടവക വികാരി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ബോധവൽക്കരണ ക്ലാസ്സ്**

അരിഞ്ചേർമല സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് എന്നിവിടങ്ങളിൽ കേരള ലേബർ മൂവ്മെന്റിന്റെ ലക്ഷ്യമെന്താണെന്നും വിവിധ തരത്തിലുള്ള ക്ഷേമനിധികളെക്കുറിച്ചും ക്ലാസ്സെടുത്തു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതി സ്വാവലംബനിൽ ചേർന്നവരുടെ പുതുക്കൽ നടപടികൾ ഡിസംബർ 1 ന് ആരംഭിക്കും. ജനുവരി 15 നുള്ളിൽ എല്ലാ ഇടവകകളിലും പുതുക്കൽ പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

**വികാസ് പീഡിയ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റേറ്റ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഓൺലൈൻ വിജ്ഞാന വികസന പോർട്ടലായ വികാസ് പീഡിയ കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇടം നേടി. സർക്കാർ സൈറ്റ് സന്ദർശിക്കുന്നവർക്ക് ഇനി മുതൽ വികാസ് പീഡിയയുടെ ലിങ്കിലൂടെ പോർട്ടലിലേക്ക് പ്രവേശിക്കാം. സംസ്ഥാന വ്യാപകമായി വികാസ് പീഡിയ നടത്തുന്ന ഡിജിറ്റൽ ഇന്റഗ്രേഷന്റെ ഭാഗമായാണ് ഇത്.

വികാസ് പീഡിയയുടെ നേതൃത്വത്തിൽ നടക്കുന്ന ഡിജിറ്റൽ ഇന്റഗ്രേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഉദ്യോഗസ്ഥതല യോഗങ്ങൾ ചേർന്നു. കൽപ്പറ്റയിൽ ജില്ലാ കലക്ടർ എസ്.സുഹാസിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പന്ത്രണ്ട് കേന്ദ്രങ്ങളിൽ ശിൽപശാല നടത്തി. ചുങ്കക്കുന്ന്, മാനന്തവാടി, കൽപ്പറ്റ, ബത്തേരി, പനമരം, പടിഞ്ഞാറത്തറ എന്നിവിടങ്ങളിലായിരുന്നു പരിപാടി.

അക്ഷയ ദിനത്തോടനുബന്ധിച്ച് നടന്ന ഡിജിറ്റൽ റോഡ് ഷോയിലും ഐ.ടി. സെമിനാറിലും വികാസ്പീഡിയ പങ്കാളിയായി. കാർബൺ ന്യൂട്രൽ ശിൽപശാല, ജല സമ്മേളനം, ശുചിത്വകേരള മിഷൻപദ്ധതി, ദുരന്തനിവാരണ പരിശീലന പരിപാടി, ദേശീയ പ്രമേഹദിനാചരണം, ദേശീയ മാധ്യമദിനാചരണം എന്നിവയിൽ സ്റ്റേറ്റ് കോഡിനേറ്റർ സി.വി.ഷിബു പങ്കെടുത്തു. ഹൈദരാബാദിൽ നടന്ന ദേശീയ അവലോകന യോഗത്തിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിനോജ്, കോഡിനേറ്റർ സി.വി.ഷിബു എന്നിവർ പങ്കെടുത്തു.

23 ഭാഷകളിലുള്ള പോർട്ടലിന്റെ വ്യാപന പ്രവർത്തനങ്ങളിലും വിവരദാതാക്കളെ കണ്ടെത്തുന്നതിലും രാജ്യത്ത് തന്നെ മികച്ച പ്രവർത്തനമാണ് കേരളത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നത്. സിക്കിം, ഉത്തർപ്രദേശ് സംസ്ഥാനങ്ങളുടെയും കർണാടകയുടെ ഒരു ഭാഗവും ലക്ഷദ്വീപും ഇനി ഡബ്യ്യൂ.എസ്.എസ്.എസിന്റെ പ്രവർത്തന പരിധിയിൽ വരും.

നെഹ്റു യുവകേന്ദ്ര, കുടുംബശ്രീ, അക്ഷയ, സാക്ഷരതാമിഷൻ, ലീഡ് ബാങ്ക് എന്നിവയുമായി ചേർന്ന് ഉടൻ തന്നെ വിവിധ കേന്ദ്രങ്ങളിൽ ശിൽപശാലകൾ നടക്കും. വികാസ് പീഡിയയിൽ വിവരദാതാക്കളാകാനും മാസ്റ്റർ ട്രെയിനർമാരാകാനും ഇപ്പോൾ അവസരമുണ്ട്. സമൂഹത്തിന്റെ ഏത് മേഖലയിൽ ഉള്ളവർക്കും ഇതിൽ പങ്കാളികളാകാം. ഫോൺ: 9656347995.

**ഫാ. ബിജോ കറുകപ്പള്ളിൽ**
ഡയറക്ടർ, WSSS

മാറ്റൊലി കുടുംബാംഗങ്ങളേ,

ക്രിസ്തുമസ്സ് - സർവ്വജനങ്ങൾക്കുമുള്ള സന്തോഷസന്ദേശം, നമ്മുടെ വിമോചകന്റെ ജനനം. ക്രിസ്തു മരിക്കാനായി ജനിച്ചു. നമ്മിലൂടെ ജനിക്കാനായി മരിച്ചു. ക്രിസ്തുമസ്സ് ക്രിസ്തുവിന്റെ മാസ്സാണ്, ബലിയാണ്-മഹാബലി. സ്നേഹിതർക്കു വേണ്ടി ജീവൻ ബലിയർപ്പിക്കുന്ന ദൈവബലി. 'നമുക്കു പരസ്പരം സുഹൃത്തിന്റെ കണ്ണുകൾ കൊണ്ട് കാണാം 'എന്ന ആർഷഭാരത സ്വപ്നത്തിന്റെ സാക്ഷാത്കാരം! ദരിദ്രർക്ക് സന്തോഷവാർത്ത, ബന്ധിതർക്ക് മോചനം, അന്ധർക്ക് കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം ഇതായിരുന്നു ക്രിസ്തുദൗത്യം ഈ മണ്ണിൽ ഇന്നും, എന്നും, ഈ അതുല്യ ദർശനവും അനന്യജീവിതവുമാണ് മാറ്റൊലി എന്ന സമാന്തര മാധ്യമ മുന്നേറ്റത്തിന്റെ പ്രചോദനം. സന്തോഷത്തിനും, മോചനത്തിനും, കാഴ്ചയ്ക്കും, സ്വതന്ത്ര്യത്തിനും വേണ്ടിയുള്ള ഹൃദയമിടുപ്പുകളുടെ പ്രതിധ്വനിയാണ് സാമൂഹിക റേഡിയോ മാറ്റൊലിയിലൂടെ കഴിഞ്ഞ ഒൻപതു വർഷങ്ങളിലും മുഴങ്ങിയത്. ഈ ദൗത്യത്തിൽ സഹകാരികളായ സർവ്വർക്കും നന്ദി. ഇനിയും കൂടെയുണ്ടാകണമേയെന്ന് വിനയപുരസരം അഭ്യർത്ഥിക്കുന്നു. സന്തോഷത്തിന്റെ സദ്വാർത്തയുടെ സൗഹൃദ ആശംസകൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു. സർവ്വർക്കും ഹാപ്പി ക്രിസ്തുമസ്സ്.

**വിമുക്തി- ലഹരിവിമുക്ത ബോധവത്കരണ പരിപാടി**

ഈ ബോധവത്കരണത്തിലൂടെ ലഹരിവിമുക്ത വയനാട് ലക്ഷ്യമിട്ട് ജില്ലാ എക്സൈസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളോടൊപ്പം റേഡിയോ മാറ്റൊലിയും കൈക്കോർക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലഹരി നിർമ്മാർജ്ജന പരിപാടിയായ വിമുക്തിയോട് പങ്കുചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ദ്വാരക സേക്രട്ട് ഹാർട്ട് സ്കൂളിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജി.മുരളീധരൻ നായർ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മാനേജ്മെന്റ് പ്രതിനിധി റവ.ഫാ. ജിന്റോ എം. O.praem അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്കൂൾ പ്രിൻസിപ്പാൾ ഷൈമാടി ബെന്നി സ്വാഗതം നേർന്നു. ശ്രീ. ജോസഫ് എം.ജെ, ശ്രീ. അജീഷ്, റവ.സി. അസൂന്ത എന്നിവർ നേതൃത്വം നൽകി. വിമുക്തിയുടെ ഭാഗമായി പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കൾക്കെതിരായ ബോധവത്കരണം നടത്തും. ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആഗ്രഹിക്കുന്ന പ്രദേശങ്ങളിലുള്ളവർക്ക് റേഡിയോ മാറ്റൊലിയുമായി ബന്ധപ്പെടാവു

ന്നതാണ്. മലയാളത്തിലും ആദിവാസി ഭാഷയിലും ഫെബ്രുവരി 21 വരെ നീളുന്ന 100 ദിവസത്തെ റേഡിയോ പരിപാടികൾ, വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ, തത്സമയ ഫോണിൻ പരിപാടികൾ എന്നിവയും സംഘടിപ്പിക്കും.

**ആദിവാസി സാക്ഷരതാ പരിപാടി**

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ സാക്ഷരതാമിഷനും സംയുക്തമായി മീനങ്ങാടിയിൽ സംഘടിപ്പിച്ച മലയാള ഭാഷാ വാരാചരണവും ആദിവാസി സാക്ഷരതാ പഠിതാക്കളുടെ സംഗമവും പരിപാടിയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാദർ സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു സംസാരിച്ചു. 300 കുടുംബങ്ങൾക്ക് റേഡിയോ സെറ്റും വിതരണം ചെയ്തു. റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ ആദിവാസി ഭാഷയിൽ മൊഴിമാറ്റം നടത്തിയ സി.ഡിയുടെ പ്രകാശനം നടന്നു. വൈകീട്ട് അഞ്ചു മുതൽ ഏഴു വരെ ആദിവാസി ഭാഷയിൽ മൊഴിമാറ്റം നടത്തിയ ഈ സാക്ഷരതാ ക്ലാസ് സംപ്രേഷണം ചെയ്യും.

**റോഡപകടങ്ങൾക്കിരയാവുന്നവരുടെ ലോകദിനം**

റോഡപകടങ്ങൾക്കിരയാവുന്നവരുടെ ലോകദിനത്തോടനു ബന്ധിച്ച് ജില്ലാ മോട്ടോർ വാഹന വകുപ്പും റേഡിയോ മാറ്റൊലിയും സഹകരിച്ച് ദ്വാരക സെന്റ് അൽഫോൻസാ ഫൊറോന പള്ളിയിൽ വെച്ച് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ജോയിന്റ് ആർ.ടി.ഒ.ബി. സാജു ക്ലാസ് നയിച്ചു. ഫൊറോന വികാരി വെരി.റവ.ഫാ.ജോസ്. തേക്കനാടിയിൽ ദീപം കൊളുത്തി അനുസ്മരണ സന്ദേശം നൽകി. ഇരയായവരുടെ ബന്ധുക്കളുടെ അനുഭവവിവരണം നടത്തി. മോട്ടോർ വാഹന വകുപ്പിനും ഫൊറോന വികാരിയച്ചനും നേതൃത്വം നൽകിയവർക്കും പ്രത്യേകം നന്ദി.

**മാധ്യമ ശിൽപ്പശാല**

**എടക്കര ഗവ. ഹയർസെക്കന്ററി സ്കൂൾ**

സാമൂഹിക റേഡിയോയെ അടുത്തറിയാൻ റേഡിയോ മാറ്റൊലി ഒരുക്കുന്ന ഏകദിന പഠനശിബിരത്തിന്റെ ഭാഗമായി മലപ്പുറം എടക്കര ഗവ.ഹയർസെക്കന്ററി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾ മാറ്റൊലി സന്ദർശിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ, അസോസിയേറ്റ് ഡയറക്ടർമാരായ ഫാ.സന്തോഷ് കാവുങ്കൽ, ഫാ.മനോജ് കാക്കോനാൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ നേതൃത്വം നൽകി.

**കല്പറ്റ വയനാട് പ്രസ്സ് അക്കാദമി**

മാധ്യമ പരിശീലനത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി സ്റ്റേഷൻ സന്ദർശിച്ച കൽപ്പറ്റ വയനാട് പ്രസ്സ് അക്കാദമി വിദ്യാർത്ഥികൾക്കായി ശിൽപ്പശാല നടത്തി. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. സാമൂഹിക റേഡിയോകളുടെ പ്രസക്തി, വാർത്താ ശേഖരണവും പ്രക്ഷേപണവും, റേഡിയോ ഫീച്ചറുകൾ, റേഡിയോ ചിത്രീകരണം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മാത്യു, ജോസഫ് പള്ളത്ത്, നിഖിൽ ഏബ്രഹാം, ലിഷ മേരി ഡിക്രൂസ് തുടങ്ങിയവർ നേതൃത്വം നൽകി.

**സന്ദർശനം**

**അരീക്കോട് ഗവ. ഹയർസെക്കന്ററി സ്കൂൾ**

മലപ്പുറം അരീക്കോട് ഗവ.ഹയർസെക്കന്ററി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾ റേഡിയോ നിലയം സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും പ്രക്ഷേപണ പ്രക്രിയയിൽ പങ്കുചേരുകയും ചെയ്തു.

**വെള്ളമുണ്ട ഗവ. ഹയർസെക്കന്ററി സ്കൂൾ**

വെള്ളമുണ്ട ഗവ.ഹയർസെക്കന്ററി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾ റേഡിയോ നിലയം സന്ദർശിച്ചു.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും ഓയിസ്ക സൗത്ത് ഇൻഡ്യൻ കോഡിനേറ്ററുമായ പ്രൊഫ. തോമസ് തേവര റേഡിയോ മാറ്റൊലി സന്ദർശിച്ചു.

തിരുവനന്തപുരം അതിരൂപതയിലെ മീഡിയ കമ്മീഷൻ അംഗം ഫാ. ദീപക് സാമൂഹിക റേഡിയോയുടെ പ്രവർത്തനത്തെകുറിച്ച് പഠിക്കുന്നതിന് മാറ്റൊലി സന്ദർശിച്ചു.

**ഗ്രാമമാറ്റൊലി**

**പാലിയാണ**

സാമൂഹിക റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ ഗ്രാമമാറ്റൊലി പാലിയാണയിൽ സംഘടിപ്പിച്ചു. പാലിയാണ ഗവ.എൽ.പി.സ്കൂളിൽ നടന്ന പരിപാടി യുവസാഹിത്യകാരൻ സാദിർ തലപ്പുഴ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ പി.കുഞ്ഞിരാമൻ അധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട് മുഖ്യപ്രഭാഷണവും കേന്ദ്ര സമിതി പ്രസിഡന്റ് ഷാജൻ ജോസ് ആമുഖ പ്രഭാഷണവും നിർവഹിച്ചു. എസ്.ടി.വിഭാഗത്തിൽ നിന്ന് ടി.ടി.സി. യോഗ്യത നേടിയ അശ്വതിയെ റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ ഉപഹാരം നൽകി ആദരിച്ചു.

**കൊമ്മയാട്**

സാമൂഹിക റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ ഗ്രാമമാറ്റൊലി കൊമ്മയാട് സംഘടിപ്പിച്ചു. വാർഡ് മെമ്പർ മാർഗരറ്റ് അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. കൊമ്മയാട് മാറ്റൊലിക്കൂട്ടം പ്രസിഡന്റ് വർക്കി മാസ്റ്റർ അധ്യക്ഷത വഹിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യസന്ദേശം നൽകി. വിവിധ പ്രോഗ്രാം പ്രൊഡ്യൂസർമാരുടെ നേതൃത്വത്തിൽ റെക്കോർഡ് ചെയ്ത പരിപാടികൾ റേഡിയോ മാറ്റൊലി വരും ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും.

**ഫൊറോനാ സന്ദർശനങ്ങൾ**

സ്റ്റേഷൻ ഡയറക്ടർ നടവയൽ, കല്ലോടി, പയ്യംമ്പള്ളി എന്നീ ഫൊറോനകളിലെ മാസധ്യാനങ്ങളിൽ സംബന്ധിച്ച് റേഡിയോ മാറ്റൊലിയെകുറിച്ച് സംസാരിച്ചു. ബഹു. ഫൊറോനാ വികാരിമാർക്കും അച്ചൻമാർക്കും നന്ദി.

**ജർമ്മൻ എക്സ്ചേഞ്ച് പദ്ധതി മാവനാട് 2017**

കേരളത്തിന്റെ വിദ്യാഭ്യാസ രീതികളും സാംസ്കാരിക തനിമയും

മനസിലാക്കുന്നതിനും അടുത്തറിയുന്നതിനുമായി ജില്ലയിലെത്തിയ ജർമ്മനിയിൽ നിന്നുള്ള വിദ്യാർത്ഥിസംഘം റേഡിയോ മാറ്റൊലി സന്ദർശിച്ചു. അനുഭവങ്ങൾ പങ്കുവെക്കുകയും ജർമ്മൻ ഗാനങ്ങൾ റെക്കോർഡു ചെയ്യുകയും ചെയ്തു. ജർമ്മനിയിലെ ഔസ്ബുർഗ് മരിയ വാർഡ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളാണ് എത്തിയത്.

**പങ്കാളിത്തം**

ദ്വാരക ഗുരുകുലം കോളേജിന്റെ 23-ാം വാർഷികാഘോഷത്തിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ ക്ലാസ്സ് മാഗസിനുകളുടെ പ്രകാശനം നിർവ്വഹിച്ചു.

**യുവരക്ഷ**

ജില്ലാ ലീഗൽസർവ്വീസസ് അതോറിറ്റി വയനാട്ടിലെ യുവജനങ്ങൾക്കുവേണ്ടി നടത്തുന്ന യുവരക്ഷയുടെ ഉദ്ഘാടനം മുട്ടിൽ ഡബ്ല്യു. എം.ഒ. കോളേജിൽ സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ബോധവത്കരണ പരിപാടിയിൽ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്ത് ആശംസകളർപ്പിച്ച് സംസാരിക്കുകയും മാധ്യമ സഹകാരികളുടെ പിന്തുണ ഉറപ്പുനല്കുകയും ചെയ്തു.

**ശാസ്ത്ര സാങ്കേതിക കൗൺസിൽ - കുന്നമംഗലം**

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ കുന്നമംഗലത്ത് സംഘടിപ്പിച്ച ശാസ്ത്രപ്രചരണ ശില്പശാലയിൽ റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ പങ്കെടുത്തു. റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത 'പുത്തൻ പടവുകൾ' എന്ന പരിപാടിയെക്കുറിച്ചുള്ള വിജയഗാഥകൾ പരിപാടിയിൽ അവതരിപ്പിച്ചു.

**മാറ്റൊലിക്കൂട്ടം**

ഇടിയംവയൽ തരിയോട് മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റായി എം.കെ. രാധാകൃഷ്ണനേയും സെക്രട്ടറിയായി അബ്ദുറഹിമാനേയും തെരഞ്ഞെടുത്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയഫോൺ ഇൻ:** മാനന്തവാടി ഡി.വൈ.എസ്.പി.കെ.എം. ദേവസ്യയുമായുള്ള തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. പൊതുയിടങ്ങളിലുള്ള മദ്യപാനവും സാമൂഹ്യവിരുദ്ധ പ്രവർത്തന ങ്ങളും സംബന്ധിച്ച പരാതികളാണ് കൂടുതൽ ശ്രോതാക്കളും ഡി.വൈ.എസ്.പി. യുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജി.മുരളീധരൻ നായർ പങ്കെടുത്ത തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. വിമുക്തി-ലഹരിവിമുക്ത ബോധവത്കരണ പരിപാടിയുടെ ഭാഗമായാണ് പരിപാടി പ്രക്ഷേപണം ചെയ്തത്.

**നിയമവും ജനങ്ങളും:** ദത്തെടുക്കൽ നിയമത്തിലെ വിവിധ വശങ്ങളാണ് അഡ്വ.എ.ജെ.ആന്റണി നിയമവും ജനങ്ങളും പരിപാടിയിലൂടെ പങ്കുവെച്ചത്. പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജോസഫ് സക്കറിയ

പോക്സോ നിയമത്തെകുറിച്ചും അഡ്വ.കെ.എൻ. മോഹനൻ ഉപഭോക്തൃ സംരക്ഷണ നിയമത്തെകുറിച്ചും വിശദീകരിച്ചു.

**പാനൽചർച്ച:** സിവിൽ സർവീസ് മേഖലയിലെ സാധ്യതകളും അവസരങ്ങളും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ജില്ലാ കളക്ടർ എസ്.സുഹാസ്, തിരുവനന്തപുരം ജില്ലാ സബ്കളക്ടർ ദിവ്യ എസ്. അയ്യർ എന്നിവർ ടെലിഫോണിലൂടെ ചർച്ചയുടെ ഭാഗമായി. ഡയറ്റ് മുൻ പ്രിൻസിപ്പലും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ.പി.ലക്ഷ്മണൻ, ICS സിവിൽ സർവ്വീസ് അക്കാദമി ഡയറക്ടർ ബിജു തങ്കപ്പൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. വികാസ്പീഡിയ സ്റ്റേറ്റ് കോർഡിനേറ്ററും മാധ്യമപ്രവർത്തകനുമായ സി.വി.ഷിബു മോഡറേറ്ററായിരുന്നു.

**ഹോമിയോകെയർ:** ഹോമിയോപ്പതി വിഭാഗം നടപ്പാക്കുന്ന സദ്ഗമയപദ്ധതിയെകുറിച്ച് ഡോ.ജെറാൾഡും ആയുഷ്മാൻ ഭവന പദ്ധതിയെകുറിച്ച് പ്രോജക്ട് ഓഫീസർ ഡോ.പ്രേമചന്ദ്രനും വിശദമാക്കി.

**സർവോദയസദസ്സ്:** കോട്ടത്തറ, തരിയോട്, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തുകളുടെ വികസന സ്വപ്നങ്ങളും ജനപ്രതിനിധികളുടെ കാഴ്ചപ്പാടുകളും പൊതുജനങ്ങളുടെ പ്രതികരണങ്ങളും ഉൾപ്പെടുത്തി സർവോദയ സദസ്സ് പ്രക്ഷേപണം ചെയ്തു.

**നേരും പൊരുളും:** ഇന്ത്യൻ സമ്പദ്വ്യവസ്ഥ എങ്ങോട്ട്, ക്യാമ്പസുകളിലെ വിദ്യാർത്ഥി രാഷ്ട്രീയം, വയനാട്ടിൽ പിടിമുറുക്കുന്ന ലഹരിമാഫിയ, ഐ.ടി. നിയമഭേദഗതി, ഐക്യരാഷ്ട്രസഭയെകുറിച്ച് അറിയേണ്ട വിവരങ്ങൾ, പരിഷ്കൃത സമൂഹത്തിൽ വധശിക്ഷ അനിവാര്യമോ, മാധ്യമസ്വാതന്ത്ര്യം, വിനോദയാത്രകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ജലപാതകൾ കേരളത്തിന് ഗുണകരമോ, കൂടെ നിർത്തണം -ഭിന്നശേഷിയുള്ളവരേയും, പോലീസ് വിഭാഗം നേരിടുന്ന മാനസിക സമ്മർദ്ദങ്ങൾ, വൈദ്യുത കാറുകളുമായി ബന്ധപ്പെട്ടുള്ള കേന്ദ്രനയം, കുട്ടികളിലെ മാനസികവളർച്ച, ഉയരുന്ന ഗ്യാസ്വിലയും ബദൽ ചിന്തകളും, ഇന്ത്യയിലെ നദികൾ, കുട്ടികളിലെ ഇ-ഭ്രമം, നോട്ട് നിരോധനം ഒരു വർഷം പിന്നിടുമ്പോൾ, സ്ത്രീ സുരക്ഷയിൽ കേരളം രണ്ടാമത്-സത്യവും മിഥ്യയും, അക്ഷയ നൽകുന്ന സേവനങ്ങൾ, ആന്റിബയോട്ടിക്സ് ഉപകാരികളോ തുടങ്ങിയ വിഷയങ്ങളാണ് നേരും പൊരുളും ചർച്ചയ്ക്കെടുത്തത്.

**മനസൗഖ്യ:** ജില്ലയുടെ സമഗ്ര മാനസിക പോഷണം ലക്ഷ്യമിടുന്ന മനസൗഖ്യ പരിപാടിയിൽ സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ മന:ശാസ്ത്രരംഗത്ത് നിലനിൽക്കുന്ന മിഥ്യാധാരണകളെകുറിച്ച് പങ്കുവെച്ചു. തൊഴിലിടങ്ങളിലെ മാനസികാരോഗ്യം എന്നതായിരുന്നു ഈ വർഷത്തെ ലോക മാനസികാരോഗ്യദിന സന്ദേശം. ഈ വിഷയത്തിന്റെ പ്രാധാന്യമാണ് ചെന്ദലോട് മാനസികാരോഗ്യ കേന്ദ്രത്തിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ.ചന്ദ്രൻ ശ്രോതാക്കൾക്കളോട് പങ്കുവെച്ചത്. 'വ്യക്തിത്വം-മന:ശാസ്ത്ര വീക്ഷണത്തിൽ 'എന്ന വിഷയത്തെ അധികരിച്ചുള്ള സ്റ്റേഷൻ ഡയറട്കർ ഡോ.ഫാ. സെബാസ്റ്റ്യൻ പുത്തേന്റെ പ്രഭാഷണം പ്രക്ഷേപണം ചെയ്തു.

**ഈഗാനം പ്രിയഗാനം:** എസ്.എം.എസിലൂടെയും വാട്സ് ആപ്പിലൂടേയും അറിയിക്കുന്ന ഗാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടി ആരംഭിച്ചു. എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചയ്ക്ക് 2 മുതൽ നാല് വരെയാണ് പ്രക്ഷേപണ സമയം.

**അരങ്ങ്:** നിയ ജോസ് ആലപിച്ച ചലച്ചിത്രഗാനങ്ങളും പ്രേമരാജൻ ചീക്കല്ലൂർ തയ്യാറാക്കിയ കവിതകളും ചിന്തകളുമാണ് അരങ്ങിൽ ഉൾപ്പെടുത്തിയിരുന്നത്.

**ധന്യമീ ജീവിതം:** വള്ളിയൂർക്കാവ് സ്വദേശി ദേവൂ, പാലിയാണ സ്വദേശി കൃഷ്ണൻ ഗുരുക്കൾ, കക്കടവ് സ്വദേശിയായ മീനാക്ഷിയമ്മ എന്നിവരുടെ അനുഭവങ്ങൾ ധന്യമീ ജീവിതത്തിലൂടെ പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ:** ഭിന്നശേഷി വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സുമനസ്സുകളുടെ പ്രതികരണങ്ങൾ ഉൾപ്പെടുത്തിയ പരിപാടി, ജന്തുജന്യരോഗങ്ങളും വയനാടും എന്ന സെമിനാറിന്റെ പ്രസക്തഭാഗങ്ങൾ, ദേശീയ ആയുർവേദ ദിനത്തോട് അനുബന്ധിച്ച് ദ്വാരക ഗവ.ആയുർവേദ ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. നജ്മയുമായി ലിതിൻ മാത്യു നടത്തിയ ഇന്റർവ്യൂ, ഒക്ടോബർ 24 ഐക്യരാഷ്ട്രസഭാ ദിനമായി ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിലുള്ള പ്രത്യേക പരിപാടി, പായോട് സ്ഥിതി ചെയ്യുന്ന ജനസൗഖ്യയിൽ ആരംഭിച്ചിരിക്കുന്ന ഒലീവ് സൈകോതെറാപ്പി ചികിത്സാരീതിയെകുറിച്ചുള്ള പ്രത്യേക പരിപാടി എന്നിവ പ്രക്ഷേപണം ചെയ്തു.

**കുടുംബവേദി:** കുടുംബ ജീവിതത്തിൽ സമയക്രമം പാലിക്കേണ്ട തിനെകുറിച്ചാണ് കുടുംബവേദിയിൽ ചർച്ചചെയ്തത്.

**ജീവിത വളയം:** കാട്ടിക്കുളം സ്വദേശി സുമേഷ്, തിരുനെല്ലി സ്വദേശി നാഗേഷ്, കൽപ്പറ്റയിലെ ഓട്ടോ ഡ്രൈവറായ സുരേന്ദ്രൻ പി.കെ, കൽപ്പറ്റ സ്വദേശി ഹംസ എന്നിവരാണ് ജീവിതവളയത്തിൽ അതിഥികളായെത്തിയത്.

**ഓവർഡ്രൈവ്:** ഹ്യുണ്ടായ് മോട്ടോർ ലിമിറ്റഡ് മുന്നിലാണെന്ന ജെ.ഡി.പവർ സർവ്വേ റിപ്പോർട്ടാണ് ഓവർ ഡ്രൈവിൽ പ്രധാനമായും ഇടംപിടിച്ചത്.

**പൊൻപുലരി:** തരിശുരഹിത വയനാട് എന്ന ലക്ഷ്യം നേടാനായി കുടുംബശ്രീ ജില്ലാ മിഷൻ നടപ്പാക്കുന്ന സീഡ് ബാങ്ക് പദ്ധതി, കുടുംബശ്രീ മിഷൻ ആരംഭിച്ചിരിക്കുന്ന 'കുടുംബശ്രീ സ്കൂൾ' കാമ്പയിൻ, മുട്ടക്കോഴി വളർത്തലിലൂടെ മികച്ച ആദായം കണ്ടെത്തുന്ന പങ്കജവല്ലിയുടെ കൃഷിരീതികൾ എന്നിവയാണ് പൊൻപുലരി പരിചയപ്പെടുത്തിയത്.

**ടെക്നോ മാറ്റൊലി:** എ-73 ഒപ്പോ, ലെനോവോ കെ 8 പ്ലസ്, ഹോണർ ഹോളി 3 എന്നീ സ്മാർട്ട് ഫോണുകളെയാണ് പരിപാടി പരിചയപ്പെടുത്തിയത് .

**പ്രതിഭയും അതിഥിയും:** ജാലകവിദ്യയിലൂടെ വയനാടിന്റെ സ്വന്തമായി മാറിയ ജയൻ ബത്തേരി, നൂറ് മീറ്റർ ഓട്ടത്തിൽ തുടർച്ചയായ നാലാം തവണയും വിജയിയായ പി.ജെ.ജോസ് എന്നിവരെയാണ് പ്രതിഭയും അതിഥിയും പരിപാടി പരിചയപ്പെടുത്തിയത്.

**ഘടികാരം:** വേണ്ടത്ര വികസനം ഇനിയും കടന്നു ചെല്ലാത്ത പാലിയാണ-കക്കടവ് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകളും ജില്ലയിലെ

റോഡുകളുടെ ശോച്യാവസ്ഥയും പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ട് കഴിയേണ്ടി വരുന്ന തരിയോട് നിവാസികളുടെ ദുരിതവും ആണ് ഘടികാരം പരിപാടി പങ്കുവെച്ചത്.

**ജാലകം:** ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ സാക്ഷരതാ മിഷനും സംയുക്തമായി സംഘടിപ്പിച്ച മലയാള ഭാഷാവാരാച രണവും ആദിവാസി സാക്ഷരതാ പഠിതാക്കളുടെ സംഗമവും ജാലകത്തിൽ പ്രക്ഷേപണം ചെയ്തു.

**ക്ഷീരവാണി:** സംസ്ഥാന സർക്കാരിന്റെ പ്രജനനനയത്തെ കുറിച്ച് ഡോ.ബിന്റ ലിസ് ഏബ്രഹാം നൽകിയ അറിവുകളാണ് ക്ഷീരവാണി പ്രക്ഷേ പണം ചെയ്തത്.

**വയൽനാട്:** മത്സ്യകർഷകനായ അരുൺ പങ്കെടുത്ത സെമിനാ റിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളും പാലിയാണ സ്വദേശികളായ സുരേന്ദ്രന്റെയും കുരുമുളക് കർഷകനായ സെബാസ്റ്റ്യന്റെയും വിജയ കഥകളാണ് വയൽനാട് പരിപാടിയിലൂടെ പങ്കുവെച്ചത്.

**ക്ലബ്ബ് ടൈം:** മക്കിയാട് ഹോളി ഫെയ്സ് ഇംഗ്ലീഷ് സ്കൂളിൽ നടന്ന ജില്ലാ സി.ബി.എസ്.സി. കലോത്സവത്തിന്റെ വിശേഷങ്ങളും കലോത്സവത്തിലെ വിവിധ പരിപാടികളും കല്ലോടി സ്കൂളിൽ നടന്ന ഉപജില്ലാ സ്കൂൾ കലോത്സവ വിശേഷങ്ങളും ക്ലബ്ബ് ടൈമിൽ ഉൾപ്പെടുത്തി. കൂടാതെ കോട്ടത്തറ ഹൈസ്ക്കൂൾ, ആറാട്ടുത്തറ യു.പി. സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കലാവിശേഷങ്ങളും പ്രക്ഷേപണം ചെയ്തു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** ആറാട്ടുത്തറ ഹയർസെക്കന്ററി സ്കൂളിന്റെ വികസന സ്വപ്നങ്ങളും, റവന്യൂ സംബന്ധമായ ജനങ്ങളുടെ പരാതികളും, മാനന്തവാടി ചങ്ങാടക്കടവ് പാലത്തിന്റെ ശോചനീയാ വസ്ഥയും ഞങ്ങൾക്കുമുണ്ട് പറയാൻ എന്ന പരിപാടി ശ്രോതാക്കളിലേക്ക് എത്തിച്ചു.

**വായനാലോകം:** രഘുനാഥ് പാലേരിയുടെ ആ മനുഷ്യൻ ഇപ്പോൾവരും എന്ന ചെറുകഥയാണ് വായനാലോകത്തിൽ പങ്കുവെച്ചത്.

**സ്മരണാഞ്ജലി:** നരേന്ദ്രപ്രസാദ്, വള്ളത്തോൾ, ശ്രീവിദ്യ, വയലാർ രാമവർമ്മ, ഐ.വി.ശശി, പുനത്തിൽ കുഞ്ഞബ്ദുള്ള എന്നിവരുടെ ഓർമ്മകൾ സ്മരണാഞ്ജലിയിൽ പങ്കുവെച്ചു.

**ആരോഗ്യവേദി:** ദ്വാരക ഗവ.ആയുർവേദ ആശുപത്രിയിലെ ഡോക്ടറായ ഡോ.ശ്രുതി ഇ.ജെ. സ്ത്രീ സംബന്ധമായ രോഗങ്ങളെ കുറിച്ചും ഡോ. ബ്ലെസിറ്റ് ഏബ്രഹാം ദന്തസംരക്ഷണ മാർഗ്ഗങ്ങളെ കുറിച്ചും ആരോഗ്യവേദിയിൽ പങ്കുവെച്ചു.

**മാറ്റൊലിക്കൂട്ടം:** വെള്ളമുണ്ട പഞ്ചായത്തിലെ മംഗലശ്ശേരിമല, പഴേരി എന്നിവിടങ്ങളിലെ മാറ്റൊലിക്കൂട്ടത്തിന്റെ വിശേഷങ്ങളാണ് പ്രക്ഷേപണം ചെയ്തത്.

**കിലുക്കാംപെട്ടി:** പാലിയാണ സ്വദേശികളായ അർത്ഥന, സരയൂ, ബ്രഹ്മകൃഷ്ണ എന്നിവരുടെ വിശേഷങ്ങളാണ് കിലുക്കാം പെട്ടിയിലൂടെ ശ്രോതാക്കൾ ആസ്വദിച്ചത്.

**ഫാ. മനോജ് കാക്കോനാൽ** - അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി റീജിയണിൽ മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ കാര്യക്ഷമമമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാടിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ആരംഭിച്ചിരിക്കുന്ന നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ (NDS) പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നേറുന്നു. ഗൂഡല്ലൂർ കേന്ദ്രമായി ഓഫീസ് സംവിധാനം സജ്ജമായികൊണ്ടിരിക്കുന്നു. ഇതിനകം 9 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

**ധർമ്മഗിരി യൂണിറ്റ്**

കഴിഞ്ഞ നാല് വർഷങ്ങളായി ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധർമ്മഗിരി യൂണിറ്റിൽ നൂറോളം കർഷകർ ജൈവകൃഷിരീതിയിലേക്ക് കടന്നുവന്നിരിക്കുന്നു. സ്വാശ്രയസംഘങ്ങളുടെ വികസനത്തിനായുള്ള കേന്ദ്രഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളുടെ പ്രാരംഭനടപടികൾ തുടങ്ങിക്കഴിഞ്ഞു. ഗൂഡല്ലൂർ SBI മാനേജർ മുരളീധരൻ ഈ വിഷയത്തിൽ ക്ലാസുകൾ നൽകുകയും പ്രധാനമന്ത്രി മുദ്രായോജനയുടെ (PMMY) ഭാഗമായി മൈക്രോ യൂണിറ്റ് ഡെവലപ്മെന്റ് പരിപാടികൾക്കുവേണ്ടി ധർമ്മഗിരി യൂണിറ്റിലെ 14 SHG (Self Help Group) കളെ തെരഞ്ഞെടുത്തു. ബഹു. ചിറ്റൂരച്ചന്റേയും ടീമിന്റേയും നേതൃത്വത്തിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസ് നടത്തി, ജൈവപച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ഫാ. ബിനോയി കാശാംകുറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**വിമലഗിരി യൂണിറ്റ്**

NDS ന്റെ ആരംഭംമുതൽ ശക്തമായി പ്രവർത്തിക്കുന്ന യൂണിറ്റാണ് വിമലഗിരി. ബഹു. ജോസഫ് ചിറ്റൂരച്ചന്റെ നേതൃത്വത്തിൽ ക്യാൻസർ ബോധവത്ക്കരണ സെമിനാർ നടത്തി. ബഹു. ജോണി ഇലവുങ്കൽ അച്ചൻ അധ്യക്ഷത വഹിച്ചു. ക്രെഡിറ്റ് യൂണിയൻ ശക്തമായ നിലയിൽ പ്രവർത്തിക്കുന്നു.

**അരുൾനിലയം യൂണിറ്റ്**

അരുൾനിലയം യൂണിറ്റിന്റെ പ്രവർത്തന പദ്ധതികൾ NDS ഡയറക്ടർ ബിനോയി അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് തെങ്ങടയിൽ CMI പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. PMMY യുടെ ഭാഗമായി 6 ഗ്രൂപ്പുകൾ അപേക്ഷകൾ നൽകി.

**മണ്ണുവയൽ യൂണിറ്റ്**

മണ്ണുവയൽ യൂണിറ്റിന് നേതൃത്വം നൽകികൊണ്ടിരിക്കുന്ന ബഹു. സെബാസ്റ്റ്യൻ കീഴേത്തച്ചന്റെ നേതൃത്വത്തിൽ ജൈവകൃഷിവ്യാപന ക്ലാസുകൾ നടന്നു. ബയോവിൻ കോ ഓഡിനേറ്റർ സുജേഷ് ക്ലാസുകൾ നയിച്ചു.

**ബെക്കി - കുന്നലാടി യൂണിറ്റുകൾ**

കുന്നലാടി ബെക്കി യൂണിറ്റുകളുടെ സംയുക്ത സംഗമം ബഹു. ബാബു മാപ്ലശേരി അച്ചന്റെ അധ്യക്ഷതയിൽ കുന്നലാടിയിൽ ചേർന്നു. NDS ഡയറക്ടർ ബിനോയി കാശാംകുറ്റി അച്ചൻ ഉത്ഘാടനം ചെയ്തു. വിവിധ ഗവൺമെന്റ് പദ്ധതികൾ, ജൈവകൃഷി വ്യാപം, തുടങ്ങിയവയെകുറിച്ച് ക്ലാസുകൾ നടന്നു. ബയോവിൻ കോഡിനേറ്റർ സുജേഷ് ഓർഗാനിക് കൃഷിരീതികൾ, മാർക്കറ്റിംഗ് എന്നിവയെക്കുറിച്ച് വിശദീകരിച്ചു. യൂണിറ്റ് പ്രസിഡണ്ട് സണ്ണി തൊട്ടിയിൽ സ്വാഗതവും സെക്രട്ടറി തങ്കച്ചൻ കഴിക്കച്ചാലിൽ നന്ദിയും പറഞ്ഞു. ബെക്കി - കുന്നലാടി യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു.

**ബോസ്പാറ യൂണിറ്റ്**

ബഹു. തോമസ് പ്ലാശനാൽ അച്ചന്റെ നേതൃത്വത്തിൽ പുത്തൻ ഉണർവ്വോടെ ബോസ്പാറ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 26-10-2017 ന് ജൈവകൃഷി വ്യാപനവും വിതരണവും എന്ന വിഷയത്തിൽ ബയോവിൻ കോ ഓഡിനേറ്റേഴ്സ് സുജേഷ്, ലിജി എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു. 'സ്വാശ്രയ സംഘങ്ങളുടെ ലോൺ സാധ്യതകൾ' എന്ന വിഷയത്തിൽ ഫാ. ബിനോയി കാശാംകുറ്റിയിൽ ക്ലാസെടുത്തു. ജൈവകൃഷിരീതിയിലേക്ക് ധാരാളം കർഷകർ താൽപ്പര്യപൂർവ്വം കടന്നുവരുന്നു.

ഗൂഡല്ലൂർ റീജിയണിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും, ജൈവകൃഷിവ്യാപന പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും, നിർദ്ദേശവും നൽകുന്ന ഫാ. പോൾ കൂട്ടാല, ഫാ. ജോൺ ചൂരപ്പുഴ, ഫാ. ബിജോ കറുകപ്പള്ളി, റീജണൽ ഡയറക്ടർ ഫാ. തോമസ് മണക്കുന്നേൽ എന്നിവർക്കും എല്ലാവിധ സഹകരണങ്ങളും നൽകുന്ന ഈ റീജണിലെ എല്ലാ വൈദീകർക്കും നന്ദി അറിയിക്കുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS ഗൂഡല്ലൂർ

## MARY MATHA ARTS & SCIENCE COLLEGE

**October - November 2017**

The District administration and the Fire & Rescue Force organized a training programme with a mock drill for the NCC cadets of the college in connection with the Word Disaster Management Day. Mr V R Praveej, the Municipal Chairperson, inaugurated the programme in which the Chief Fire Force Officer, Mr M K Kurian, led the classes and demonstration. The Principal, NCC Officer, Tahasildar and a few Municipal Councillors participated in it. The KSEB conducted the Power Quiz 2017 in which two students got selected to the District level competition. Fourteen students of ours got qualified for the district level competitions of Speak for India- Kerala Edition 2017, a debate competition for college students of Kerala jointly organized by Mathrubhoomi and Federal Bank. A Cancer Awareness Programme was organized at the college in which Dr Santhosh, Deputy DMO, conducted a class for the NSS volunteers and NCC cadets. A group of NCC cadets participated in the training programme in Disaster Management at WSS Mananthavady on 15 November 2017. The IQAC conducted a workshop for teachers on the newly implemented criteria for NAAC Assessment & Accreditation. The end-semester university examinations have begun and are going on.

**Dr. Savio James V**
Principal

**അഭിനന്ദനങ്ങളും നന്ദിയും**

**റാങ്ക് ലിസ്റ്റ്-ഒന്നും രണ്ടും ഘട്ടങ്ങൾ:-** മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ പൂൾ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ രണ്ടാംഘട്ടമായ ഒത്തുചേരൽ നവംമ്പർ 18 നും, മൂന്നാംഘട്ടമായ എഴുത്ത് പരീക്ഷ നവംമ്പർ 25 നും ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഇതിനായി സഹായസഹകരണങ്ങൾ ചെയ്തുതന്ന ദ്വാരക എ.യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷാജി വർഗീസ് സാറിനും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**ഉപജില്ലാ, ജില്ലാ മേളകൾ:-** സംസ്ഥാനത്തും ജില്ലയിലും വച്ച് നടത്തപ്പെട്ട കലാ-കായിക, ശാസ്ത്ര, സാഹിത്യ പ്രവർത്തി പരിചയമേളകളിൽ പങ്കെടുക്കുകയും ഉന്നത നേട്ടം കരസ്ഥമാക്കുകയും ചെയ്ത എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരെയും, അധ്യാപകരെയും അനധ്യാപകരെയും, വിദ്യാർത്ഥികളെയും സഹായസഹകരണങ്ങൾ നൽകിയ രക്ഷിതാക്കളെയും പി. ടി. എ, മദർ പി.ടി.എ. തുടങ്ങിയ സമിതികളെയും CEADOM-ന്റെ അനുമോദനങ്ങളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**സ്ക്കൂൾ വെഞ്ചിരിപ്പും ഉദ്ഘാടനവും**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പഴൂർ സെന്റ് ആന്റണീസ് യു.പി സ്കൂൾ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മവും ഉദ്ഘാടനവും 2017 നവംമ്പർ 20-ാം തീയതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. പുതുതായി നിർമ്മിച്ച കംപ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം നെന്മേനി ഗ്രാമപഞ്ചാത്ത് വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സൺ

ശ്രീ.കെ.രാജഗോപാലൻ നിർവ്വഹിച്ചു. തുടർന്ന് രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ.ബിജു പൊൻപാറയ്ക്കലിന്റെ അധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ സ്കൂൾ മാനേജർ ഫാ.ജോൺ പുതുക്കുളത്തിൽ സ്വാഗതം ആശംസിച്ചു. സു.ബത്തേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. സെയ്തലവി ഇ, സു.ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. റ്റി.വി.ബേബി, വാർഡ്മെമ്പർ ശ്രീമതി. ലളിത കുഞ്ഞൻ, പി.റ്റി.എ. പ്രസിഡണ്ട്, മദർ പി.റ്റി.എ. പ്രസിഡന്റ്, തുടങ്ങിയ വിശിഷ്ടാതിഥികൾ ആശംസകളർപ്പിച്ചു. പ്രധാനാധ്യാപകൻ ശ്രീ.ബിജുമോൻ എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇത്ര സുഗമമാക്കാൻ അത്യധ്വാനം ചെയ്ത സ്കൂൾ മാനേജർ ഫാ. ജോൺ പുതുക്കുള ത്തിനും, പ്രധാനാദ്ധ്യാപകനും, എല്ലാ അദ്ധ്യാപക-അനദ്ധ്യാപകർക്കും, പി.റ്റി.എ - മദർ പി.റ്റി.എ. ക്കും, പഴൂരിലെ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദിയും ആശംസകളും അർപ്പിക്കുന്നു. ഇനിയും അനേകായിരങ്ങൾ അക്ഷര വെളിച്ചത്തിന്റെ പൊൻപ്രഭയിൽ ഉയരങ്ങൾ താണ്ടുവാൻ ഈ സ്കൂൾ അനുഗ്രഹദായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**HM പ്രമോഷൻ: അപേക്ഷകൾ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷ പദവി ലഭിച്ച വിദ്യാലയങ്ങളിലെ 2018-2019 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക തസ്തിക യിലേക്ക് അപേക്ഷിക്കാനാഗ്രഹിക്കുന്നവർ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2017 ഡിസംബർ 15-ാം തീയതി മുതൽ ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറു ടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2018 ജനുവരി 30 നു മുൻപ് ദ്വാരകയിലുള്ള കോർപ്പ റേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിയുടെ ഓഫീസിൽ എത്തിക്കു കയും, CEADoM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണി ക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ട്രാൻസ്ഫർ, അപേക്ഷകൾ**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അധ്യാപകർക്കും, അനധ്യാപകർക്കും, 2018-2019 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷാ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2017 ഡിസംബർ 15-ാം തീയതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജറുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി 2018 ജനുവരി 30 നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

**മലബാർ മേഖല പ്രതിനിധിയോഗം-** കോഴിക്കോട് വച്ച് നടന്ന മലബാർ മേഖല പ്രതിനിധിയോഗത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് സജി ജോൺ പങ്കെടുത്തു.

**സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്-** ഒക്ടോബർ 21, 22 തീയതികളിലായി ആലപ്പുഴയിൽ വച്ച് നടന്ന ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് സജി ജോൺ, ജിഷിൻ എം.ജെ എന്നിവർ പങ്കെടുത്തു.

**മാനന്തവാടി രൂപതാ പ്രതിനിധി സമ്മേളനം -** നവംമ്പർ 4 ന് മാനന്തവാടി സെന്റ് ജോസഫ് ടി.ടി.ഐ യിൽ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് മാനന്തവാടി രൂപത പ്രതിനിധി സമ്മേളനം രൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജോൺ പി. ജോർജ് ഉദ്ഘാടനം ചെയ്തു. ടി.ടി. സണ്ണി, സജി ജോൺ, അലക്സ് മാത്യു എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് - മാനന്തവാടി രൂപത പ്രതിനിധി സമ്മേളനത്തിൽ വച്ച് അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ തെരെഞ്ഞെടുത്തു. പ്രസിഡന്റ് - സജി ജോൺ, വൈസ് പ്രസിഡണ്ട്-മോളി ജോസഫ്, ജനറൽ സെക്രട്ടറി - ടി.ടി. സണ്ണി, സെക്രട്ടറിമാർ-ഷാജി സി.സി, ഷാജൻ സെബാസ്റ്റ്യൻ, ട്രഷറർ-അലക്സ് മാത്യു, എക്സിക്യൂട്ടീവ് അംഗങ്ങളായി സജിൻ ജോസ്,

മാത്യു എം.എ, മനോജ് വി.ജെ, റിജോയി എം.എ, ജെന്റി പോൾ, ഫിലിപ്പ്, സുനിൽ അഗസ്റ്റ്യൻ, ജാൻസി എ.വി, അൽഫോസ വി.എം, ജോത്സന ജോൺ എന്നിവരെയും തെരെഞ്ഞെടുത്തു.

**ദേശജ്യോതി 2017**

മുൻവർഷത്തേതുപോലെ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ദേശജ്യോതി 2017 എന്ന പേരിൽ മെഗാക്വിസ് മത്സരം നടത്തുന്നു. ക്ലാസ്തലം, സ്കൂൾതലം, സോണൽതലം, രൂപതാതലം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലായി നടത്തപ്പെടുന്ന മത്സരത്തിലെ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, ക്യാഷ് അവാർഡും എന്നിവയും നൽകുന്നു. ക്ലാസ് സ്കൂൾതലം നവംമ്പർ 14 നും, സോണൽതലം ഡിസംബർ 7 നും, മെഗാഫൈനൽ 2018 ജനുവരി 27 നും നടത്തപ്പെടുന്നതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

മുള്ളൻകൊല്ലി സെന്റ് തോമസ് എ. യു. പി സ്ക്കൂൾ – ബത്തേരി ഉപജില്ല ശാസ്ത്രോത്സവത്തിൽ എൽ.പി, യു.പി വിഭാഗങ്ങളിലും പ്രവർത്തിപരിചയ മേളയിൽ ഓവറോൾ കിരീടം കരസ്ഥമാക്കി. ഗണിതോത്സവത്തിൽ യു.പി വിഭാഗം ഓവറോളും, എൽ.പി വിഭാഗം, ഐ.റ്റി വിഭാഗം എന്നിവയിൽ റണ്ണേഴ് അപ്പും നേടി.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

### ഡി.എഫ്.സി. വനിത സംഗമം

തരിയോട് സെന്റ് മേരീസ് ഫൊറോനയിൽ 12-11-2017 ന് വനിതാ സംഗമം നടത്തി. പ്രസ്തുത സംഗമത്തിൽ വച്ച് ഡി.എഫ്.സി. വനിതാ നേതൃത്വ സമിതിക്ക് രൂപം നൽകി. സംഗമം ഫൊറോന വികാരി റവ.ഫാ. ജയിംസ് കുന്നത്തേട്ട് ഉദ്ഘാടനം ചെയ്തു. മാതൃവേദി ഫൊറോന ഡയറക്ടർ റവ. ഫാ. സജി കൊച്ചുപാറയ്ക്കൽ അധ്യക്ഷത വഹിച്ചു. ഫൊറോന അസി. വികാരി ഫാ. അനൂപ് കൊല്ലംകുന്നേൽ, സി. ആനി ജോസ് എന്നിവർ പ്രസംഗിച്ചു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ റവ. ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെടുത്തു. ഭാരവാഹികളായി അന്നമ്മ കാവാലം (പ്രസിഡണ്ട്), മേഴ്സി കൈപ്പെട്ടിയിൽ (വൈ.പ്രസിഡണ്ട്), മേരി മൂന്നുതൊട്ടിയിൽ (സെക്രട്ടറി), ലിസി ചെറുകാട്ട് (ജോ. സെക്രട്ടറി), റോസമ്മ പടിഞ്ഞാറേകടുപ്പിൽ (ട്രഷറർ), മേരി പുതുക്കാട്ടിൽ, ജാൻസി പഴയംകോട്ടിൽ (എക്സി. കമ്മറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

### കൽപ്പറ്റ ഫൊറോന നേതൃത്വ സംഗമം

2017 നവംബർ 11-ാം തീതതി ശനിയാഴ്ച കൽപ്പറ്റ ഡി പോൾ സ്കൂൾ ഹാളിൽ ചേർന്ന ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കൽപ്പറ്റ ഫൊറോന നേതൃത്വ സംഗമം ഫൊറോന വികാരി റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. കൊളവയൽ സെന്റ് ജോർജ് ഇടവക വികാരി ഫാ. തോമസ് ജോസഫ് തേരകം, ഡി പോൾ ഫൊറോന അസി. വികാരി ഫാ. നിധിൻ പാലക്കാട്ട് എന്നിവർ ആശംസകളർപ്പിച്ചു. ദീപിക റസിഡന്റ് മാനേജർ റവ. ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെടുത്തു. ഡി.എഫ്.സി. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ സ്വാഗതവും ഫൊറോന സെക്രട്ടറി ഷാജി അഴകനാൽ നന്ദിയും പറഞ്ഞു. ഭാരവാഹികളായി മത്തായി നെല്ലിക്കുന്നേൽ (പ്രസിഡണ്ട്), മനോജ് കളപ്പുരയ്ക്കൽ (വൈ.പ്രസിഡണ്ട്), ഷാജി അഴകനാൽ (സെക്രട്ടറി), ജോബി തടത്തിൽ

(ജോ.സെക്രട്ടറി), റോയി മഠംപറമ്പിൽ (ട്രഷറർ), ജോർജ് വാക്കേട ത്തിൽ, മനോജ് കാവുങ്കൽ, ബേബി താഴുങ്കൽ, ടെസി മാത്യു പുളിയം മാക്കൽ (റിസോഴ്സ് ടീം അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

**കല്ലോടി ഫൊറോന നേതൃത്വ സംഗമം**

2017 നവംബർ 12-ാം തീതതി ഞായറാഴ്ച മൂന്നു മണിക്ക് കല്ലോടി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ ഹാളിൽ വെച്ച് ഡി.എഫ്.സി. കല്ലോടി ഫൊറോന നേതൃത്വ സംഗമം നടന്നു. ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുരയ്ക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. ദീപിക റസിഡന്റ് മാനേജർ റവ. ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെ ടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യപ്ര ഭാഷണം നടത്തി. ഫൊറോന പ്രസിഡണ്ട് വിൻസെന്റ് മോളത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ സ്വാഗതവും ഫൊറോന സെക്രട്ടറി ഷാബു ചക്കാല ക്കുടിയിൽ നന്ദിയും പറഞ്ഞു. ഡി.എഫ്.സി. പ്രവർത്തകർക്ക് ദീപിക കലണ്ടർ വിതരണം ചെയ്തു. ഭാരവാഹികളായി വിൻസെന്റ് മോളത്ത് (പ്രസിഡണ്ട്), ജോസ് കൊച്ചുകുഴിയിൽ (വൈ.പ്രസിഡണ്ട്), ഷാബു ചക്കാലക്കുടിയിൽ (സെക്രട്ടറി), സിബി കാരിക്കുന്നേൽ (ജോ. സെക്രട്ടറി), ഡെന്നീസ് പുത്തൻപുരയിൽ (ട്രഷറർ), ജോസ് പാലക്കാട്ട്, എബ്രഹാം തേറുകുന്നേൽ, ബേബി മുണ്ടക്കാമറ്റം, സജി അറയ്ക്കൽ, റോയി കാക്കരക്കുന്നേൽ (റിസോഴ്സ് ടിം അംഗങ്ങൾ) എന്നിവരെ തെര ഞ്ഞെടുത്തു.

**ദീപിക ദിനാചരണം**

കുറുമ്പാല സെന്റ് ജോസഫ്സ് പള്ളിയിൽ ദീപിക ദിനാചരണം നടത്തി. ഇടവക വികാരി ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ ദിനാച രണം ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി ഇടവക ഭാരവാഹികളായ ജോസ് കുറ്റിയാനിക്കൽ, രാജു വള്ളിയറയിൽ, അന്നമ്മ കാരപ്പാലം, ലീലാമ്മ വരിക്കൽ എന്നിവരും ഡി.എഫ്.സി ഫൊറോന ഭാരവാഹി കളും നേതൃത്വം നൽകി. ദീപിക കോഴിക്കോട് റസിഡന്റ് മാനേജർ റവ. ഫാ. സായി പാറൻകുളങ്ങര ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വികാരിയച്ചനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി. രൂപതാ സെക്രട്ടറി

**കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളാകണം**

ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന സീറോമലബാർ സഭയുടെ മുഴുവൻ അത്മായരെയും പ്രതിനിധീകരിക്കുന്ന പ്രസ്ഥാനമാണ് കത്തോലിക്കാ കോൺഗ്രസ്സ്. കോൺഗ്രസ്സ് എന്ന വാക്കിന് കൂട്ടായ്മ എന്നു മാത്രമേ ഇവിടെ അർത്ഥമുള്ളു. കത്തോലിക്കാ കോൺഗ്രസ്സിന് സാമൂഹിക രാഷ്ട്രീയ മേഖലകളെക്കുറിച്ച് വ്യക്തമായ ദർശനവും സ്വന്തം പ്രവർത്തികളിലൂടെ ആർജ്ജിച്ചെടുത്ത ചരിത്രവും ആനുകാലിക രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും പ്രവർത്തന മേഖലകളെക്കുറിച്ച് ദിശാബോധമുണ്ട്. ഈ മേഖലകളെ നിരന്തരം ചർച്ചയിലൂടെ പുതുക്കേണ്ടതുമുണ്ട്. കത്തോലിക്ക സഭ ആഗോളതലത്തിൽ വളർത്തിയിട്ടുള്ള സാമൂഹിക രാഷ്ട്രീയ ചിന്തകളുടെ പശ്ചാത്തലത്തിലാണ് ഈ പ്രസ്ഥാനം മുന്നോട്ടു പോകുന്നത്.

ഇന്നത്തെ നമ്മുടെ സാമൂഹിക രാഷ്ട്രീയ ദർശനം തീർത്തും പരിതാപകരമാണ്. മനുഷ്യജീവിയുടെ സാമൂഹിക ഭാവത്തെ തള്ളിക്കളഞ്ഞുകൊണ്ട് വ്യക്തിമാത്രാവാദത്തിന്റെ അടിമകളായി സ്വന്തം കാര്യം മാത്രം ചിന്തിക്കുന്ന സ്വദേഹസ്നേഹികളായി (Narcissm) മനുഷ്യൻ ചുരുങ്ങിയിരിക്കുന്നു. (സ്നേഹത്തിന്റെ സന്തോഷം നമ്പർ 30) അതുകൊണ്ട് ആത്മീയതയിൽ അടിയുറച്ചവരും, സ്വഭാവശുദ്ധിയുള്ളവരും സാമൂഹിക രാഷ്ട്രീയ മേഖലകളിൽ നിന്ന് പിൻമാറുന്നുവെന്നതാണ് ലോകം അനുഭവിക്കുന്ന സാമൂഹിക ദുരന്തം. ക്രൈസ്തവന്റെ വിളിയെന്നത് വ്യക്തിമാത്രാവാദത്തിന്റെ ചുരുങ്ങലിന്റെ തോട് പൊട്ടിച്ചെറിഞ്ഞ് സാമൂഹിക സാംസ്കാരിക രാഷ്ട്രീയമേഖലകളിൽ പ്രവർത്തിക്കുകയെന്നതാണ്. ഇത്തരത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സമുദായ സ്നേഹികളെ വളർത്തിയെടുക്കുക എന്നതാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തോടെ നമ്മുടെ രൂപതയിലും ഇടവകകളിലും സമുദായ സ്നേഹമുള്ള - രാഷ്ട്രീയബോധമുള്ള-പൊതുനന്മയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്ന തലമുറ ഉണ്ടാവണം; വളർന്നുവരണം. അതിനായി നാം പരിശ്രമിക്കണം. നമ്മുടെ പൂർവ്വികരുടെ പരിശ്രമഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. നമുക്കും നമ്മുടെ മക്കൾക്കും വേണ്ടി കരുതലും നിലപാടുകളും ഉണ്ടാവണം. ഉറക്കവും മയക്കവും വെടിഞ്ഞ് സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ക്രൈസ്തവന്റെ ശബ്ദം ഉയരണം.

രാജ്യത്ത് വർദ്ധിച്ചുവരുന്ന വർഗ്ഗീയതകൾക്കിടയിൽപ്പെട്ട് നമ്മുടെ സമുദായ ചിന്തയും ഐക്യവും സ്നേഹവും തളരാതെ തകരാതെ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കോരോരുത്തർക്കും ഉണ്ടെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. പൊതു സമൂഹത്തിൽ എല്ലാ മതങ്ങളോടും സംസ്കാരങ്ങളോടും ഇഴുകിചേർന്ന് മാനസികതയുടെ മൂല്യങ്ങൾ മുറുകെപിടിച്ച് മുന്നേറാൻ നമുക്ക് കഴിയണം. ഇതുപോലുള്ള നിരവധിയായ ചിന്തകൾ നമ്മുടെ മനസുകളിലൂടെ കടന്നുപോകുന്നുണ്ട്. അതിനൊക്കെയുള്ള പ്രശ്നപരിഹാരമാർഗ്ഗങ്ങൾ പിൻതലമുറക്കാർക്ക് കൊടുക്കണം. കത്തോലി

ക്കാസഭയിൽ ഒരു കാഴ്ചപ്പാടു വ്യത്യാസം വന്നിരിക്കുന്നുവെന്ന് സഭയും ലോകവും വിലയിരുത്തുന്നു. ഫ്രാൻസീസ് മാർപാപ്പയാണ് ഇതിനു പ്രചോദകൻ. ദാർശിനികതയുടെ പുതിയ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത് ലോകം മുഴുവൻ ക്രൈസ്തവകൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനാണ്. സീറോ മലബാർ സഭയിലും ക്രിസ്തീയ ദാർശനികതയിൽ ഊന്നിയ ക്രൈസ്തവ കൂട്ടായ്മകൾ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവിന്റെ താല്പര്യവും പ്രചോദനവും എഴുത്തുകൾ വഴിയും മാനന്തവാടി രൂപതാ സംഗമത്തിൽ പങ്കുചേർന്നപ്പോൾ വാക്കുകളിലൂടെയും നമുക്കറിയാവുന്നതാണല്ലോ. കത്തോലിക്കാ കോൺഗ്രസിനെ ഒരു ഗ്ലോബൽ പ്രസ്ഥാനമാക്കി മാറ്റിയതിലുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ താല്പര്യവും നമുക്ക് പ്രകടമാണ്. നമ്മുടെ രൂപതയിലും സമുദായ ചിന്തയുടെയും കൂട്ടായ്മയുടെയും പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും അഭിവന്ദ്യ ജോസ് പിതാവും പല സന്ദർഭങ്ങളിലും നമ്മെ ഓർമ്മിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ പ്രചോദന ശക്തികളുടെ കീഴിൽ നിന്നുകൊണ്ട് നമ്മുടെ സാമുദായിക കൂട്ടായ്മ വളർത്തുന്നതിനും തളരാതെ തകരാതെ കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും 18 വയസിനു മുകളിലുള്ള മുഴുവൻ ക്രൈസ്തവരെയും കത്തോലിക്കാ കോൺഗ്രസിൽ അംഗങ്ങളാക്കിക്കൊണ്ട്, സഭയുടെ - രൂപതയുടെ - ഇടവകയുടെ കൂട്ടായ്മയിൽ അണിചേരാം.

ഈ വർഷത്തെ നമ്മുടെ പ്രവർത്തന ലക്ഷ്യം എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ സജ്ജമാക്കുകയുമാണ്. അതിനായി ബഹു. വികാരിയച്ചന്മാരും, സന്യസ്തരും മതാധ്യാപകരും കൈക്കാരന്മാർ കമ്മറ്റിയംഗങ്ങൾ തുടങ്ങി എല്ലാവരും നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. യൂണിറ്റ് രൂപീകരണത്തിൽ സഹായിക്കാൻ രൂപതാസമിതി എപ്പോഴും തയ്യാറാണ്.

ബന്ധപ്പെടേണ്ട നമ്പറുകൾ: ഡയറക്ടർ: 9447633836
പ്രസിഡന്റ്: 9447149115, ജനറൽ സെക്രട്ടറി : 9446891525

**ഫാ. ആന്റോ മമ്പള്ളിൽ –** രൂപതാ ഡയറക്ടർ

**രൂപതാ പ്രവർത്തക സമിതി യോഗം**

കത്തോലിക്കാ കോൺഗ്രസ്സ് രൂപതാ പ്രവർത്തക സമിതി യോഗം നവംബർ 5-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. ദാർശനികതയിൽ അടിയുറച്ചവരും സ്വഭാവശുദ്ധിയുള്ളവും സാമൂഹിക രാഷ്ട്രീയ മേഖലകളിൽ നിന്നു പിൻമാറുന്നുവെന്നതാണ് ലോകം നേരിടുന്ന സാമൂഹിക ദുരന്തമെന്നും സഭയും സമുദായവും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണെന്നും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കാൻ സമുദായ സ്നേഹികളെ വളർത്തിയെടുക്കേണ്ടത് അനിവാര്യമാണെന്നും അതിന് കത്തോലിക്കാ കോൺഗ്രസ്സിന് സാധിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. ഡോ. കെ.വി. സാജു അധ്യക്ഷത വഹിച്ചു. ഫാ. ആന്റോ മമ്പള്ളിൽ ആമുഖപ്രഭാഷണം നടത്തി. വർക്കി നിരപ്പേൽ വിഷയാവതരണം നടത്തി. ജോസ് എലഞ്ഞിമറ്റം നന്ദി അറിയിച്ചു.

30 അംഗങ്ങളുള്ള പ്രവർത്തക സമിതിയോഗത്തിൽ 28 അംഗങ്ങളും പങ്കെടുത്തു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ഫൊറോന പ്രതിനിധികളും അടങ്ങുന്നതാണ് പ്രവർത്തകസമിതി. ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും യൂണിറ്റ് രൂപീകരണ പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കാനും തീരുമാനിച്ചു.

**പുതിയ യൂണിറ്റുകളും ഭാരവാഹികളും**

**ചുള്ളിയാന**

ഗുഡ്ഷെപ്പേർഡ് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റ് രൂപീകരണത്തിന്റെ ഭാഗമായി സെമിനാർ സംഘടിപ്പിച്ചു. വർക്കി നിരപ്പേൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 'സമുദായ ചിന്തയും ഐക്യവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ചർച്ച നടന്നു. തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡണ്ട്: അഡ്വ. ഷാജി തോപ്പിൽ, വൈസ് പ്രസിഡണ്ടുമാർ: ടോമി പിണക്കാട്ടുപറമ്പിൽ, ദേവസ്യ തെക്കേൽ, സെക്രട്ടറി: ജോസ് തോപ്പിൽ, ജോ.സെക്രട്ടറി: മാത്യു മാതേയ്ക്കൽ, ട്രഷറർ: ഉലഹന്നാൻ പേര്യക്കോട്ടിൽ, 10 പേരടങ്ങുന്ന കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു.

യൂണിറ്റ് രൂപീകരണത്തിന് സഹായിച്ച ബഹു. സന്തോഷ് കാവുങ്കലച്ചന് രൂപതാ സമിതിയുടെ നന്ദി.

**മംഗലശ്ശേരി**

ബഹു. ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച നടത്തുകയും തുടർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

പ്രസിഡണ്ട്: പി.റ്റി. മത്തായി പുല്ലംകണ്ണപ്പള്ളി, വൈസ് പ്രസിഡണ്ട്: പീറ്റർ മംഗലത്ത്, സെക്രട്ടറി: ബെന്നി പുല്ലംകണ്ണപ്പള്ളി, ജോ.സെക്രട്ടറി: മജോഷി മയിലംവേലി, ട്രഷറർ: അപ്പച്ചൻ കപ്ലിക്കുന്നേൽ.

യൂണിറ്റ് രൂപീകരണത്തിന് സഹായിച്ച ബഹു. ബാബു മൂത്തേടത്തച്ചന് രൂപതാ സമിതിയുടെ നന്ദി.

**വെള്ളമുണ്ട (ഒഴുക്കൻമൂല)**

യൂണിറ്റ് പ്രവർത്തനത്തിന്റെ ഭാഗമായി ചേർന്ന യോഗത്തിന് രൂപതാ പ്രവർത്തക സമിതി അംഗം റെജിമോൻ പുന്നോലിൽ സ്വാഗതം ആശംസിക്കുകയും 'കത്തോലിക്കാ കോൺഗ്രസ്സ് കാലഘട്ടത്തിന്റെ ആവശ്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വർക്കി നിരപ്പേൽ ക്ലാസ്സ് നയിച്ചു. സമുദായ ചിന്തയും കൂട്ടായ്മയും അനിവാര്യമാണെന്ന് വിശുദ്ധ ഗ്രന്ഥടിസ്ഥാനത്തിൽ ബഹു. വിൻസെന്റ് താമരശ്ശേരിയച്ചൻ വ്യക്തമാക്കി. തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡണ്ട്: ആന്റണി തൊണ്ടിപ്പറമ്പിൽ, വൈസ് പ്രസിഡണ്ട്: ഫിലിപ്പ് കിളിയമ്പ്രായിൽ, സെക്രട്ടറി: പി.ടി ചെറിയാൻ പുതുപ്പള്ളി, ജോ. സെക്രട്ടറി: സെബാസ്റ്റ്യൻ മാക്കിയിൽ, ട്രഷറർ: സാജു മഠത്തിപ്പറമ്പിൽ, കമ്മിറ്റി അംഗങ്ങൾ: ജോർജ്ജ് മാടപ്പള്ളിക്കുന്നേൽ, ആന്റണി മഠത്തിൽ, ജോൺ കുന്നുമ്മൽ, ഫിലിപ്പ് കട്ടക്കയം, ജോസ് ചിരിയംകണ്ടത്തിൽ

യൂണിറ്റ് രൂപീകരണത്തിന് സഹായിച്ച ബഹു. വിൻസെന്റ് താമരശ്ശേരിയച്ചന് രൂപതാ സമിതിയുടെ നന്ദി.

**വർക്കി നിരപ്പേൽ** - രൂപതാ ജനറൽ സെക്രട്ടറി

**സംസ്ഥാന മദ്യവിമോചന യാത്ര**

മനുഷ്യകുലത്തെ ഇല്ലായ്മ ചെയ്യുന്ന മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായ ബോധവത്ക്കരണവും പ്രതിഷേധവും സമന്വയിപ്പിച്ചുകൊണ്ട് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നവംബർ 15 മുതൽ ഡിസംബർ 2 വരെ മദ്യവിമോചന യാത്ര നടത്തും. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയാണ് യാത്ര. കമ്മീഷൻ ചെയർമാൻ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ജാഥ നയിക്കും. ബോധവത്ക്കരണത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചാണ് ജാഥ നടത്തുന്നത്.

യാത്രയ്ക്കായി 29 അടി നീളവും 12 അടി ഉയരവും 8 അടി വീതിയുമുള്ള ഹെലികോപ്റ്ററിന്റെ മാതൃക യാത്രയോടൊപ്പം സഞ്ചരിക്കും.

15 ന് തിരുവനന്തപുരത്ത് സെന്റ് ജോസഫ് ഹയർസെക്കണ്ടറി സ്കൂളിൽ ആർച്ച് ബിഷപ്പ് സൂസപാക്യം ഉദ്ഘാടനം ചെയ്തു.

നവംബർ 30-ന് വയനാട് ജില്ലയിൽ ബത്തേരി, മാനന്തവാടി, കോഴിക്കോട് രൂപതകളുടെ നേതൃത്വത്തിൽ പര്യടനം നടത്തും. രാവിലെ 9 മണിക്ക് ലക്കിടിയിൽ സ്വീകരണം നൽകും. തുടർന്ന് ബത്തേരി, നടവയൽ, ദ്വാരക എന്നിവിടങ്ങൾ സന്ദർശിക്കും. വൈകുന്നേരം 5 മണിക്ക് മാനന്തവാടി ഗാന്ധിപാർക്കിൽ പൊതുസമ്മേളനം നടത്തും.

**സെമിനാർ:** രൂപതാ പോസ്റ്റുലൻസ് സന്യാസിനീ അർത്ഥികൾക്ക് വേണ്ടി ലഹരിവിരുദ്ധ പ്രവർത്തനത്തിൽ സന്യാസിനികളുടെ പങ്ക് എന്ന വിഷയത്തിൽ സെമിനാർ നടത്തി. ഒക്ടോബർ 24 ന് നടന്ന സെമിനാറിൽ ഫാ. സണ്ണി മഠത്തിൽ നേതൃത്വം നൽകി.

**ചെന്നലോട്:** ചെന്നലോട് ഇടവകയിൽ എല്ലാ ഞായറാഴ്ചയും എ.എ. കൂട്ടായ്മ പ്രവർത്തിച്ചുവരുന്നു.

**വഞ്ഞോട്:** വഞ്ഞോട് പള്ളിയിൽ നവംബർ 5-ന് എ.എ. കൂട്ടായ്മ ആരംഭിച്ചു. ബഹു.മാണി ഇളയിടം അച്ചൻ നേതൃത്വം നൽകുന്നു.

**കബനിഗിരി നിർമ്മല എച്ച്.എസ്:** മുക്തി, സതീർത്ഥ്യൻ എന്നീ ടെലിഫിലിമുകൾ പ്രദർശിപ്പിച്ചു. മരക്കടവ് കോളനികളിൽ ബോധവത്ക്കരണ സെമിനാർ നടത്തി. പാടിച്ചിറയിലേക്ക് സൈക്കിൾറാലി നടത്തി. നവംബർ 13 ന് വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തി. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

**ബത്തേരി അസംപ്ഷൻ:** ലഹരിവിരുദ്ധ ക്ലബിന്റെ നേതൃത്വത്തിൽ സതീർത്ഥ്യൻ എന്ന ടെലിഫിലിം പ്രദർശിപ്പിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ –** രൂപതാ പ്രസിഡണ്ട്

## *Prison Ministry (Jesus Fraternity)*

"ഞാൻ കാരാഗൃഹത്തിലായിരുന്നു. നിങ്ങൾ എന്റെയടുത്തു വന്നു" (മത്താ. 25:36) എന്ന ദൈവവചനം ജീവിതത്തിൽ അന്വർത്ഥ മാക്കി ജയിൽ സന്ദർശനത്തിലൂടെ അനുഗ്രഹീതരാകാൻ നമുക്കും അവസരം. വയനാടു ജില്ലയിൽ രണ്ടു ജയിലുകളാണ് ഉള്ളത്. മാനന്ത വാടിയിലും, വൈത്തിരിയിലും. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെയാണ് ജയിൽ സന്ദർശിച്ച് അവർക്ക് Moral Class കൊടുക്കാനും, കലാപരി പാടിയിലൂടെ സന്ദേശം കൊടുക്കാനും, ആനന്ദിപ്പിക്കാനും അനുവദിച്ചി ട്ടുള്ള സമയം.

ഇതോടൊപ്പം ജയിലിൽ കഴിയുന്നവർക്ക് കൗൺസിലിംഗ് കൊടു ക്കാൻ ജയിൽ അധികൃതർ ആവശ്യപ്പെടുന്നുമുണ്ട്. അതുകൊണ്ട് ജയി ലിൽ കൗൺസിലിംഗ് കൊടുക്കാൻ താത്പര്യമുള്ളവരുടെ സേവനം ആവശ്യമുണ്ട്. ജയിൽ സന്ദർശിക്കാൻ താത്പര്യമുള്ളവരും, കൗൺസി ലിംഗ് കൊടുക്കാൻ പറ്റുന്നവരും ബന്ധപ്പെടുമല്ലോ. മൊബൈൽ: 9442088417

**ഫാ. ജോണി കല്ലുപുര**
രൂപതാ ഡയറക്ടർ, Prison Ministry

# അറിയിപ്പുകൾ



## അൾത്താരബാലന്മാരുടെ ക്യാമ്പ്

ഈ വർഷം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേക്ക് കടന്നുവരാൻ താല്പര്യമുള്ള അൾത്താരസംഘത്തിൽ അംഗങ്ങളായ ആൺകുട്ടികൾക്കുവേണ്ടി ഒരു ക്യാമ്പ് നമ്മുടെ രൂപതയുടെ വൊക്കേഷൻ ബ്യൂറോ സംഘടിപ്പിക്കുന്നു. വൈദികജീവിതത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2017 ഡിസംബർ 28 വ്യാഴം രാവിലെ 10 മണിക്ക് ആരംഭിച്ച് 29 വെള്ളി രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും. നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും കുട്ടികളെ പറഞ്ഞുവിടുമല്ലോ.

വൊക്കേഷൻ പ്രമോട്ടർ,

**ഫാ.സിബി മാടപ്പള്ളിക്കുന്നേൽ**
ഫോൺ:9496911745

**ഫാ.സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, ഫോൺ: 9447882293

**NB:**

1. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയായിരിക്കും.
2. കുർബാന പുസ്തകം, പേന, നോട്ടുബുക്ക്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പിന് വരുന്ന കുട്ടികളുടെ വിവരം മുകളിൽ തന്നിരിക്കുന്ന നമ്പറുകളിലേക്ക് വിളിച്ചറിയിക്കുമല്ലോ.

# Pastoral Centre Programme




**December 2017**

| | |
|---|---|
| 1-2 | Department of Youth Ministry |
| 2 | Zion |
| 3 | Marriage Preparation Course |
| 8-9 | Department of Youth Ministry |
| 8 | KCYM |
| 9 | KCYM / Roopatha Election |
| 9 | Catechism HM PP |
| 15-16 | Department of Youth Ministry |
| 16 | SMMA Varshikam |
| 17 | +2 Sangamam Dwaraka Forane |
| 18 | Marian Singles |
| 17-21 | Zion Retreat |
| 23 | Pioneers re-union |
| 24-26 | Christmas Holidays |
| 27-30 | Marriage Preparation Course |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***December 2017***

| | | | |
|---|---|---|---|
| *1* | *Fri* | .................... | *Out of station* |
| *2* | *Sat* | .................... | *Calicut: Zonal Pastoral Council Meeting* |
| *3* | *Sun* | .................... | *Kottagiri Latin Parish: Jubilee Celebration* |
| *4* | *Mon 8 Fri* | .......... | *KCBC* |
| *9* | *Sat 11 Mon* | ........ | *Delhi: CBCI Labour Commission Meetting* |
| *12* | *Tue* | .................... | *S.Bathery: Monthly Recollection of Priests* |
| | *Evening* | .......... | *De Paul School Anniversary* |
| *13* | *Wed* | ................. | *Visitors' Day* |
| *15* | *Fri* | .................... | *Out of Station* |
| *16* | *Sat* | .................. | *Engaged* |
| *17* | *Sun* | .................. | *Pastoral Visit: Kaniyambetta* |
| *18* | *Mon* | ................. | *Visitors' Day* |
| *19* | *Tue 20 Wed* | ....... | *Engaged* |
| *21* | *Thu* | .................. | *Visitors' Day* |
| *22* | *Fri* | .................... | *Visitors' Day* |
| *23* | *Sat* | .................... | *Visitors' Day* |
| *24* | *Sun* | .................. | *Cathedral: Christmas* |
| *25* | *Mon* | .............. | *Christmas* |
| *26* | *Tue* | .................. | *Deepthigiri: Priestly Ordination: Dn. Geofry Kalarickal* |
| *27* | *Wed* | .................... | *Amarakuni: Priestly Ordination: Dn. Tibin Chakkulathil* |

| | | |
|---|---|---|
| *28* | *Thu* .................... | *Nadavayal: Priestly Ordination:* |
| | | *Dn. Rajeesh Karuthedath and* |
| | | *Dn. Jobins Veluthedathuparambil M.S* |
| | *Afternoon* ....... | *Payyampally: Priestly Ordination:* |
| | | *Dn. Vipin Kuzhikandathil VC* |
| *29* | *Fri* .................... | *Out of Station* |
| *30* | *Sat* .................... | *Chennalode: Priestly Ordination:* |
| | | *Dn. Manu Arackaparambil* |
| *31* | *Sun* .................. | *Out of Station* |

### *January 2018*

| | | |
|---|---|---|
| *1* | *Mon* .................. | *Puthiyidomkunnu: Priestly Ordination:* |
| | | *Dn. George Impalil MCBS* |
| *2* | *Tue* .................. | *Narivalamunda: Priestly Ordination:* |
| | | *Dn. Tony Elamkunnel* |
| | *Afternoon* ....... | *Pathirippadam: Priestly Ordination:* |
| | | *Dn. Santhosh Oravaranthara* |
| *4* | *Thu* .................. | *Kayyunni: School Anniversary* |
| *6* | *Sat* .................... | *Kammana: Church Blessing* |
| *7* | *Sun* .................. | *Shamshabad: Inaguration of the* |
| | | *new Diocese* |
| *8* | *Mon 13 Sat* ........ | *Kakkanad: Synod* |
| *14* | *Sun* .................. | *Engaged* |
| *15* | *Mon* ................. | *Chugakkunnu: Priestly Ordination:* |
| | | *Dn.Sharon Jose Kochupurackal OSFS* |
| *16* | *Tue* .................. | *Out of Station* |
| *17* | *Wed 18 Thu* ....... | *Tellicherry* |
| *19* | *Fri* .................... | *Out of Station* |
| *20* | *Sat* .................... | *Deepthi Bhavan: Jubilee Celebration* |
| *22* | *Mon* ................. | *New Priests Day* |
| *23* | *Tue* .................. | *Nelliodi: Blessing of the Presbytery* |
| *24* | *Wed* .................. | *Pastoral Centre: Priest Conference* |
| *27* | *Sat* .................... | *Kurumbalakkotta: Church Blessing* |
| *28* | *Sun* .................. | *Kurumani: Concluding Ceremony* |
| | | *of the Jubilee* |
| *30* | *Tue* ................. | *Kottiyoor: Priestly Ordination:* |
| | | *Dn. Noel Mathew Chakkalayil TOR* |
| *31* | *Wed* .................. | *Engaged* |